# 1st Global Knanaya Catholic Reform Conference 2019

## " Be a Christian first "

Cardinal Leardano Sandri
Prefect of Congregation of Oriental Churches



KANA

KCNS

KRM

KANA KCNS KRM

# LEADERS: 1ST GLOBAL KNANAYA CATHOLIC REFORM CONFERENCE 2019



**BIJU UTHUP** (CHAIRMAN, GKCRC - 2019)

Engineering from IIT, Kharagpur in 1981. He obtained his graduate degree from IISc Bangalore in 1983, and joined Aeronautical Development Agency, Bangalore. He joined as a Project Manager in the CFD Group of ADA in 1987. He spent a year as a visiting scientist at Engineering Research Center at Mississippi State University, USA in 2001. He returned to ADA in 2002 and led the Computational Aerodynamic team at ADA. He is also the Chairman for the Trust for Advancement of Aerodynamics in India responsible for organizing major Aerodynamic conferences & workshops in India. Currently he is an outstanding scientist and Project Director to develop critical Advanced Technologies and design activities for an Aircraft Program. He received the best Scientist Award in India from the Society of Aero Engineers in 2018. He is also an adjunct Professor of the Department of Aerospace Engineering, IIT Kanpur.

Based on a Civil court case filed against his family and Bishop Mar Kuriakose Kunnassery, in 1988 after getting engaged to his fiancée from Kottayam Diocese. Case was filed stating that I had to be expelled from Kottayam diocese as my grandmother was not from Kottayam Diocese.

He is diligently working on eradicating Knanaya Racism from Kottayam diocese and to stop the practice of expulsion from the diocese for not marrying a spouse from Kottayam diocese. To ensure that Kottayam diocese also follows the code of Canon Law of the congregation of Oriental Churches in totality without any special privileges.



**റ്റി.ഒ. ജോസഫ്** (PRESIDENT, KCNS)

ഗവ: സ്കൂൾ അദ്ധ്യാപകനായിരുന്നു. 1998ൽ റിട്ടയർ ചെയ്തു. 1992 ൽ KCNSന്റെ സ്ഥാപകനും പ്രമോട്ടിംഗ് കമ്മിറ്റി പ്രസിഡന്റുമായിരുന്ന ഒ.എം. ഉതുപ്പ് സാറിന്റെ പത്രപരസ്യത്തിൽകൂടി വിളിച്ചു ചേർത്ത ഒരു പൊതുയോഗത്തിൽ വെച്ച് KCNS ന്റെ അംഗമായി. ബിജു ഉതുപ്പ് കേസിന്റെ കോട്ടയം മുൻസിഫ് കോടതിയിലെ വിധിയാണ് കോട്ടയം രൂപതയിൽ നിലനിൽക്കുന്ന ക്രൂരവും പൈശാചികവുമായ അയിത്താചാരങ്ങൾ അവസാനിക്കും വരെ KCNS ൽ പ്രവർത്തിക്കണമെന്ന് പ്രേരിപ്പിച്ചത്. വിവാഹിതനായി 15 വർഷക്കാലത്തോളം അനുഭവിച്ച മാനസികവ്യഥയും അപമാനബോധവും വിവരണാതീതമാണ്. അതിനുശേഷമാണ് ഞാൻ എന്റെ പുതിയ ഇടവകയിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങിയത്. ഒരു ഉറച്ച തീരുമാനം എടുക്കുന്നതുവരെ മറ്റേതെങ്കിലും മതത്തിൽ ചേർന്നാലോ എന്നുവരെ ചിന്തിച്ചിട്ടുണ്ട്. കോട്ടയം രൂപതയിൽ നിന്നും വിവാഹം മൂലം പുറത്താക്കപ്പെട്ട ഓരോ ക്നാനായക്കാരന്റേയും അനുഭവവും ഇതുതന്നെതാണ്. ബിജു ഉതുപ്പ് കേസ് വിധിയിലൂടെ കോട്ടയം രൂപതയുടെ പുറത്താക്കൽ നടപടി കത്തോലിക്കാ സഭയുടെ അനുമതിയോടെയല്ലാ എന്നു മാത്രമല്ല കാനോൻ നിയമങ്ങൾക്കും വിശുദ്ധ ബൈബിളിലെ തിരുവചനങ്ങൾക്കും എതിരാണെന്ന വസ്തുത എനിക്ക് വെളിപ്പെട്ടു. കോട്ടയം രൂപതയുടെ ഈ അനീതി അവസാനിക്കും വരെ ഒരു പ്രവാചക ദൗത്യമായി മരണം വരെ പ്രവർത്തിക്കണമെന്നാണ് ആഗ്രഹം.



**ലൂക്കോസ് മാത്യു കെ.** (GENERAL CONVENOR, GKCRC - 2019 & SECRETARY KCNS)

കുറിച്ചിത്താനം കുന്നുംപുറത്ത് കുടുംബാംഗം. റിട്ട. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ. ക്നാനായ കത്തോലിക്കാ നവീകരണ സമിതിക്ക് 1990 ൽ രൂപം കൊടുത്ത ഘട്ടം മുതൽ സ്ഥാപക നേതാക്കളായ ചാക്കുട്ടി സാറിന്റെയും ഒ.എം. ഉതുപ്പ് സാറിന്റെയും നേതൃത്വങ്ങളിലുള്ള മുന്നേറ്റങ്ങളിൽ ഒരു കണ്ണിയായി പ്രവർത്തിച്ചു വരുന്നു. സംഘടനയുടെ നയരൂപീകരണ സമിതി അംഗമായിരുന്നു. ഇപ്പോൾ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു. 2011 ൽ നടന്ന ആഗോളസംഗമത്തിന്റെ മുഖ്യധാരയിൽ പങ്കെടുത്ത് വിജയകരമാക്കുന്നതിന് പരിശ്രമിച്ചു. സഭയാണ് വലുതെന്നും സമുദായം അതിലെ ഒരു ചെറുഘടകം മാത്രമാണെന്നുമുള്ള മഹാസത്യം രൂപത തിരിച്ചറിയാത്തതിനെതിരെ ശക്തമായി പ്രതികരിച്ചും പ്രതിക്ഷേധിച്ചും പ്രവർത്തിച്ചു വരുന്നു.



**C.M. CYRIAC** (TREASURER, GKCRC - 2019 & SECRETARY KCNS)

Cyriac was one of the starting members of KCNS. He started his efforts from the 1990s, with Mr. Chakkutty and Late Mr. Uthup Oravakulam. He is an accomplished Ex-military serviceman. In 1975 he married his wife from Pali diocese and at present he is with Changanasserry diocese, doing voluntary work as a Sunday school teacher and the parish council president.

Children are all well-settled in Australia



**JOSE KALLIDUCKIL** (VICE PRESIDENT, KCRMNA)

Jose is from Chicago and a Knanaya Catholic by default, because his wife is also a knanaya person. He is a long time healthcare professional. He belongs to many associations locally and globally. He is a crusader of social injustices. Jose and his family is always in the forefront of Global Knanaya reform movement.

Belongs to the Mali Kalliduckil Family, Manjoor South, Kottayam. Parish- St. Theresa's Makudalam, Manjoor South, Kerala. Spouse- Lisamma Pandavath belonged to St. Joseph's Parish, Ettumanoor.

He views Endogamy Expulsions as Unchristian, Cruel and an injustice to our children and siblings, detrimental to the interests and existence of the community in the long run.

KANA KCNS KRM

# G K C R C
# Souvenir 2019

# ഉള്ളടക്കം


| | | |
|---|---|---|
| **Message from Conference Chairman** | *Biju Uthup* | 1 |
| **Message From KANA President** | *Pattiyal Lukose* | 2 |
| സന്ദേശം : **KCNS** പ്രസിഡന്റ് | ജോസഫ് തോട്ടുങ്കൽ | 3 |
| **Message From KRM President** | *Dr. Stephen Parel* | 4 |
| ഗ്ലോബൽസംഗമ സന്ദേശം | ലൂക്കോസ് മാത്യു കെ. | 5 |
| **Conference Message for Knanaya Community** | | 7 |
| ക്നാനായ സമുദായ അംഗത്വം സംബന്ധിച്ച് ഓറിയന്റൽ കോൺഗ്രിഗേഷന്റെ കല്പനകളും കോടതി വിധികളും - ഒരവലോകനം | അലക്സ് കാവുംപുറത്ത് | 8 |
| **KCNS** നെ വിളിക്കൂ! കോട്ടയം രൂപതയെ രക്ഷിക്കൂ!!! | ജോസഫ് തോട്ടുങ്കൽ | 15 |
| വചനം, തിരുമധുരം | കെ. ജോർജ്ജ് ഉമ്മൻ | 20 |
| ദൈവവചനവും കോട്ടയം രൂപതയും | സി.എം. സിറിയക് | 22 |
| **Will God Curse His people?** | *Biju Uthup* | 24 |
| **PRIESTS AND THE KNANAYA COMMUNITY “ETHNIC CLEANSING” BY KNANAYA PRIESTS”** | *Mathew Therady* | 26 |
| മാർ ആലഞ്ചേരിയും കാലത്തിന്റെ കാവ്യ നീതിയും | സിറിയക് പാറത്തറ | 28 |
| **Prophetic Call for Preaching the Uncompromising Word of God to the Knanaya Community** | *Biju Uthup* | 29 |
| പാർശ്വവൽക്കരണം സഭാ വിരുദ്ധമാണ് | സി.കെ. പുന്നൻ | 32 |
| ക്നാനായ മൗലികവാദവും ക്രിസ്തീയ വിശ്വാസവും | ചാക്കോ കളരിക്കൽ | 34 |
| ചർച്ച് ആക്ട് | ജോസ് കല്ലിടിക്കിൽ | 37 |



*Printed and Published by* **KNANAYA REFORM MOVEMENT (KRM)**

*Printed at* **GRACE OFFSET PRESS**
*Makil Centre, Kottayam - 1. Ph: +91 9349502207, 8281459017*
*e-mail: georgiem1@gmail.com*


*Copy Right* **PUBLISHER**



**Biju Uthup**
Chairman, GKCRC- 2019



EDITORIAL

# MESSAGE FROM CONFERENCE CHAIRMAN

I am so glad that finally, the idea of a Global Knanaya Reform Conference revived on the 1st death anniversary on my Father, late O.M Uthup and past KCNS president has finally been realized today on August 30th, 2019. After the 1st death anniversary function of my father, there has been a gradual decrease in the enthusiasm for Knanaya renewal activities in Kerala. Partly this may have been due to the migration of active members of KCNS abroad and partly due to lack of interest of the youth in Kerala for Knanaya renewal activities.

The idea of the Global Knanaya Reform conference is to bring together Knanaya reform thinkers scattered all over the world to come together and share their experience and testimonies of Knanaya racism & discrimination experienced by the members of the community from all over the world. The first real push for this Global conference came from the Knanaya Reform Movement (KRM) which was formed in 2018. This was actively supported by the Knanaya Association of North America (KANA) who came forward with the necessary financial support for the global conference. With this financial support from KANA, it was easy for KCNS, KANA, and KRM to come together to jointly organize this Global Knanaya reform conference.

With the submission of Bishop Michael Mulhal report to the Holy See in 2017 and the release of the directives of the Congregation of Oriental churches to Bishop Mar Angadiath & Archbishop Mar Mathew Moolakattu in 2017 & 2018 which are in favor ending the practice of expulsion from Knanaya parishes and missions abroad, our struggle for our cause has become much easier. We need to capitalize on these as well as recent High Court verdicts that are favorable to us to continue our struggle for Jesus Christ to implement these directives and court decrees to all Knanaya Catholics in Kerala which is currently being tolerated by the Vatican.

We should now become the soldiers fo Jesus Christ to implement these directives of Congregation of Oriental churches and ensure that the Bishops and parish members of Kottayam diocese obey these directives and court verdicts through our continued struggles and organization of events like the Global Knanaya Catholic Reform conference, 2019.

May the Good Lord be with us through all our struggles and bring us many more victories in the future.

**Biju Uthup**
Chairman, Global Knanaya Catholic Reform Conference- 2019



PATTIYAL LUKOSE
President, KANA



# Message From KANA President

The caste system depends on the Hindu village marriage system of endogamy to perpetuate it. In Kerala, the Malabar Christians, proud of its caste hierarchy, became a caste themselves with even separate churches for the lower castes; sometimes there were even balustrades inside churches to separate lower and higher caste Christians. In fact, when I was an altar boy in the 1940s in a church in the Kottayam Diocese, I remember a large window to the side of the altar on the other side of which Christians from the Pariah and 'Pulaya' castes had to stand and kneel, in the sun and the rain, with their palm leaf umbrellas. While many of these practices are not overtly present today, some persist. Many dioceses and religious congregations did not accept lower castes priests and nuns into their fold. In fact, in the Southist community, both Jacobite and Catholic, they continue to be strictly endogamous taking the utmost care to preserve the purity of their race. Regrettably, Rome blessed this racial apartheid by erecting a separate ecclesiastical unit "pro gene suddistica" in 1911. It is interesting to note that the Southist diocese of Kottayam does not receive converts.

Of course, on paper, they claim that they do not do any of these things. As early as January 1982, the Indian Catholic Hierarchy issued a statement on caste:

We state categorically that caste, with its consequent effects of discrimination and "caste mentality", has no place in Christianity. It is, in fact, a denial of Christianity - because it is inhuman. It violates the God-given dignity and equality of the human person. God created man in his image and likeness. He accepts and loves every human being without distinction.

Bishop Kunnacherry was a prominent member of that hierarchy those days! Isn't Kottayam diocese part of that Indian Catholic hierarchy? Should we not resolve, during our global conference, to ask the national hierarchy to weigh in on the Kottayam diocese as well on this policy?

**PATTIYAL LUKOSE**
President, KANA



**ജോസഫ് തോട്ടുങ്കൽ**
പ്രസിഡന്റ്, KCNS



# സന്ദേശം : KCNS പ്രസിഡന്റ്

**ലോ**കത്ത് ഒട്ടുമിക്ക രാജ്യങ്ങളിലും മലയാളികളുണ്ട്. അവരിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളാണ്. ക്രിസ്ത്യാനികളിൽ ക്നാനായക്കാരും ഉൾപ്പെടുന്നു. മലയാളികളുടെ കൂട്ടായ്മ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമേ ക്രിസ്ത്യാനികൾ അവരുടെ മതപരവും സാംസ്കാരികവുമായ പാരമ്പര്യം നിലനിർത്തുന്നതിന് പ്രത്യേകം പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കൂട്ടായ്മകളിൽ ക്നാനായക്കാരുടെ വർണ്ണ വിവേചനപരമായ പെരുമാറ്റങ്ങൾ ക്രിസ്തീയ ഐക്യം ഇല്ലാതാകാൻ കാരണമാകുന്നുണ്ട്. കോട്ടയം കത്തോലിക്കാ രൂപതാധികാരികളുടെ പ്രോത്സാഹനത്തോടുകൂടിയാണ് ഈ വിവേചനം നടക്കുന്നത്.


ക്നാനായരല്ലാത്ത ക്രിസ്തീയ വിഭാഗങ്ങളുമായി കത്തോലിക്കാ സഭയിൽപ്പെട്ടവരായാൽപോലും വിവാഹബന്ധം നടത്തരുതെന്ന് കോട്ടയം രൂപത മെത്രാൻ ക്നാനായക്കാരെ നിർബന്ധിക്കുന്നു. ക്നാനായക്കാർ സവർണ്ണരാണെന്നാണ് അവരുടെ വാദം. സ്വവംശവിവാഹനിഷ്ഠ പാലിച്ചില്ലെങ്കിൽ അവരെ രൂപതയിൽനിന്നും സമുദായത്തിൽനിന്നും പുറത്താക്കുന്നു. വിദൂര രാജ്യങ്ങളിലും ഇന്ത്യയിലെതന്നെ വിവിധ സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന ക്നാനായ യുവതീയുവാക്കൾക്ക് ജീവിതപങ്കാളിയെ ലഭിക്കുവാൻ ഈ ആചാരം ഒരു തടസ്സമായി നിൽക്കുകയാണ്. ഇതവസാനിപ്പിച്ച് യുവതീയുവാക്കൾക്ക് ജീവിതപങ്കാളിയെ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും ക്നാനായ സമുദായത്തിന്റെ പാരമ്പര്യം അനുഭവിച്ചു ജീവിതം സമുദായത്തിൽ തന്നെ തുടരുന്നതിനും ഈ തടസ്സം ഇല്ലാതാക്കിയേ പറ്റൂ. ജോലി ചെയ്യുന്ന സ്ഥലത്തുതന്നെ ജീവിതപങ്കാളിയും ഉണ്ടായിരിക്കേണ്ടത് കുടുംബജീവിതത്തിന് ഏറ്റവും അത്യാവശ്യമാണ്. സമുദായത്തിൽപ്പെടാത്ത ഒരാളെ വിവാഹം ചെയ്തു എന്നു വിചാരിച്ച് സമുദായത്തിൽനിന്ന് പുറത്താക്കപ്പെടുന്നത് സഹിക്കാൻ പറ്റാത്തതാണ്. ക്നാനയക്കാരെ സംബന്ധിച്ചടുത്തോളം ഇത് ആഗോളപ്രശ്നമാണ്. ഇതിനൊരു പരിഹാരം കാണുവാൻ ആഗോള കൂട്ടായ്മ തന്നെ ആവശ്യമുണ്ട്.

**2019 ആഗസ്റ്റ് 31 ന് കോട്ടയം രൂപത കേന്ദ്രത്തിൽ തന്നെ നടക്കുന്ന ഗ്ലോബൽ ക്നാനായ കത്തോലിക്കാ നവീകരണ സംഗമത്തിൽ** ഈ വർണ്ണവിവേചനത്തിന്റെ പേരിൽ നടക്കുന്ന പുറത്താക്കൽ അവസാനിപ്പിക്കുന്നതിനാവശ്യമായ കർമ്മപദ്ധതികൾക്ക് രൂപംകൊടുക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നല്ല തീരുമാനങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ജോസഫ് തോട്ടുങ്കൽ**
പ്രസിഡന്റ്, KCNS
Ph: 9447056146



**Dr. Stephen Parel**
President, KRM



# Message From KRM President

Dear friends and family,

This global conference is the beginning of a new renewal-effort of our resistance against the expulsion, excommunication, and harassment by our Kottayam diocesan priests, based on whom we marry. They are ruling the community without any authority or contribution to the community either by kind or cash. They also do the great sin of expelling people from our Lord’s church which is a human rights violation and a sin against our God. The highest holly on earth, the Vatican too abandoned us by tolerating expulsion from the churches and support discrimination of the diocese, obviously not for spiritual reasons, but money and power.

We Catholics have reached a stage of our church of Yahweh, before 2000 years ago, with full of power crazy and cruel clergies who show no mercy on abandoned and helpless children of God or even have any respect for their authorities or for Jesus’s teaching.

A great renaissance is needed in the church, in general, and especially in the knanaya community churches.

I request all kind-hearted and God-loving people to unite to reform the knanaya diocese.

Your Ernest prayers are always welcomed for the reformation of our church.

**Dr. Stephen Parel**
President, Knanaya Reform Movement (KRM)



**ലൂക്കോസ് മാത്യു കെ.**
ജന. കൺവീനർ, GKCRC- 2019



# ഗ്ലോബൽസംഗമ സന്ദേശം

**കേ**രളകത്തോലിക്കാ സഭയിൽ ക്നാനായ സഭയില്ല. കോട്ടയംരൂപത മാത്രമേ ഉള്ളൂ. ക്നാനായ സഭയുടെ തനതായ വിശ്വാസസമൂഹം എന്നത്, കപട വിശ്വാസസമൂഹം എന്നതാണ് ശരി. ക്നായ് തൊമ്മന്റെ കാലം മുതലുള്ള ചാർച്ചക്കാരുടെ ഇടയിലെ കല്ല്യാണമാണ് കോട്ടയം രൂപതയുടെ പൈതൃകമായി പ്രഘോഷിക്കുന്നത്. 1700 വർഷം മുമ്പ് വന്നതായി പറയപ്പെടുന്ന ക്നായ് തൊമ്മന്റെ പൈതൃകം ഉൾക്കൊള്ളുന്നത് 106 വർഷം മാത്രം പഴക്കമുള്ള കോട്ടയം രൂപതയുടെ ഒരു മഹാത്ഭുതം തന്നെയാണ്. മംഗോളിയർ, യൂറ്യോപ്യൻസ്, നീഗ്രോകൾ മുതലായവരുടെ ശരീരപ്രകൃതിപോലുള്ള ഒരു പ്രത്യേകത, കലർപ്പില്ലാത്ത ക്നാനായക്കാരെ കാണുമ്പോൾ രൂപതാംഗങ്ങളുടെ ഉൾപ്പുളകം അവർണ്ണനീയമാണ്.!

ക്നാനായക്കാർക്ക് ലിഖിതചരിത്രരേഖകൾ ഇല്ലെന്നും വായ്മൊഴി മാത്രമേ ഉള്ളൂവെന്നും ബഹുമാനപ്പെട്ട കോടതിയിൽ മാർ.കുര്യാക്കോസ് കുന്നശ്ശേരി സാക്ഷ്യപ്പെടുത്തുകയുണ്ടായി. സഭയെ വികലമായി ഇതിലൂടെ വർഗ്ഗീയവത്ക്കരിച്ചു.

ക്നാനായകെട്ടുകഥ (ഐതീഹ്യം) വിശ്വാസത്തിലെടുത്താൽ ക്നായ് തൊമ്മൻ (കച്ചവടക്കാരൻ) ഇവിടെ വന്നപ്പോൾ തളർച്ചയിലും, വിളർച്ചയിലും ആണ്ടുപോയ ക്രൈസ്തവ സമൂഹത്തിന്റെ ശോച്യാവസ്ഥ മനസ്സിലാക്കി ഇവിടുത്തെ നാട്ടുരാജാവിന്റെ അനുമതിയോടുകൂടി തന്റെ നാട്ടിൽ നിന്ന് കുറെ ആൾക്കാരെ ഇറക്കുമതിചെയ്തു. അന്ന് ശക്തമായിരുന്ന ഹൈന്ദവരെ ക്രൈസ്തവരാക്കാൻ ബുദ്ധിമുട്ടായിരുന്നതുകൊണ്ട് അവർ ഇവിടുത്തെ സ്ത്രീകളെ സഭയിൽചേർത്ത് വിവാഹംകഴിച്ചു. ഇങ്ങനെയുള്ള ഒരുവിവാഹത്തെപ്പറ്റി പുരാതനപ്പാട്ടിലെ വാഴുപ്പാട്ടിലും, വാഴുവട്ടക്കള്ളിപ്പാട്ടിലും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ക്നായ്തൊമ്മൻ ഇവിടുത്തെ പല സ്ത്രീകളെവിവാഹം കഴിച്ചിരുന്നുവെന്നും പലരേയും വെപ്പാട്ടികളായി വച്ചിരുന്നുവെന്നും കോട്ടയം രൂപതയിലെ തന്നെ പ്രഗത്ഭരായ ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. അന്നു ബഹുഭാര്യാത്വം നിലനിന്നിരുന്നു. ഇങ്ങനെയാണ് ഇവിടുത്തെ ക്രൈസ്തവ സമൂഹത്തെ വളർച്ചയിലേക്ക് നയിച്ചത്. വിവാഹത്തിന്റെ ആവശ്യത്തിനുള്ള പുടവയും, ആഭരണങ്ങളും വധുവിനും വീട്ടുകാർക്കും നൽകിയിരുന്നുവെന്നും പുരാതനപ്പാട്ടിൽ പറയുന്നു. ഇതിന്റെ ഓർമ്മയ്ക്കാണ് ക്നാനായ വിവാഹത്തിന് കച്ച തഴുകൽ എന്ന ചടങ്ങ് നടത്തിവരുന്നത്. ഇതല്ലേ ശരിയായ ക്നാനായ പൈതൃകം? ഇന്ന് അജ്ഞതയിൽ ആണ്ടുപോയ ഒരു സമൂഹമായി മാറിയിരിക്കുന്നു. തിരുത്തലുകൾ കാലത്തിന്റെ ആവശ്യമായി ഉൾക്കൊള്ളുന്നില്ല.

"ഞാൻ വചനമാകുന്നു, എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. എന്റെവചനം നിരാകരിക്കുന്നവർ എന്നെത്തന്നെയാണ് നിരാകരിക്കുന്നത്." ക്രിസ്തുവചനമാണ് – 'സകലരേയും സ്വീകരിക്കുക' എന്നത്. കോട്ടയം രൂപതാസ്ഥാപനത്തിനു ശേഷം മറ്റാരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ? നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്ന വചനം-ക്നാനായക്കാർ തമ്മിൽ മാത്രമായിചുരുക്കി. പൗലോസ് അപ്പസ്തോലൻ ആവർത്തിച്ചു വ്യക്തമാക്കുന്നു. ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർ സഹോദരങ്ങളാണ്. ഇവിടെ ജാതി-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസം പാടില്ല. എന്നാൽ കോട്ടയം രൂപതാ ക്നാനായ ജാതിക്കു വേണ്ടി മാത്രം നിലകൊള്ളുന്നു. ഇങ്ങനെ നിൽക്കുന്നത് ഈ രൂപതയുടെ പാരമ്പര്യം നിലനിർത്തുന്നതിനാണെന്ന് അവകാശപ്പെടുന്നു. അതിന് ക്രിസ്തുവിന്റെ മറുപടി- "നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി നിങ്ങൾ ദൈവവചനം വ്യർത്ഥമാക്കുന്നതെന്തേ? കപടനാട്യക്കാരേ" എന്നാണ് ക്രിസ്തു അഭിസംബോധന ചെയ്തത്. നിങ്ങൾ അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. നിങ്ങളുടെ ഹൃദയം എന്നിൽ നിന്ന് എത്രയോ അകലെയാണ്. ക്രിസ്തുനാമം വൃഥാ ഉരുവിട്ട് നടത്തുന്ന അർപ്പണങ്ങൾ വിശ്വാസികളെ വഞ്ചിക്കുകയല്ലേ..?

ഇല്ലാത്ത സ്വന്തം മഹിമയിൽ കണ്ണടച്ചുവിശ്വസിച്ചുള്ള കടുംപിടുത്തം ഗുണംചെയ്യില്ല. അജ്ഞതയെയും അസഹിഷ്ണതയെയും ചെറുക്കാൻ ആശയങ്ങളും ക്ഷമയും വേണ്ടിവരും. സത്യത്തെ മനപ്പൂർവ്വം അടച്ചുപൂട്ടിവെച്ച് അന്ധവിശ്വാസത്തെ പുണരുന്ന രീതി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

അധരംകൊണ്ട് ക്രിസ്തുവിനെ പ്രകീർത്തിക്കലല്ല, ഹൃദയത്തിൽ സ്ഥാനം നൽകിയാണ് ക്നാനായ കത്തോലിക്കാ നവീകരണ സമിതി പ്രവർത്തിക്കുന്നത്. കോട്ടയം രൂപതയെ ഉപദ്രവിക്കാനോ നിഷ്കാസനം ചെയ്യുന്നതിനോ വേണ്ടിയല്ല. സാത്താന് അടിമപ്പെട്ടുപോയ കോട്ടയം രൂപതയേയുംവിശ്വാസികളെയും നവീകരിച്ച് ക്രിസ്തുവിന്റേതാക്കി മാറ്റാൻ പരിശ്രമിക്കുന്ന നവീകരണ പ്രസ്ഥാനമാണ്, ക്രിസ്തുവിനാൽ സ്ഥാപിതമായ ക്നാനായ കത്തോലിക്കാ നവീകരണസമിതി.

ഈ സമിതിയുടെ നേതൃത്വത്തിൽ 2019 ഓഗസ്റ്റ് 31ന് കോട്ടയത്തുവെച്ച് നടത്തപ്പെടുന്ന ക്നാനായ കത്തോലിക്കാ നവീകരണ ഗ്ലോബൽ സംഗമത്തിൽ മേൽവിഷയങ്ങൾ സമഗ്രചർച്ചകൾക്ക് വഴി ഒരുക്കുമെന്ന് പ്രത്യാശിക്കുന്നു.

**ലൂക്കോസ് മാത്യു കെ.**
ജന. കൺവീനർ
ക്നാനായ കത്തോലിക്കാ
നവീകരണ ഗ്ലോബൽസംഗമം
Phone. 9447507584

Kottayam
29/07/2019



KANA KCNS KRM

## Conference Message for Knanaya Community

*Jesus Message to Christians all over the world (Matthew 25:35-40)*

For I was hungry and you gave me something to eat, I was thirsty and you gave me something to drink, I was a stranger and you invited me in, I needed clothes and you clothed me, I was sick and you looked after me, I was in prison and you came to visit me.'

"Then the righteous will answer him, 'Lord, when did we see you hungry and feed you, or thirsty and give you something to drink? When did we see you a stranger and invite you in or needing clothes and clothe you? When, did we see you sick or in prison and go to visit you?'

"The King will reply, 'Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me.'


Jesus Message to Knanaya Christians Today For I wanted to be baptised in my parish and you denied me baptism and told me to get baptised in the neighbours church, I wanted a Vivahakuri for marriage and you denied me the marriage in my own church, I wanted to be entered in the membership register of my father's house and but you expelled me, I wanted my adopted son to be baptised but you denied baptism to him, my parents who were sick, died and I wanted them to be buried in my parish but you denied burial rights to my parents.'

"Then the righteous Knanaya Christian will answer him, 'Lord, when did we see deny you baptism, deny Vivahakuri, expel you, deny baptism to adopted children, or deny burial rights to your parents.

"The King will reply, 'Truly I tell you, whatever you did for one of the least of these brothers and sisters of mine who did not have pure Knanaya blood, you did to me.'

**GKCRC - 2019**

# ക്നാനായ സമുദായ അംഗത്വം സംബന്ധിച്ച് ഓറിയന്റൽ കോൺഗ്രിഗേഷന്റെ കല്പനകളും കോടതി വിധികളും – ഒരവലോകനം





അലക്സ് കാവുംപുറത്ത്
നാഷണൽ കോ-ഓർഡിനേറ്റർ, കാനാ

2019 ജൂലൈ 22 ന് അപ്നാദേശിൽ "ക്നാനായ സമുദായ അംഗത്വവും അനുബന്ധ ചിന്തകളും" എന്ന പേരിൽ ഒരു ലേഖനം പോസ്റ്റ് ചെയ്യുകയുണ്ടായി (http://apnades.in/knanaya-membershi). KSSS കാർ അപ്നാദേശ് കത്തിച്ചുകൊണ്ട് ഈ ലേഖനത്തിനെതിരെ പ്രതിഷേധിച്ചു. അവരെ അനുനയിപ്പിക്കാനായി അഭിവന്ദ്യ മൂലക്കാട്ട് പിതാവ് ഒരു വീഡിയോ സന്ദേശം നൽകുകയും ഉണ്ടായി. അപ്നാദേശിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും വാസ്തവ വിരുദ്ധവും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. ഈ ലേഖനത്തിനെതിരെ KSSS പ്രതികരണം കാര്യങ്ങൾ വേണ്ട രീതിയിൽ ഗ്രഹിക്കാത്തതുകൊണ്ടുമാണ്. അപ്നാദേശിനും അത് പ്രതിഷേധിച്ച KSSS നും ഒരു മറുപടി എന്ന രീതിയിലാണ് ഈ ലേഖനം അവതരിപ്പിക്കുന്നത്.

**ആരാണ് ക്നാനായക്കാർ**

അപ്നാദേശിലെ ലേഖനം അനുസരിച്ച് രണ്ടായിരമാണ്ടിൽ സമ്മേളിച്ച കോട്ടയം രൂപതാ അസംബ്ലി എഴുതിവെച്ച ക്നാനായ സമുദായത്തിന്റെയും ക്നാനായക്കാരുടെയും നിർവ്വചനം താഴെപ്പറയുന്നതാണ്. എ.ഡി. 345ൽ കൊടുങ്ങല്ലൂരിൽ കുടിയേറിയ ഏഴില്ലം എഴുപത്തിരണ്ടു കുടുംബക്കാർ സ്വവംശവിവാഹനിഷ്ഠയിലൂടെ രൂപവൽക്കരിച്ചതാണ് ക്നാനായ സമുദായം. ക്നാനായ പിതാവിൽ നിന്നും മാതാവിൽ നിന്നും ജനിക്കുന്ന വ്യക്തിക്കുമാത്രമേ ക്നാനായ സമുദായത്തിൽ അംഗമാകാൻ സാധിക്കൂ.

ഇത് അലിഖതമായ പാരമ്പര്യ വിശ്വാസമായിരിക്കാം. ലിഖിതമായ നിർവചനമായിരിക്കാം. പക്ഷേ, ഇത് സത്യമാണോ? അല്ല എന്നുള്ളത് വ്യക്തമാണ്. എ.ഡി. 345 ൽ കൊടുങ്ങല്ലൂരിൽ കുടിയേറിയവർ മിഡിൽ ഈസ്റ്റിൽ നിന്നും വന്ന യഹൂദവംശജരായിരുന്നു എന്നുള്ളതാണ് നമ്മുടെ പാരമ്പര്യ വിശ്വാസം. അവർ കുടിയേറിയപ്പോൾ ഏതു വംശത്തിൽപ്പെട്ടവരായിരുന്നാലും ഇന്ത്യൻ വംശീയരായിരിക്കുവാൻ ഒരു സാധ്യതയുമില്ല. അവർ സ്വവംശവിവാഹനിഷ്ഠയിലൂടെ രൂപവൽക്കരിച്ചതാണ് ക്നാനായ സമുദായമെങ്കിൽ ഇന്നത്തെ ക്നാനായർക്ക് ഇന്ത്യക്കാരുടെ ഛായയോ ഡി.എൻ.എ. യോ ഉണ്ടാകാൻ സാധ്യതയില്ല. അവർ സ്വവംശവിവാഹനിഷ്ഠ പാലിക്കാതിരുന്നതുകൊണ്ടാണ് ഇന്നത്തെ ക്നാനായർക്ക് ഇന്ത്യക്കാരുടെ ഛായയും ഡി.എൻ.എ. യും (anywhere between 80 - 100%) ഉള്ളത്. ഈ സത്യം അംഗീകരിച്ചതുകൊണ്ടാണ് കോടതിയും ഓറിയന്റൽ കോൺഗ്രിഗേഷനും ക്നാനായ lineage ൽ ഉള്ളവരെയും (spouses and children of non-endogamous Knas) ക്നാനായ സമുദായത്തിൽ അംഗങ്ങളാക്കുവാൻ ഉത്തരവിട്ടിരിക്കുന്നത്. അപ്നാദേശ് കത്തിച്ചതുകൊണ്ടോ ഒരു ലിഖിതമായ നിർവ്വചനമുണ്ടാക്കിയതുകൊണ്ടോ ഈ സത്യത്തെ മറികടക്കുവാൻ ക്നാനായക്കാർക്ക് സാധിക്കില്ല. സത്യത്തിനനുസരിച്ച് ആചാരങ്ങളും പാരമ്പര്യങ്ങളും മാറ്റുക എന്നുള്ളതാണ് കരണീയമായിട്ടുള്ളത്.

**ക്നാനായസമുദായത്തിലെ അംഗത്വം ജന്മംകൊണ്ടു മാത്രമോ?**

ക്നാനായക്കാരുടെ മുകളിൽ പറഞ്ഞിരിക്കുന്ന ശരിയായ നിർവ്വചനമനുസരിച്ച് ജന്മംകൊണ്ടുമാത്രമല്ല കർമ്മംകൊണ്ടും ക്നാനായ സമുദായത്തിൽ അംഗ

മാകാം എന്ന് വ്യക്തമാണ്. ജന്മം കൊണ്ട് ക്നാനായ നായ ഒരു വ്യക്തി ക്നാനായേതര വ്യക്തിയെ വിവാഹം ചെയ്യുമ്പോൾ ആ ക്നാനായേതര വ്യക്തിയുടെ സമുദായത്തിലും ഇടവകയിലും രൂപതയിലും ചേരുവാൻ സാധിക്കുന്നു. ഒരു ക്നാനായന് അവന്റെ കർമ്മം കൊണ്ട് വേറൊരു സമുദായത്തിൽ ചേരാമെങ്കിൽ ക്നാനായേതര വ്യക്തിക്കും കർമ്മം കൊണ്ട് ക്നാനായ സമുദായത്തിൽ ചേരുവാൻ സാധിക്കണം. അതിന് കാനോനികമായോ നിയമപരമായോ ഒരു തടസ്സവുമില്ല. അതിന് തടസ്സം നിൽക്കുന്നതാണ് ക്നാനായ സമുദായം നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണം. ആരേയും നിർബന്ധിച്ച് പറഞ്ഞുവിടാതെ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇഷ്ടമനുസരിച്ച് തീരുമാനങ്ങൾ എടുക്കുവാൻ അനുവദിച്ചാൽ പ്രശ്നങ്ങൾ തീരും.

**ക്നാനായ രൂപത ക്നാനായർക്ക് മാത്രമാണോ?**

അങ്ങനെയാണെന്ന് അപ്നാദേശിലെ ലേഖനത്തിൽ പലയിടത്തും പറയുന്നു. എന്നാൽ അങ്ങനെയാണോ? അല്ല. കോട്ടയം രൂപതയുടെ സ്ഥാപന ബൂളയിൽ ക്നാനയർക്ക് മാത്രം എന്ന ഒരു വാക്കുണ്ടോ? ഇല്ല. ക്നാനായക്കാർ പുറത്തു നിന്നു വിവാഹം കഴിച്ചാൽ പുറത്താക്കണമെന്നോ പുറത്തുള്ളവരെ അംഗങ്ങളാക്കരുതെന്നോ ആ ബൂളയിൽ പറയുന്നില്ല. അങ്ങനെ ചെയ്യുന്നത് നിയമവിരുദ്ധമാണ്. യഹൂദരുടെ രാജ്യമാണ് ഇസ്രായേൽ. എന്നാൽ യഹൂദന്മാർ മാത്രമാണോ അവിടെയുള്ളത്? അതുപോലെ പാക്കിസ്ഥാൻ മുസ്ലിം രാജ്യമാണ്. എന്നാൽ അവിടെ മുസ്ലിമുകൾ മാത്രമാണോ പൗരന്മാർ? അതുപോലെ കോട്ടയം രൂപത ക്നാനായർക്കുവേണ്ടി രൂപീകരിക്കപ്പെട്ടതാണെങ്കിലും മറ്റുള്ളവരെ കൂട്ടുന്നതിന് യാതൊരു തടസ്സവുമില്ല.

**കോട്ടയം മെത്രാനു ക്നാനായക്കാരുടെ മേൽ മാത്രമേ അധികാരമുള്ളോ? എല്ലാ ക്നാനയക്കാരുടെയും മേൽ അധികാരമുണ്ടോ?**

ഇങ്ങനെ ഒരു ധ്വനി അപ്നാദേശിലെ ലേഖനത്തിൽ കാണാം. എന്നാൽ അത് സത്യമാണോ? അല്ല. കോട്ടയം രൂപതാ മെത്രാന്റെ അധികാരപരിധി ഒരു ടെറിറ്റോറിയൽ ആയിട്ടുള്ളതല്ല. കോട്ടയം രൂപത സ്ഥാപിച്ചപ്പോൾ അങ്ങനെ ആയിരുന്നു എങ്കിലും പിന്നീടത് മാർപാപ്പായുടെ ഉത്തരവിലൂടെ സീറോമലബാർ സഭയുടെ അതിർത്തികൾ മുഴുവനിലേക്കും വ്യാപിച്ചു. അതിന്റെ അർത്ഥം കോട്ടയം രൂപതാ മെത്രാന് ആ അതിർത്തിക്കുള്ളിൽ എവിടെയും ഇടവകകൾ സ്ഥാപിക്കാമെന്നും ആ ഇടവകയിലെ അംഗങ്ങളുടെ മേൽ അധികാരമുണ്ടെന്നുമാണ്. പേഴ്സണൽ ജ്യൂറിസ്ഡിക്ഷൻ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. അതല്ലാതെ ക്നാനായക്കാരുടെ മേൽ മാത്രമോ, എല്ലാ ക്നാനായക്കാരുടെ മേലോ അധികാരമുണ്ടെന്നല്ല. ക്നാനായേതര ഇടവകയിൽ അംഗങ്ങളായിരിക്കുന്ന ജന്മം കൊണ്ട് ക്നാനായക്കാരായവരുടെ മേൽ കോട്ടയം മെത്രാന് അധികാരമില്ല. കത്തോലിക്കാ സഭ, ജന്മം കൊണ്ട് ക്നാനായക്കാരല്ലാത്തവരെ ക്നാനായ ഇടവകയിൽ അംഗങ്ങൾ ആക്കിയാൽ അവരുടെ മേൽ കോട്ടയം മെത്രാന് അധികാരമുണ്ടായിരിക്കും. അങ്ങനെയല്ല എന്നൊക്കെ പറയുന്നത് എൻഡോഗമിയെ സംരക്ഷിക്കുവാൻ പറയുന്ന മുടന്തൻ ന്യായങ്ങളാണ്. അങ്ങനെയല്ല എങ്കിൽ ആരാണ് ക്നാനയക്കാരൻ എന്നു ചോദിക്കുന്ന മുകളിലെ ഖണ്ഡികയിൽ പറയുന്ന ക്നാനായ ഇടവകകളിലെ അംഗങ്ങളുടെ മേൽ കോട്ടയം മെത്രാന് അധികാരം കാണില്ലല്ലോ.

**മാർ ആലഞ്ചേരിയും മാർ മൂലക്കാട്ടും മാർ അങ്ങാടിയത്തും തമ്മിലുള്ള 2014 ലെ എഗ്രിമെന്റ് ഇന്ന് നില നിൽക്കുന്നുണ്ടോ?**

ഉണ്ട് എന്നുള്ള നിഗമനത്തിലാണ് അപ്നാദേശിലെ ലേഖനം എഴുതിയിരിക്കുന്നത്. എന്നാൽ ഈ എഗ്രിമെന്റും അതിന്റെ വെളിച്ചത്തിൽ ചിക്കാഗോ സീറോ മലബാർ മെത്രാൻ പുറപ്പെടുവിച്ച കൽപ്പനയും സ്വീകാര്യമല്ല എന്ന് ഓറിയന്റൽ കോൺഗ്രിഗേഷൻ 2017 ഡിസംബറിൽ പുറപ്പെടുവിച്ച കല്പനയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 2018 മാർച്ച് 2 ലെ കല്പനയിൽ ഇത് മാറ്റിയെഴുതിയിട്ടുമില്ല. അങ്ങനെ ഉണ്ടെന്ന് പറയുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനുള്ള ഒരു ശ്രമമാണ്. (കോൺഗ്രിഗേഷന്റെ 2017 ഡിസംബർ 18 ലെയും 2018 മാർച്ച് 2 ലെയും കത്തുകൾ കാണുക)

**2018 മാർച്ച് 2 ലെ കല്പനയിൽ പറയുന്നതെന്താണ്?**

അപ്നാദേശിലെ ലേഖനത്തിൽ പറയുന്നതുപോലെ ക്നാനായ ഇടവകയിലെ അംഗത്വം ക്നാനായർക്കു മാത്രമായി നിജപ്പെടുത്തുകയോ ക്നാനായക്കാരുടെ ക്നാനായേതര ജീവിത പങ്കാളിക്കും മക്കൾക്കും അംഗത്വമോ പങ്കാളിത്തമോ ഇല്ലെന്നും ഈ കല്പനയിൽ പറയുന്നില്ല. തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത് ക്നാനായ lineage ൽ ഉള്ളവർക്കുമാത്രമായി പരിമിതപ്പെടുത്തരുതെന്ന് മാത്രമാണതിൽ പറഞ്ഞിരിക്കുന്നത്. 2019 ഏപ്രിൽ 29 ൽ ഓറിയന്റൽ കോൺഗ്രിഗേഷന്റെ സെക്രട്ടറി അയച്ച കത്തിൽ (ഇതോടൊപ്പം വച്ചിട്ടുള്ള കോപ്പി കാണുക) ക്നാനായേതര ജീവിത പങ്കാളിക്കും മക്കൾക്കും ഇടവകയിൽ പങ്കാളിത്തമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പങ്കാളിത്തവും അംഗത്വവും തമ്മിൽ തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന് കരുതുന്നില്ല. കാരണം ക്നാനായ lineage ഉള്ളവർക്ക് ക്നാനായ പള്ളികളിൽ അംഗത്വവും പങ്കാളിത്തവും ഉണ്ടെന്നാണ് പ്രീഫെക്ടിന്റെ കല്പനകളിൽ നിന്നും മനസ്സിലാകുന്നത്.

**സിവിൽ കേസുകളിൽ ഇതുവരെയും ഉണ്ടായ തീരുമാനങ്ങളെന്താണ്?**

ക്നാനായക്കാരന്റെ ക്നാനായേതര ജീവിത പങ്കാളിക്കും മക്കൾക്കും ക്നാനായ സമുദായത്തിലും രൂപതയിലും അംഗത്വം കൊടുക്കുവാൻ യാതൊരുവിധ നിയമതടസ്സവുമില്ലെന്നാണ് കോടതികൾ കണ്ടെത്തിയത്. കോടതികളും ഓറിയന്റൽ കോൺഗ്രിഗേഷനും മാറിക്കെട്ടുന്ന ക്നാനായർക്ക് ക്നാനായ ഇടവകകളിൽ അംഗമായിരിക്കുവാൻ അവകാശമുണ്ടെന്നും അവരുടെ പങ്കാളിക്കും മക്കൾക്കും ഇടവക അംഗത്വത്തിനോ പങ്കാളിത്തത്തിനോ അവകാശമുണ്ടെന്നും വിധി കല്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ജന്മംകൊണ്ട് ക്നാനായരാവരെ മാത്രമേ ക്നാനായ രൂപതയിൽ അംഗങ്ങളാക്കുകയുള്ളൂ എന്ന് കറുകപ്പറമ്പിൽ അച്ചൻ പറഞ്ഞത് സ്വാഗതം ചെയ്യുകയല്ലേ KSSS ചെയ്യേണ്ടത്. അവർക്ക് കാര്യങ്ങൾ അത്ര അങ്ങു മനസ്സിലായില്ലെന്ന് തോന്നുന്നു.

**സംഘടനകളിൽ ക്നാനായക്കാരുടെ ക്നാനായേതര ജീവിത പങ്കാളിക്കും മക്കൾക്കും അംഗത്വം നിഷേധിക്കാമോ?**

പാടില്ല എന്നുള്ളതാണ് കോടതിവിധികളിൽ നിന്നും മനസ്സിലാക്കുന്നത്. ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ഒരു സമുദായ സംഘടനയാണ്. കോട്ടയം രൂപതയുടെ ഔദ്യോഗിക സംഘടനയാണ്. ക്നാനായക്കാരന്റെ ക്നാനായേതര ജീവിത പങ്കാളിക്കും മക്കൾക്കും ക്നാനായ സമുദായത്തിലും സഭയിലും അംഗത്വം കൊടുക്കുവാൻ കല്പിച്ചിരിക്കുന്ന കോടതികൾ സംഘടനയിൽ അവർക്ക് അംഗത്വം നിഷേധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ KSSS നെ പോലുള്ള സ്വകാര്യസംഘടനകൾക്ക് അവരുടേതായ രീതിയിൽ സംഘടിക്കുവാൻ നിയമതടസ്സമുണ്ടെന്നു തോന്നുന്നില്ല.

**ഉപസംഹാരം**

കോട്ടയം രൂപതയുടെ ആചാരങ്ങളും പാരമ്പര്യങ്ങളും രാഷ്ട്രനിയമങ്ങൾക്കും സഭാനിയമങ്ങൾക്കും അധീനമായിരിക്കണമെന്ന് മൂലക്കാട്ട് പിതാവ് പറയുന്നു. എന്നാൽ അതനുസരിച്ച് മുന്നോട്ടുപോകുവാൻ ഒരു വിമുഖ കാണിക്കുന്നു എന്നുള്ളതാണ് വാസ്തവം.

ക്നാനായക്കാരൻ ആരെന്നുള്ള കോട്ടയം രൂപതയുടെയും ക്നാനായ സമുദായത്തിന്റെയും ഔദ്യോഗികവും അനൗദ്യോഗികവുമായ നിർവചനങ്ങൾ കോടതി ഇതിനോടകം പരിശോധിക്കുകയും തള്ളിക്കളയുകയും ചെയ്തിട്ടുള്ളതാണ്. ഓറിയന്റൽ കോൺഗ്രിഗേഷനും അതിനോട് യോജിക്കുന്നതായിട്ടാണ് കാണുന്നത്. കീഴ്ക്കോടതികളുടെ വിധികളൊക്കെ സുപ്രീംകോടതിയുടെ മുൻവിധികളുടെ അടിസ്ഥാനത്തിലുമാണ്. അതുകൊണ്ട് സുപ്രീംകോടതിയിലേക്ക് നമ്മുടെ കുഞ്ഞുങ്ങളെ, സഹോദരീ സഹോദരന്മാരെ, കുടുംബാംഗങ്ങളെ പുറത്താക്കണമെന്ന് പറഞ്ഞു അപ്പീൽ കൊടുത്താൽ അതിനനുമതി കിട്ടുമെന്ന് പ്രതീക്ഷിക്കാൻ വയ്യ. കോടതിയിൽ പോയി ഇനിയും വെറുതെ കോടികൾ മുടിക്കണോ?

അതുകൊണ്ട് അപ്നാദേശിലൂടെ അവാസ്തവമായ കാര്യങ്ങൾ പറഞ്ഞു ജനങ്ങളെ തെറ്റായി നയിക്കാതെ സത്യമായ കാര്യങ്ങൾ പറഞ്ഞു ജനങ്ങളെ ബോധവാന്മാരാക്കുവാൻ സഭാനേതൃത്വവും സമുദായ നേതൃത്വവും തയ്യാറാകണം. KSSS അനാവശ്യമായ ബഹളങ്ങൾ ഉണ്ടാക്കിയതുകൊണ്ടോ അപ്നാദേശ് കത്തിച്ചതുകൊണ്ടോ കാര്യങ്ങൾ ഒന്നും മാറാൻ പോകുന്നില്ല. അവരെ ആശ്വസിപ്പിക്കുവാൻ വേണ്ടി മൂലക്കാട്ട് പിതാവ് ഇറക്കിയ വീഡിയോ നല്ലതു തന്നെ! അവർക്ക് ആശ്വാസമായി എന്ന് കരുതുന്നു. (http://apnades.in/media22) ഇന്ന് കാര്യങ്ങൾ കോട്ടയം പിതാക്കന്മാരുടെ പൂർണ്ണമായ കൺട്രോളിൽ അല്ല. ക്നാനായ സമുദായത്തിന്റെ ആചാരങ്ങളിലും പാരമ്പര്യങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ക്നാനായ സമുദായത്തിന് സുഗമമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. നൂറുകണക്കിന് ക്നാനായ യുവതീ-യുവാക്കൾ ഇന്ന് സമുദായത്തിന് പുറത്തുനിന്നു ജീവിത പങ്കാളികളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അവരെയൊക്കെ ഇല്ലാത്ത വംശശുദ്ധിയുടെ പേരിൽ പുറത്താക്കിയാൽ സമുദായം ക്ഷയിച്ചു നാശത്തിലേക്കും നീങ്ങും. ഓറിയന്റൽ കോൺഗ്രിഗേഷനും കോടതികളും കല്പിച്ചിരിക്കുന്നതനുസരിച്ച് മുന്നോട്ടുപോയാൽ ക്നാനായ സമുദായത്തിനും സഭയ്ക്കും ശോഭനമായ ഒരു ഭാവിയുണ്ടാകും. യേശു പഠിപ്പിച്ച സ്നേഹപ്രമാണങ്ങൾക്കനുസൃതമായി, സ്വവംശവിവാഹനിഷ്ഠയെന്ന പഴയ നിയമ ആചാരങ്ങളിൽ മാറ്റം വരുത്തുവാൻ തയ്യാറായാൽ നമ്മൾ രക്ഷപ്പെടും; ഈ ലോകത്തിലും പരലോകത്തിലും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!



CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

March 2, 2018

Prot. N. 76/2011

Your Excellency,

I refer to Letter N. 76/2011, of 18 December 2017, sent to Your Excellency by this Congregation, regarding the Knanaya personal parishes present in the Eparchy "St. Thomas the Apostle of Chicago".

The same Letter was sent for information also to the Archbishop of Kottayam, H. E. Mar Mathew Moolakkat, who, together with Your Excellency, visited our Dicastery in the month of February to clarify some questions and to request a slight modification in the text of the aforementioned Letter.

Therefore, in light of the clarifications mentioned, we have established that the Letter remain unchanged, except for the following:
"*The intent of allowing the Knanaya personal parishes in the diaspora is to have a place where the social and cultural bonds of this community can be specially fostered without, however, limiting participation in divine worship only to persons of Knanaya lineage, as in fact is already the case*".

I take advantage of this opportunity to renew my respectful greeting and best wishes.

Sincerely,

Leonardo Card. Sandri
Prefect

✠ Cyril Vasil', S.I.
Archbishop Secretary

---------------------------------------

His Excellency the Most Reverend
Mar Jacob ANGADIATH
Bishop of St. Thomas the Apostle of Chicago
of Syro-Malabars
372 S. Prairie Avenue
ELMHURST, IL 60126-4020 - U.S.A.

Congr. Chiese Orientali
Allegato n° 1
al Foglio Prot. N° 76/2011

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

April 29, 2019

Prot. N. 76/2011

Mr. Kalayil,

I am pleased to respond to your letter of 20 March 2019, which was forwarded to this Congregation by the Apostolic Nuncio in the United States of America. Please see the attached copy of our letter dated 2 March 2018 to H.E. Bishop Jacob Angadiath, which will provide you with the requested information about the slight modification to the letter dated 18 December 2017.

The two letters, however, should be read together: while this Dicastery stands by the statement that no parish or mission is to be considered endogamous, it is also our longstanding position not to pronounce on the criteria of belonging to the Knanaya community, this being a matter to be resolved within the community itself. The Congregation has therefore repeatedly clarified with the St. Thomas Syro-Malabar Eparchy of Chicago that any faithful belonging to a Knanaya parish who marries outside the community remains a member of the parish in good standing and is to come under no compulsion to leave. Any pressure in this sense would be illegitimate. Moreover, participation in parish activities is open to non-Knanaya spouses, as well as any children born of the marriage.

With cordial best regards and prayerful best wishes, I am

Sincerely,

✠ Cyril Vasil', S.I.
Archbishop Secretary

Rev. Lorenzo Lorusso, O.P.
Under Secretary

----------------------------------------

Mr. Sales Kalayil
Segretario Knanaya Association of North America
212 Traver, Glen Ellyn,
IL 60137 – U.S.A.

Encl. 1

Congr. Chiese Orientali
Allegato N° 1
al Foglio Prot. N° 76/2011

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

December 18, 2017

Prot. N. 76/2011

Your Excellency,

On 3 November 2015, this Congregation appointed an Apostolic Visitor *ad referendum*, in the person of H.E. Msgr. Michael Mulhall, Bishop of Pembroke (Canada), to study the situation of the Knanaya community throughout the world. Bishop Mulhall submitted his report on 15 March 2017, and it was subsequently presented to the Members of this Dicastery, meeting in Plenary Session from 9-12 October 2017.

In a Letter of 15 November 2017, addressed to the Archbishop of Kottayam, H.E. Msgr. Mathew Moolakkatt, I observed: "While the study of Bishop Mulhall offered hopeful avenues to explore in the years ahead, the basic position of this Congregation remains unchanged. Specifically, while the link, which has developed between the practice of endogamy and ecclesial life, has been tolerated *de facto* in the *territorium proprium*, it is not to be permitted elsewhere."

This position is consistent with that found in the *Instructions* given by this Congregation to Your Excellency at the outset of your episcopal ministry in the United States: "pastoral care [should not] make any allowance for endogamy to play a role in defining the membership of faithful in any mission or parish established by the Eparchy" (*Instructions* of 21 November 2001).

While this Congregation appreciates the motives with which Your Excellency adopted a policy, by Letter of 19 September 2014, regarding certain parishes in your circumscription, it is clear that this policy conflicts with the position reaffirmed above. The intent of allowing so-called Knanaya parishes in the diaspora is to have a place where the social and cultural bonds of this community can be specially fostered without, however, limiting either membership or participation in the parish only to persons of Knanayan lineage. You are, therefore, kindly requested to remind your people that no parish or mission is to be considered endogamous in any sense (please note that the adverb "strictly" used in your Letter of 20 December 2012 should be avoided in the interests of clarity).

./.

His Excellency the Most Reverend
Mar Jacob ANGADIATH
Bishop of St. Thomas the Apostle of Chicago
of Syro-Malabars
372 S. Prairie Avenue
ELMHURST, IL 60126-4020
U.S.A.

CONGREGATIO
PRO ECCLESIIS ORIENTALIBUS

2.

As Your Excellency knows, a group of the faithful belonging to Saint Mary's Knanaya Catholic Parish and Sacred Heart Knanaya Catholic Parish has complained about the directive of 19 September 2014. A copy of the present Letter has been sent to their canonical counsel, Mr. J. Michael Ritty, as well as to the Major Archbishop of the Syro-Malabar Church and the Archbishop of Kottayam.

Thanking Your Excellency for your understanding, I wish you every grace and blessing.

Sincerely yours in Christ,

Leonardo Card. Sandri
Prefect

✠ Cyril Vasil', S.J.
Archbishop Secretary

# KCNS നെ വിളിക്കൂ! കോട്ടയം രൂപതയെ രക്ഷിക്കൂ!!!



**ജോസഫ് തോട്ടുങ്കൽ**
പ്രസിഡന്റ്, KCNS



കോട്ടയം കത്തോലിക്കാ രൂപതയിൽ വിശ്വാസികളുടേയും പുരോഹിതന്മാരുടേയും ഇടയിൽ എന്തെല്ലാം കോലാഹലങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. പള്ളികളിൽ രൂപതയുടെ മുഖപത്രമായ അപ്നാദേശ് കത്തിച്ചാമ്പലായിക്കൊണ്ടിരിക്കുന്നു. ക്നാനായ തീവ്രവാദികളുടെ ചില ഗ്രൂപ്പുകൾ വിവിധ സ്ഥലങ്ങളിൽ കൂടി കോട്ടയം രൂപതയുടെ മെത്രാന്മാരേയും വൈദികരേയും ചീത്ത പറഞ്ഞ് അട്ടഹസിക്കുന്ന കോമാളിത്തരങ്ങൾ ലൈവായി പ്രചരിച്ചുകൊണ്ടിരിക്കുന്നു. മദ്യം കഴിച്ച് ലെവൽ ഇല്ലാതെ മെത്രാന്മാരുടേയും ചില വൈദികരുടേയും പേരെടുത്തുപറഞ്ഞ് Plek കുത്തി പുറത്താക്കുകയെന്ന് വിളിച്ചു പറയുന്നത് കാണാമായിരുന്നു. കോട്ടയം രൂപത കത്തോലിക്കാ സഭയുടെ ഒരു രൂപതയാണെന്നും സീറോ മലബാർ റീത്തിലെ അംഗമാണെന്നും ആയതിനാൽ കത്തോലിക്കാ സഭയുടേയും സീറോ മലബാർ റീത്തിന്റേയും നിയമങ്ങൾ പാലിക്കുവാൻ രൂപതയ്ക്കും വിശ്വാസികൾക്കും ബാദ്ധ്യതയുണ്ടെന്ന വസ്തുത ഇടയലേഖനങ്ങൾ വഴിയും പ്രസംഗങ്ങൾ വഴിയും അപ്നാദേശിലൂടേയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ രൂപത ഒത്തിരി വൈകിപ്പോയിരിക്കുന്നു. സീറോ മലബാർ സഭാ സിനഡിലെ സ്ഥിരാഗമായ മാർ. മാത്യു മൂലക്കാട്ട് ഈ ബോദ്ധ്യപ്പെടുത്തൽ വളരെ നേരത്തെ തുടങ്ങേണ്ടതായിരുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ ബഹളങ്ങൾക്ക് കാരണം പെട്ടെന്നറിഞ്ഞപ്പോഴുള്ള ഷോക്കാണ്. 'സത്യം' ഒരു ഇടയലേഖനം വഴി ജനങ്ങളെ മനസ്സിലാക്കുമ്പോൾ കാപ്പിക്കോപ്പയിലെ ഈ കോളിളക്കം അടങ്ങാനേ ഉള്ളൂ. മേജർ ആർച്ച് ബിഷപ്പും മെത്രാൻ സിനഡും ഒരു നോക്കുകുത്തിപോലെ നിൽക്കുന്നതു കാണുമ്പോൾ KCNS ന് അനുകമ്പ തോന്നുന്നു.

ഒരു നൂറ്റാണ്ടായി കോട്ടയം രൂപതയിൽ സംഭവിച്ചുകൊണ്ടിരുന്ന ചില പാളിച്ചകളുടെ അനന്തരഫലമായി രൂപംകൊണ്ടിരുന്ന അഗ്നിപർവ്വതമാണ് ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടത്. 1911 ൽ കോട്ടയം രൂപത സ്ഥാപിച്ചുകൊണ്ട് വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പ മാർ മാത്യു മാക്കിയിലിന് കൊടുത്ത കല്പനയിൽ തെക്കുംഭാഗർക്കു വേണ്ടി കോട്ടയം രൂപത സ്ഥാപിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. മാർ തോമസ് തറയിലിന്റെ കാലംവരെ കല്പനയിലെ ഈ വാക്കിനെക്കുറിച്ച് യാതൊരു വ്യാഖ്യാനങ്ങളും നടന്നിരുന്നില്ല. യാതൊരു നടപടിയും എടുത്തതായി പറഞ്ഞു കേട്ടിട്ടില്ല. അതിന് പ്രധാന തെളിവാണ് ബിജു ഉതുപ്പിന്റെ പിതാവ് ഉതുപ്പ് ഉറവണക്കളത്തിന്റെ വിവാഹം. ഉതുപ്പ് സാറിന്റെ ഭാര്യ ഒരു ക്നാനായ സ്ത്രീ അല്ലായിരുന്നു. എന്നിട്ടും തറയിൽ പിതാവ് അനുവദിച്ചിരുന്നു. ഓർത്തഡോക്സ് സഭയിൽനിന്നും വിവാഹം കഴിച്ച് ഉഴവൂർ പള്ളിയിൽ ഇടവകക്കാരായി കഴിയുന്ന ക്നാനായക്കാർ ഇപ്പോഴുമുണ്ട്. ഉതുപ്പ് സാറിന്റെ രണ്ട് മക്കളും വിവാഹിതരായി യാതൊരു പ്രശ്നവുമില്ലാതെ കോട്ടയം രൂപതയിൽ നിലനിൽക്കുന്നു. അതിന്റെ പേരിൽ ആരുടേയും രക്തം അശുദ്ധമായിമായിട്ടില്ല. ഇപ്രകാരം എത്രയെത്ര മിശ്രവിവാഹങ്ങളാണ് കോട്ടയം രൂപതയിൽ നടന്നിട്ടുള്ളത്. ക്നാനായക്കാർ വായിച്ചിരിക്കേണ്ട ഒരു നോവലാണ് തകഴിയുടെ 'രണ്ടിടങ്ങഴി'. വിസ്താരവേളയിൽ അഭയാ കേസിലെ ഒന്നാം പ്രതി ഫാ. തോമസ് കോട്ടൂർ കോടതിയിൽ പറഞ്ഞു. ''മക്കൾ

ക്നാനായക്കാരന്റേതാണ് എന്ന് അമ്മ പറഞ്ഞാൽ മതി പോലും.''

മാർ കുര്യാക്കോസ് കുന്നശ്ശേരി ക്നാനായ മുത്ത് എന്ന് അറിയപ്പെടുവാൻ ആഗ്രഹിച്ചതുമുതലാണ് കല്പനയ്ക്ക് പുതിയ വ്യാഖ്യാനവുമായി മുന്നോട്ടു വന്നത്. തെക്കുംഭാഗർക്കുവേണ്ടിയാണ് കോട്ടയം രൂപത സ്ഥാപിതമായിരിക്കുന്നത്. അതുകൊണ്ട് തെക്കുംഭാഗർക്ക് മാത്രമുള്ളതാണ് കോട്ടയം രൂപതയെന്നും മറ്റാർക്കും അംഗത്വം കൊടുക്കുവാൻ പാടില്ലെന്നും കല്പനയെ വ്യാഖ്യാനിച്ചുകൊണ്ട് വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചു. കർഷകർ മാത്രമായിരുന്നു തെക്കുംഭാഗർ. വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന ഒരു ജനവിഭാഗം. പള്ളിയിൽ വൈദികർ പറയുന്നതും പള്ളിയിൽ വായിക്കുന്ന മെത്രാന്റെ ഇടയലേഖനവും അതേപടി വിഴുങ്ങുന്ന ഒരു ജനത. വൈദികർ കുർബ്ബാനസമയത്ത് സുവിശേഷം വായിക്കുമ്പോൾ മാത്രം വിശുദ്ധ ബൈബിളിലെ തിരുവചനങ്ങൾ ശ്രവിച്ചിരുന്ന ഒരു കാലഘട്ടം. കോട്ടയം രൂപതയ്ക്ക് പുറത്തുനിന്നുള്ളവരെ അത് സീറോ മലബാർ സഭയിൽപ്പെട്ടവരാണെങ്കിൽപ്പോലും വിവാഹം കഴിച്ചാൽ തെക്കുംഭാഗർ അശുദ്ധിയുള്ളവരാകുമെന്നും ആയതിനാൽ തെക്കുംഭാഗരെ മാത്രമേ വിവാഹം കഴിക്കാവൂ എന്നും, മാർ കുന്നശ്ശേരി കർശനമായ നിയമം കൊണ്ടുവന്നു. തെക്കുംഭാഗർ പിതാവായ അബ്രാഹത്തിന്റെ പരമ്പരയാണെന്നും അവർ ചാർച്ചക്കാരിൽനിന്നു മാത്രമേ വിവാഹം കഴിച്ചിരുന്നുവെന്നും പഴനിയമത്തെ അടിസ്ഥാനമാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. മന:സ്സമ്മത ശുശ്രൂഷാ സമയത്ത് നിയമവിരുദ്ധമായി തോബിത്തിന്റെ പുസ്തകത്തിൽ നിന്നുള്ള പ്രസ്തുത ഭാഗം (4-12,13) വായിക്കുവാൻ തുടങ്ങി. പഴനിയമ കാലത്ത് ദൈവജനവും വിജാതീയരും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന വസ്തുത ജനങ്ങളെ മനസ്സിലാക്കിയിരുന്നില്ല. വിജാതീയരിൽനിന്നും വിവാഹം ചെയ്താൽ ദൈവജനത്തിൽനിന്നും വിട്ടുപോകുമെന്ന് കരുതിയാണ് അന്ന് ചാർച്ചക്കാരിൽ നിന്ന് മാത്രം വിവാഹം ചെയ്യുവാൻ ഉപദേശിച്ചിരുന്നത്. ഈ സത്യം ജനങ്ങളിൽനിന്നും മറച്ചുവച്ചു. ഇപ്പോൾ തെക്കുംഭാഗർ സീറോ മലബാർ സഭയുടെ ഭാഗമായിരുന്നിട്ടും സ്വവംശവിവാഹം നിർബന്ധമാക്കിക്കൊണ്ടിരുന്നത് മാർ കുന്നശ്ശേരിക്ക് ക്നാനായ മുത്താകാനുള്ള സ്വാർത്ഥതകൊണ്ടായിരുന്നു. വേദപാഠ ക്ലാസ്സുകളിൽ തെക്കുംഭാഗരുടെ കല്ല്യാണ ആചാരങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങി. കല്ല്യാണാചാരങ്ങൾ കൊഴിപ്പിക്കുവാൻ പന്തലിൽ ഗ്രൂപ്പ് ഡാൻസുകൾ ആരംഭിച്ചു. പാണൻ പാട്ടുകൾക്ക് ഈണം നൽകി. മാർഗ്ഗംകളിക്ക് ആധുനിക ഡാൻസുകളുടെ ചുവട് നൽകി. ചുവടുകൾക്ക് ബലം കൂട്ടുവാൻ KCYL യുവാക്കൾക്ക് യൂണിഫോം നൽകുകകയും മദ്യം വിളമ്പുകയും ചെയ്യാൻ തുടങ്ങി. അങ്ങനെ ക്രിസ്തീയതയ്ക്ക് യോജിക്കാത്ത സമുദായ സ്പിരിറ്റ് രൂപതയിലെ വിശ്വാസികളിൽ മാർ കുന്നശ്ശേരി അടിച്ചേൽപ്പിച്ചു. സമുദായത്തിന് ഒരു പുതിയ പേര് നൽകി. തെക്കുംഭാഗരെന്ന് അറിയപ്പെട്ടിരുന്ന സമുദായത്തിന് ക്നാനായ സമുദായം എന്ന പേര് നൽകി. പള്ളികളുടെ പേരെഴുതിയ ബോർഡുകൾ തിരുത്തി എഴുതി. ക്നാനായ പള്ളികൾ എന്നാക്കി. മാർ മാത്യു മാക്കിയിൽ രൂപത ലഭിക്കുന്നതിനായി വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പയോട് മറച്ചുവച്ച ക്നാനായ എന്ന പേര് സമുദായത്തിന് നൽകി. മാർ. കുര്യാക്കോസ് കുന്നശ്ശേരി 'ക്നാനായ മുത്ത്' ആയി. ഇനി തെക്കുംഭാഗ ജനത്തെ ബോദ്ധ്യപ്പെടുത്തി തിരിച്ചു കൊണ്ടുവരുന്നതിന് കുറേ പാടുപെടേണ്ടി വരും.

ബഹിളിപിടിച്ച സംരക്ഷണസമിതി എന്ന തീവ്രവാദികളുടെ ഭീഷണിയെ ഭയപ്പെട്ട് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലിത്ത യൂദാസ് സ്കറിയാത്തയെപ്പോലെ സഭയേയും യേശുക്രിസ്തുവിനേയും ഒറ്റിക്കൊടുത്തുകൊണ്ട് ഫെയ്സ്ബുക്കിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. യൂദാസ് സ്കറിയാത്ത യേശുവിനെ ഒറ്റിക്കൊടുത്തശേഷം മണിക്കൂറുകൾക്കകം സഹിക്കവയ്യാതെ കെട്ടിഞ്ഞാണു ചത്തു. സഭയോട് ലവലേശം ആത്മാർത്ഥതയില്ലാത്ത ഒരു മെത്രാപ്പോലീത്ത. ഒരു രൂപപോലും സ്തോത്രകാഴ്ചയായോ സംഭാവനയായോ നൽകിപ്പോകരുതെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്ത തീവ്രവാദികളെ ഭയന്ന് അദ്ദേഹം മലക്കം മറിഞ്ഞു. മരണംവരെ ക്നാനായക്കാർക്കുവേണ്ടി മാത്രം ജീവിക്കും എന്ന് പറയാൻ അദ്ദേഹത്തിന് യാതൊരു ഉളുപ്പും ഉണ്ടായില്ല. ''നമുക്ക് യേശുവിനോടൊപ്പം പോയി മരിക്കാം'' എന്ന് പറയാൻ ധൈര്യം കാണിച്ച തോമാശ്ലീഹായുടെ പിൻഗാമിയായ മെത്രാപ്പോലീത്ത ക്നാനായക്കാരുടെ പണം നഷ്ടപ്പെടുമെന്ന് വിചാരിച്ച് സഭയേയും യേശുവിനേയും തള്ളിപ്പറഞ്ഞുകൊണ്ട് സമുദായത്തെ തെരഞ്ഞെടുത്തിരിക്കുന്നു. കോട്ടയം രൂപത മെത്രാന് മത്തായിയുടെ സുവിശേഷം 28: 19-20 തിരുവചനങ്ങൾ പൗരസ്ത്യ തിരുസംഘം ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ. സുവിശേഷം ശ്രവിച്ച് വിശ്വസിച്ചുവരുന്നവരെ ഇടവകയിൽ അംഗങ്ങളായി സ്വീകരിക്കണമെന്ന യേശുവിന്റെ കല്പന നടപ്പാക്കുവാൻ മറ്റ് മെത്രാന്മാരോടൊപ്പം കോട്ടയം രൂപത മെത്രാനും ബാദ്ധ്യതയില്ലേ. ഇനി അദ്ദേഹത്തിന് റോമിൽ ചെല്ലാൻ പറ്റുമോ എന്ന് അറിഞ്ഞുകൂടാ. ക്രിസ്ത്യാനിയായിട്ട് വരാനാണ് കാർഡിനൽ ലിയനാർഡോ സാന്ദ്രി ഉപദേശിച്ചുവിട്ടത്. ക്രിസ്ത്യാനിയാകുന്നതിനു പകരം ക്നാനായക്കാരനായിട്ട് എങ്ങനെ പോകും?

കോട്ടയം രൂപത തെക്കുംഭാഗർക്ക് മാത്രമുള്ള രൂപതയാണോ? കോട്ടയം രൂപത മെത്രാൻ തെക്കും ഭാഗരുടെ മാത്രം മെത്രാനാണോ? എല്ലാവരേയും കുറേകാലത്തേക്ക് പറ്റിക്കാം. കുറേപ്പേരെ എല്ലാ കാലത്തേക്കും പറ്റിക്കാം. എന്നാൽ എല്ലാവരേയും എല്ലാ കാലവും പറ്റിക്കാൻ പറ്റുമോ പിതാവേ. 2017 ഡിസംബർ 18 ലേയും 2018 മാർച്ച് 2 ലേയും പൗരസ്ത്യ തിരുസംഘത്തിന്റെ കത്തുകൾ വിവരമുള്ള ക്നാനായക്കാർ ആരെങ്കിലും ഒന്നു വായിക്കണേ. മെത്രാന്മാർ പലപ്രാവശ്യം വായിച്ചുകാണും. എന്നാൽ പരസ്യപ്പെടുത്തിയിട്ടില്ല. ഇടവക ജനങ്ങളെ വായിച്ചറിയിക്കേണ്ടതല്ലേ. വായിച്ചറിയിക്കണമെന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ട് പ്രത്യേകം കത്തിൽ എഴുതിയിട്ടുണ്ട്. ഈ കല്പനകളിലെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.

“The intend of allowing so called Knanaya Parishes in the diaspora is to have place where the social and cultural bonds of this community can specially fostered without, however, limiting either membership or participation in the parish only to persons of Knanaya Leanage. You are therefore kindly requested to remind your people that no parish or mission is to be considered endogomous in any sense. (Please note that the adverb ‘Strictly’ used in your letter.”)

“അതായത് ഒരു രൂപതയും ഇടവകയും മിഷനും സ്വവംശവിവാഹനിഷ്ഠ ഉള്ളതാകാൻ പാടില്ല. ക്നാനായക്കാർക്ക് അവർ സാമൂഹ്യമായും സാംസ്കാരികമായും ബന്ധപ്പെട്ടു കിടക്കുന്ന ചില ആചാരങ്ങൾ തുടരുവാൻ അവസരം കൊടുക്കേണ്ടതാണ്. പക്ഷേ അംഗത്വം നൽകുന്നതും കൂദാശകൾ നൽകുന്നതും ഇടവകപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതും ക്നാനായ ലീനിയേജിൽപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ പാടില്ല. ഇത് അങ്ങയുടെ ജനങ്ങളെ ദയവായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.” ഈ കല്പന ഇടവകജനങ്ങളെ അറിയിക്കണമെന്ന് പ്രത്യേകം പറഞ്ഞിട്ടും ജനങ്ങളെ അറിയിക്കാതെ മറച്ചുവച്ചു. മെത്രാപ്പോലീത്ത ഫെയ്സ്ബുക്കിലൂടെ പ്രസംഗിച്ചപ്പോഴും ഇക്കാര്യം പറഞ്ഞിട്ടില്ല. അപ്നാദേശിൽ ജോയി കറുകപ്പറമ്പിൽ അച്ചനും കല്പനയിലെ പല കാര്യങ്ങളും മറച്ചുവച്ചു. ഒരു കാര്യം സത്യമെന്നറിഞ്ഞിട്ടും അതിനോട് മറുതലിക്കുന്നത് പരിശുദ്ധാത്മാവിനെതിരായിട്ടുള്ള പാപമാണെന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഈ പാപം ഇഹത്തിലും പരത്തിലും പൊറുക്കുകയില്ലെന്നും പഠിപ്പിക്കുന്നുണ്ട്.

അപ്നാദേശിൽ ക്നാനായ സമുദായ അംഗത്വത്തെക്കുറിച്ച് ജോയി കറുകപ്പറമ്പിൽ അച്ചൻ എഴുതിയ ലേഖനത്തിൽ വിചിത്രമായ ഒത്തിരി വ്യാഖ്യാനങ്ങൾ കാണുകയുണ്ടായി. അതിലൊരു കാര്യം മാത്രം ഇവിടെ സൂചിപ്പിക്കട്ടെ. ക്നാനായ മാതാപിതാക്കളിൽനിന്നും ക്നാനായനായി ജനിച്ച ഒരാൾ മാമ്മോദീസായിലൂടെ ക്നാനായ കത്തോലിക്കനായിത്തീരുന്നു. അതായത് ക്നാനായക്കാർ മാമ്മോദീസാ മുങ്ങിയാൽ ക്നാനായ കത്തോലിക്കൻ. ഈഴൻ മാമ്മോദീസാ മുങ്ങിയാൽ ഈഴവ കത്തോലിക്കൻ. ദളിത് കത്തോലിക്കൻ, പുലയ കത്തോലിക്കൻ എന്നിങ്ങനെ പറയേണ്ടിവരുമല്ലോ. ഇവർക്കെല്ലാം പ്രത്യേക പള്ളികളും രൂപതകളും കൊടുക്കുകയും ചെയ്യണം. മാമ്മോദീസാ (ജ്നാനസ്നാനം) എന്നാൽ എന്ത് ? ജന്മപാപത്തിൽനിന്നും കർമ്മപാപം ഉണ്ടെങ്കിൽ അതിൽനിന്നും മോചിച്ച് നമ്മെ ക്രിസ്ത്യാനികളും ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിന് അവകാശികളും ആക്കുന്ന കൂദാശയാണ് മാമ്മോദീസ. ഇതാണ് വേദപാഠ പുസ്തകത്തിൽ മാമ്മോദീസായ്ക്ക് കൊടുത്തിരിക്കുന്ന നിർവ്വചനം. മാമ്മോദീസാ സ്വീകരിച്ച എല്ലാവരും ദൈവമക്കളാണ്. ദൈവമക്കൾക്കിടയിൽ വിവേചനം ഉണ്ടോ!

‘‘ആകയാൽ നിങ്ങൾ പോയി എല്ലാ ജനങ്ങളേയും ശിക്ഷ്യപ്പെടുത്തുവിൻ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.’’ (മത്തായി 28:19–20). ഈ ബൈബിൾ തിരുവചനം പാലിക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും ഉത്തരവാദിത്വമുണ്ട്. അതാണ് സഭ ചെയ്തുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയാണ് രൂപതകൾ സ്ഥാപിക്കുന്നത്. സഭയുടെ ഏറ്റവും ചെറിയ യൂണിറ്റാണ് രൂപത. സഭ പ്രകൃത്യാതന്നെ മിഷനറിയാണ്. അതുകൊണ്ട് രൂപതകളിൽ മിഷനറി പ്രവർത്തനം ചെയ്തേ പറ്റൂ. സുവിശേഷം പ്രചരിപ്പിച്ച് യേശുവിൽ വിശ്വസിച്ചുവരുന്നവരെ ജ്ഞാനസ്നാനപ്പെടുത്തി യേശു കല്പിച്ചവയെല്ലാം പഠിപ്പിച്ച് സഭയിലേയ്ക്ക് ചേർക്കുന്നതാണ് മിഷനറി പ്രവർത്തനം. സഭയ്ക്കുവേണ്ടി രൂപത ചെയ്യേണ്ട കർത്തവ്യം ഇതാണ്. രൂപതയുടെ മെത്രാൻ സഭയുടെ വികാരിയാണ്. അദ്ദേഹം സഭയുടെ ജോലി ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. അല്ലാതെ ക്നാനായക്കാരന് പെണ്ണും ചെറുക്കനും കൂട്ടിക്കൊടുക്കുന്ന ബ്രോക്കറല്ല മെത്രാൻ. അവരുടെ കല്ല്യാണാചാരങ്ങൾ പഠിപ്പിക്കുന്ന ആളുമല്ല മെത്രാൻ. രൂപതയിലുള്ള ക്നാനായക്കാർക്ക് അവരുടെ ആചാരങ്ങൾ നടത്തുന്നതിനുള്ള അവസരവും സൗകര്യവും ഏർപ്പെടുത്തിക്കൊടുക്കേണ്ട ബാദ്ധ്യത മാത്രമേ കോട്ടയം രൂപതയിലെ മെത്രാനുള്ളൂ. പക്ഷേ സുവിശേഷം പ്രസംഗിക്കുകയും വിശ്വസിച്ചു

വരുന്ന എല്ലാ ജനതയിൽപ്പെട്ടവരേയും രൂപതയിലേയ്ക്ക് ചേർക്കുക എന്നത് മറ്റ് രൂപതകളെപ്പോലെ തന്നെ കോട്ടയം രൂപതയ്ക്കും ബാധകമാണ്. അതുകൊണ്ടാണ് സഭയും സമുദായവും രണ്ടാണ് എന്ന് KCNS പറയുന്നത്. ഒരു സമുദായത്തിനുവേണ്ടി ഒരു രൂപത അനുവദിക്കാറില്ല. എന്നാൽ ഒരു രൂപതയിൽ പല സമുദായങ്ങളും ഉണ്ടാകാം. അവരെ ഉൾക്കൊള്ളുക എന്നത് ഒരു രൂപതയുടെ കടമയാണ്.

'തെക്കുംഭാഗർക്കുവേണ്ടി' എന്ന് കല്പനയിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് തെക്കുംഭാഗർക്കുമാത്രമുള്ളതല്ല രൂപത. സഭ രൂപതകൾ സ്ഥാപിക്കുമ്പോൾ ഒരു ജനവിഭാഗത്തിന്റെ വികസനത്തിനുവേണ്ടി എന്ന അർത്ഥത്തിൽ ആ വിഭാഗത്തിനുവേണ്ടി എന്ന് പറയാറുണ്ട്. കോട്ടയം രൂപത സ്ഥാപിച്ചപ്പോൾ 'തെക്കുംഭാഗർക്കുവേണ്ടി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുപോലെതന്നെ പുനലൂർ രൂപത സ്ഥാപിച്ചപ്പോൾ 'ദളിത് ക്രൈസ്തവർക്കുവേണ്ടി' എന്നും ആലപ്പുഴ രൂപത സ്ഥാപിച്ചപ്പോൾ 'അഞ്ഞൂറ്റിക്കാർക്കുവേണ്ടി' എന്നും കൊച്ചി രൂപത സ്ഥാപിച്ചപ്പോൾ 'എഴുന്നൂറ്റിക്കാർക്കുവേണ്ടി' എന്നും കല്പനകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രൂപതകളെല്ലാം ഈ പറഞ്ഞവർക്കുവേണ്ടി മാത്രമുള്ളതല്ല. കത്തോലിക്കാ സഭയിൽ വിശ്വസിക്കുന്ന ആരേയും സഭയുടെ രൂപതകളിൽ ചേർക്കണം. അതാണ് സഭാനിയമം. കോട്ടയം രൂപതയിൽ ക്നാനായക്കാരല്ലാത്തവരെ ചേർത്താൽ രൂപതയ്ക്ക് എന്താണ് സംഭവിക്കുക. കല്ല്യാണ ആലോചനകൾ നടക്കുമ്പോൾ ക്നാനായക്കാർ ആണോ എന്നു മാത്രമാണോ അന്വേഷിക്കുന്നത്. ജോലി, സാമ്പത്തികം, കുടുംബമഹിമ, വിദ്യാഭ്യാസം, നിറം തുടങ്ങിയ എത്രയോ കാര്യങ്ങളാണ് അന്വേഷിക്കുന്നത്. അന്വേഷണത്തിൽ ക്നാനായ അല്ലെങ്കിൽ വേണ്ടെന്നു വച്ചാൽ പോരേ.

കോട്ടയം രൂപതയുടെ മെത്രാന് ക്നാനായക്കാരുടേമേൽ മാത്രമേ അധികാരമുള്ളൂ എന്ന് ബിഷപ്പ് മൂലക്കാട്ട് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്. രൂപതാസ്ഥാപന കല്പനയിൽ അങ്ങനെ പറയുന്നില്ലല്ലോ. അങ്ങനെയെങ്കിൽ സീറോ മലബാർ സഭയിലെ സിനഡിലെ അംഗവും സ്ഥിരം സിനഡംഗവും എന്ന സ്ഥാനമാനങ്ങളൊക്കെ വഹിക്കുവാൻ അദ്ദേഹത്തിന് എങ്ങനെ കഴിയും. സീറോ മലബാർ സഭയുടെ ഭരണകാര്യങ്ങളൊക്കെ നിയന്ത്രിക്കുന്നത് അദ്ദേഹം ഉൾപ്പെട്ട സിനഡല്ലേ. അതിനാൽതന്നെ ബിഷപ്പ് മൂലക്കാട്ടിന് ക്നാനായക്കാരല്ലാത്തവരുടേമേൽ അധികാരമുണ്ടന്നല്ലേ അതിനർത്ഥം. വിശ്വാസികളെ കളിപ്പിക്കുകയല്ലേ കോട്ടയം മെത്രാൻ ചെയ്യുന്നത്. സീറോ മലബാർ സഭ എവിടെയെല്ലാം ഉണ്ടോ അവിടെല്ലാം കോട്ടയം രൂപതയ്ക്ക് അധികാരമുണ്ട് എന്നാണല്ലോ ജനങ്ങളെ ധരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പ്രോപ്പർ അതിർത്തിയിൽ മാത്രമേ അധികാരമുള്ളൂ എന്നും മറ്റ് സ്ഥലങ്ങളിലെല്ലാം ആത്മീയ അധികാരം മാത്രമേ ഉള്ളൂ എന്നും പറയുവാൻ ഇപ്പോൾ തുടങ്ങിയല്ലോ. അതായത് അമേരിക്കയിലുള്ള ക്നാനയക്കാർ ബിഷപ്പ് ജേക്കബ് അങ്ങാടിയത്തും ആസ്ട്രേലിയയിലുള്ളവർ ബിഷപ്പ് ബോസ്കോ പുത്തൂരും യു.കെ.യിൽ ഉള്ളവർ അവിടുത്തെ സീറോ മലബാർ ബിഷപ്പും പറയുന്നത് അനുസരിച്ചേ പറ്റൂ. പ്രോപ്പർ ടെറിറ്ററി എന്നു പറഞ്ഞാൽ അത് എവിടം വരെ ഉണ്ട്? ചങ്ങനാശ്ശേരിയിൽ നിന്നല്ലേ പിരിഞ്ഞു പോന്നത്. അതിനാൽ കോട്ടയം ജില്ല മുഴുവൻ കാണുവായിരിക്കും!

ക്നാനായ സമുദായത്തിന് സ്വന്തമായിട്ടുള്ളത് പാരമ്പര്യമായി ലഭിച്ചിട്ടുള്ളതും കല്ല്യാണ ആഘോഷങ്ങളോട് ബന്ധപ്പെട്ടതുമായ ചില ആചാരങ്ങളും ഒരു പ്രത്യേക സംസ്കാരവുമാണ്. അതിൽ നമുക്ക് അഭിമാനിക്കാം. ശുദ്ധരക്തം, തനിമ എന്നൊക്കെ പറയുന്നത് ഈ കാലഘട്ടത്തിന് യോജിച്ചതല്ലെന്ന് മാത്രമല്ല ലോകത്തിൽ അങ്ങനെ ഒന്നില്ലതാനും. ക്നാനായ സമുദായത്തിന്റെ സ്ഥാപകൻ ക്നായി തൊമ്മൻ ഇന്ത്യയിൽ വന്നശേഷം കൊടുങ്ങല്ലൂരിൽ വച്ച് വിളക്കിത്തലനായർ (Mainatto Caste) സ്ത്രീയെ വിവാഹം കഴിച്ചെന്നും ക്നായി തൊമ്മന് ഈ സ്ത്രീയിൽ നിന്നുണ്ടായ മക്കളാണ് തെക്കുംഭാഗരുടെ സ്ഥാപകർ (Authors and Founders) എന്നും റവ. ഡോ. ജേക്കബ്ബ് കൊല്ലാപറമ്പിൽ "സിംപോസിയം ഓൺ ക്നാനൈറ്റ്സ്" (Symposium on Knanites) എന്ന സോവനീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (1986 ൽ കൊല്ലാപറമ്പിൽ അച്ചൻ തന്നെ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച സോവനീറിലെ 16-ാം പേജ് കാണുക.) ക്നാനായ ആചാരങ്ങളും സംസ്കാരവും ഉൾക്കൊള്ളുവാൻ താല്പര്യപ്പെട്ടു വരുന്നവരെ കോട്ടയം രൂപതയിലേയ്ക്ക് മരുമകളായി/മരുമകനായി സ്വീകരിച്ച് രൂപതയും സമുദായവും വളർന്നുകാണുവാനല്ലേ ഓരോ ക്നാനായക്കാരനും ആഗ്രഹിക്കേണ്ടത്. ആരെയെങ്കിലും നമ്മുടെ കുടുംബത്തിൽനിന്ന് നമ്മൾ പുറത്താക്കുന്നുണ്ടോ. കുടുംബത്തിലുള്ള അവകാശങ്ങൾ ആർക്കെങ്കിലും നഷ്ടപ്പെടുന്നുണ്ടോ? കുടുംബബന്ധങ്ങൾ ഇല്ലാതാകുന്നുണ്ടോ? ദേവാലയത്തിൽ എന്തിനാ ഈ വിവേചനം. എത്രയോ യുവതീയുവാക്കളാണ് പങ്കാളിയെ ലഭിക്കാതെ അവിവാഹിതരായി നിൽക്കുന്നത്. എത്ര കുടുംബങ്ങളാണ് വിവേചനത്തിന്റെ പേരിൽ തകർന്നുകൊണ്ടിരിക്കുന്നത്. ദത്തെടുക്കുന്ന മക്കളെ സ്വന്തം ഇടവകയിൽ ചേർക്കാൻ പറ്റാതെ വിഷമിക്കുന്ന എത്രയോ ദമ്പതികളാണ് ഉള്ളത്. മാതാപിതാക്കളും ഏതാനും

മക്കളും കോട്ടയം രൂപതയിലും ഏതാനും മക്കൾ മറ്റ് രൂപതയിലും സ്ഥിതി ചെയ്യുന്ന എത്രയോ കുടുംബങ്ങളുണ്ട്. സ്വന്തം ഇടവകപ്പള്ളിയുടെ തൊട്ടടുത്ത് താമസിക്കുന്ന എത്ര കുടുംബങ്ങളാണ് കൂദാശകൾക്കു വേണ്ടി വളെ ദൂരെയുള്ള പള്ളികളിൽ പോകേണ്ടി വരുന്നത്. സ്വന്തം പള്ളിയിൽ പുറത്താക്കപ്പെട്ടവരും മറ്റ് പള്ളികളിൽ വരുത്തരുമായി കഴിയുന്ന കുറേ കുടുംബങ്ങൾ മാമ്മോദീസായ്ക്കും കല്ല്യാണത്തിനും സംസ്കരിക്കപ്പെടുന്നതിനുമാത്രം പള്ളിയിൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്ന സത്യം ഒരു മെത്രാന്മാരും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. സ്വവംശവിവാഹനിഷ്ഠയുടെ അനന്തരഫലം മന്ദബുദ്ധികളും മാനസിക രോഗികളുമായ ഒരു തലമുറയെ സൃഷ്ടിക്കുകയായിരിക്കുമെന്ന് കോട്ടയം രൂപതയുടെ തന്നെ ഫാ. സ്റ്റീഫൻ ചീക്കപ്പറമ്പിൽ ഒരു ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 2017 ഡിസംബർ 18 ലെ പൗരസ്ത്യ തിരുസംഘത്തിന്റെ കല്പനയിൽ കോട്ടയം രൂപതയുടെ പ്രോപ്പർ ടെറിറ്ററിയിൽ നടക്കുന്ന സ്വവംശവിവാഹനിഷ്ഠയും അതിന്റെ പേരിലുള്ള പുറത്താക്കൽ നടപടിയും കത്തോലിക്കാ സഭ സഹിച്ചുകൊണ്ടിരിക്കുകയാണെന്നും മറ്റൊരിടത്തും ഇത് അനുവദിക്കുകയില്ലെന്നുമുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ കല്പന ഒരു താക്കീതാണ്. സഹിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ സഭ അത് അംഗീകരിക്കുന്നില്ലെന്ന് തന്നെയാണ്. അതുകൊണ്ട് ഈ കല്പനകൾ ദൈവത്തിന്റേതാണെന്നു കരുതി സ്വീകരിച്ചുകൊണ്ട് കോട്ടയം രൂപതയിലേയും മറ്റ് രൂപതകളിലേയും ജനങ്ങൾ ദൈവത്തിന്റെ മക്കളാണെന്ന നമ്മുടെ വിശ്വാസം നിലനിർത്തി സ്വവംശവിവാഹം നിർബന്ധമാക്കാതെ, വിവേചനമില്ലാതെ നമുക്ക് ഐക്യത്തോടെ വളരുവാൻ ശ്രമിക്കാം. അതിനുവേണ്ടി KCNS അവസാനംവരെ പ്രവർത്തിച്ചുകൊണ്ടേയിരിക്കും.


**ജോസഫ് തോട്ടുങ്കൽ**
പ്രസിഡന്റ്, KCNS
Ph: 9447056146



# വചനം, തിരുമധുരം



കെ. ജോർജ്ജ് ഉമ്മൻ
ഡിസ്ട്രിക്ട് ജഡ്ജ് (റിട്ട.)



**അ**ത്യന്തം ആശങ്കാജനകമായ ഒരു കാലഘട്ടത്തിലത്രെ നാം ഇന്ന് ജീവിക്കുന്നത്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ സാഹചര്യങ്ങൾ ആകമാനം വീക്ഷിച്ചു വിലയിരുത്തിയാൽ സാമൂഹിക-സാംസ്കാരിക ആത്മീയ മണ്ഡലങ്ങളിൽ ഉണ്ടായിട്ടുള്ള ജീർണ്ണാവസ്ഥ ഒരു സാംക്രമിക രോഗം പോലെ സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്നതായി കാണുവാൻ സാധിക്കുന്നു. സത്യവും ന്യായവും ധർമ്മവും നീതിയും വെറും കടലാസു ചുരുളിലെ ലിഖിതങ്ങൾ മാത്രമായി കരുതപ്പെടുമ്പോൾ അനിശ്ചിതത്വം നിറഞ്ഞ ഭാവിയെ നമുക്ക് എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും എന്ന ചോദ്യം ഉൽഭവിക്കുകയാണ്. പ്രശ്നസങ്കീർണ്ണമായ ജീവിത പരിതസ്ഥിതികളിൽ പ്രത്യേകിച്ചും ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ജീവിതം പ്രതീക്ഷാനിർഭരമായി എങ്ങനെ മുന്നോട്ട് നയിക്കും എന്ന് ചിന്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അനേകം മനുഷ്യരുടെ ഹൃദയങ്ങളിൽ ഈ ചോദ്യങ്ങൾ ഇന്ന് ഉയർന്നുകൊണ്ടിരിക്കുന്നു. ഇതിന് ഉത്തരം ഒന്നേയുള്ളൂ. അഖിലാണ്ഡത്തിന്റെയും സകല സൃഷ്ടിയുടെയും ഉടയവനായ ദൈവത്തോട് ചേർന്ന് നിൽക്കുകയും അവന്റെ അപ്രമേയത്തിൽ വിശ്വസിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്യുക എന്നുള്ളതാണ്.

To be on God's side and believe in His Providence and sovereignty. ആയതിന്റെ അടിത്തറ തീർച്ചയായും ദൈവീകകല്പനകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിലും ദൈവവചനത്തോടുള്ള ബന്ധത്തിലും കെട്ടപ്പെടേണ്ടതാണ് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും.

വിശുദ്ധ വേദപുസ്തകത്തിൽ സങ്കീർത്തനക്കാരൻ ഇപ്രകാരം പറയുന്നു: 'ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ.' 'ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. (സങ്കീ. 119: 9, 11). വിജയകരവും അനുഗ്രഹപ്രദവുമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ മൂലക്കല്ലാണ് തിരുവചനം. ആയതുകൊണ്ട് ജീവിതപന്ഥാവിലെ നടപ്പിനും വളർച്ചയ്ക്കും വചനം വായിക്കുകയും ധ്യാനിക്കുകയും പഠിക്കുകയും വചനത്തോടുള്ള ആഭിമുഖ്യത്തിൽ പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. തിരുവചനം മരുഭൂമിയിലെ വഴികാട്ടിയാണ്. ലോകജീവിതം ഒരു പ്രവാസയാത്രയാണ്; മരുഭൂമിയിൽക്കൂടെയുള്ള വാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാണം. We are heading to the Promised Land through the heated and difficult dessert days. മരുഭൂമിയിൽ വഴികളില്ല. മരുഭൂമിയിൽക്കൂടെ നടക്കുമ്പോഴുള്ള പാതയിൽ കാറ്റടിക്കുമ്പോൾ മൺകൂനകൾ നിറയും. അടുത്ത കാറ്റടിക്കുമ്പോൾ മൺകൂനകളുടെ സ്ഥാനത്ത് കുഴികളായിരിക്കും കാണുക. ഇങ്ങനെ മരുഭൂമിയിൽക്കൂടെയുള്ള ജീവിതയാത്രയിൽ നമ്മുടെ Guide Post ആണ് തിരുവചനം. ആത്മീയ ജീവിതത്തിന്റെ മാധുര്യം തിരുവചനത്തോടുള്ള അനുസരണയിൽ നിന്നും ഉളവാകുന്നതാണ്. ദൈവവചനം ഇന്നും എന്നും സംസാരിക്കുന്നു. മനസ്സിലാക്കി കീഴ്പ്പെടുന്നവർക്ക് അത് അനുഗ്രഹത്തിനും, മറുത്ത് മത്സരിക്കുന്നവർക്ക് അത് ശാപത്തിനും കാരണമാകുന്നു. അതുകൊണ്ടാണ് സഭയുടെ ശില്പിയും


അപ്പൊസ്തലനുമായ പൗലോസ് 'ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു' എന്ന് പറഞ്ഞത്. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ള തായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേറുവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങ ളേയും വിവേചിക്കുന്നതും ആകുന്നു. (എബ്രാ. 4: 12). അതേ സങ്കീർത്തനക്കാരൻ വീണ്ടും പറയുന്നു 'നിന്റെ വചനം എന്റെ കാലുകൾക്ക് ദീപവും എന്റെ പാതയ്ക്ക് പ്രകാശവുമാകുന്നു. (സങ്കീ. 119: 105)

ദൈവം മനുഷ്യനല്ല. ദൈവീക പദ്ധതി മനുഷ്യന്റെ ഉൾക്കാഴ്ച്ചയ്ക്ക് confront ചെയ്യാവുന്നതുമല്ല. മോശെയെ ദൈവം തെരഞ്ഞെടുത്തു; യിസ്രയേൽ മക്കളെ മിസ്ര യീമിൽ നിന്ന് വിടുവിക്കുവാൻ മരുഭൂമിയിൽക്കൂടെ യുള്ള യാത്രയിലെ നേതൃത്വത്തിന് മോശെ നാല്പതു വർഷം മരുഭൂമിയിലായിരുന്നു. ആയതുകൊണ്ടു തന്നെ മരുഭൂമിയുടെ മുക്കും മൂലയും മോശെയ്ക്ക് ആദ്യന്തം സ്വായത്തമായിരുന്നു. അപ്പൊസ്തലനായ പൗലോസ് തിരുവെഴുത്തുകളെ ആധാരമാക്കി വാദിക്കുമ്പോഴും യേശുവിനെ പ്രസംഗിക്കുമ്പോഴും മനസ്സിൽ എപ്പോഴും ആളിക്കത്തുന്ന തീയായിരുന്നു. അങ്ങനെ തന്റെ ഒരു മിഷനറി യാത്രയിൽ തത്വജ്ഞാനികളുടെ നഗരമായ അഥേനയിൽ പല ദേവന്മാരെ ആരാധിക്കുന്ന സ്ഥലത്ത് - അരയോപഗ കുന്നിന് മദ്ധ്യേ നിന്ന് യേശുവിനെ പ്രകീർത്തിച്ചു വീറോടെ ദൈവവചനം പ്രസംഗിച്ചു. അവിടെ അരയോപഹ സ്ഥാനിയായ ദിയൊന സ്യോസും മറ്റു ചിലരും പൗലോസിന്റെ പ്രസംഗത്തിൽ വേർപിരിഞ്ഞു മാനസാന്തരപ്പെടുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. ആത്മാക്കളെ നേടുന്നതും രക്ഷയുടെ മാർഗ്ഗത്തിൽ നിർത്തുന്നതും ഈ അഖിലാണ്ഡം മുഴു വൻ നേടുന്നതിനേക്കാൾ എത്ര അഭികാമ്യമായ സംഗ തിയാണ് എന്ന് സ്വർഗ്ഗം പുതിയ നിയമത്തിന്റെ സന്ദേ ശവാഹിത്വം വഹിക്കുന്ന സഭയെ ഉദ്ബോധിപ്പിക്കുന്നു.

വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഈ ലോകത്തിൽ ദൈവം നൽകിയിരിക്കുന്ന വൈവി ധ്യത്തെ ഐക്യതയിൽ നിലനിർത്തുവാൻ വിളിക്കപ്പെ ട്ടിരിക്കുന്ന സമൂഹമാണ് ക്രിസ്തീയ സഭ. പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവ യവങ്ങളുമാകുന്നു. എന്നാൽ ആചാരങ്ങളുടേയും വിശ്വാസത്തിന്റേയും ജാതിചിന്തകളുടേയും ഭരണസം വിധാനത്തിന്റേയും പേരിൽ ഭിന്നത നിലനിൽക്കുന്നു. അങ്ങനെ യേശുവിനെ പ്രതിനിധാനം ചെയ്യുവാൻ സഭ പലപ്പോഴും പരാജയപ്പെടുന്നു.

വളരെയധികം പ്രാർത്ഥന ആവശ്യമാണ്. നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം.

ലോകരക്ഷകനായ ദൈവമേ, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ. ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേല ക്കാരായി, ദൈവത്തിന് കൊള്ളാവുന്നവരായി നില്പ്പാൻ സഭാംഗങ്ങളെ സഹായിക്കേണമേ. സഭയെ അനുഗ്ര ഹിക്കുകയും അന്ധകാരത്തെ പ്രകാശമാക്കുകയും ചെയ്യണമേ.



# ദൈവവചനവും കോട്ടയം രൂപതയും





സി.എം. സിറിയക്
ചിറയിൽ

**ആ**ദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട് ദൈവം അവന് ഇണയും തുണയുമായി സ്ത്രീയെ സൃഷ്ടിച്ചു. അവർ ഇരുവരെയും സന്തോഷത്തോടെ ജീവിക്കുവാൻ ദൈവം അനുവദിച്ചു. ഇന്ന് വിഹാഹമെന്ന കൂദാശവഴി ചേർക്കപ്പെടുന്ന പുരുഷനും സ്ത്രീയും ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിൽ പങ്കാളികളാകാൻ ദൈവം ആഗ്രഹിക്കുന്നു. അവർ ഒരു കുടുംബത്തിൽ മാതാപിതാക്കളോടും മക്കളോടുമൊത്തൊരുമിച്ച് ജീവിക്കുന്നു. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

സീറോമലബാർ സഭയുടെ ഒരു ഭാഗമായി 1911 ൽ കോട്ടയം രൂപത സ്ഥാപിതമായി. സാധാരണ ഒരു രൂപത അനുവദിക്കുമ്പോൾ റോമിൽ നിന്നും നൽകുന്ന ബൂളായിൽ ഈ രൂപത ആർക്കുവേണ്ടി അനുവദിച്ചു എന്ന് എഴുതാറുണ്ട്. കോട്ടയം രൂപതയുടെ ബൂളായിൽ തെക്കുംഭാഗർക്കുവേണ്ടി എന്നെഴുതിയിരുന്നു. കാരണം രൂപത ആവശ്യപ്പെട്ടത് തെക്കുംഭാഗർക്കു വേണ്ടിയായിരുന്നു. അങ്ങനെ അനുവദിച്ചെങ്കിലും സീറോ മലബാർ സഭയുടെ നിയമങ്ങൾ അനുസരിച്ചു മാത്രമേ രൂപത നയിക്കപ്പെടാവൂ. കോട്ടയം രൂപതയുടെ മെത്രാൻ ദൈവവചനം കാറ്റിൽ പറത്തിക്കൊണ്ട് കോട്ടയം രൂപതയ്ക്ക് വെളിയിൽ നിന്നും വിവാഹം കഴിക്കുന്ന പുരുഷനേയും സ്ത്രീയേയും രൂപതയിൽ നിന്നും പുറത്താക്കുന്ന നടപടി ആരംഭിച്ചു. ആദ്യകാലങ്ങളിൽ ഇതാരും ചോദ്യം ചെയ്തിരുന്നില്ല. കാരണം ഒരു മെത്രാൻ പറയുന്നത് ദൈവകാര്യമായി കരുതിയിരുന്ന കാലമായിരുന്നല്ലോ? തന്നെയുമല്ല തനിക്കതിന് അധികാരമുണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നു. കാലക്രമേണ രൂപതയിൽ നിന്നും അനുയോജ്യരായ ജീവിതപങ്കാളിയെ കിട്ടാതെ വന്നപ്പോൾ കൂടുതൽ വിശ്വാസികൾ മറ്റുരൂപതയിൽ നിന്നും വിവാഹം ചെയ്ത് പുറത്തുപോകേണ്ടി വന്നു.

ദൈവവചനത്തിന്റെയും തിരുസഭയുടെ നിയമത്തിന്റെയും നഗ്നമായ ലംഘനമാണ് കോട്ടയം രൂപത ചെയ്യുന്നത്. ഒരു പുരുഷൻ വിവാഹിതനായാൽ അവന്റെ ജീവിത പങ്കാളി പുരുഷന്റെ ഇടവകയിലംഗമായിരിക്കണം എന്നാണ് സഭാ നിയമം പഠിപ്പിക്കുന്നത്. സഭയും സമുദായവും രണ്ടും രണ്ടാണ്. സഭ സ്വഭാവത്താലെ പ്രേഷിതയാണ്. പ്രേഷിത പ്രവർത്തനം ഇല്ലാത്ത രൂപതയെ ഒരു രൂപതയായി കണക്കാക്കാൻ സാധിക്കില്ല.

"യേശു അവരെ സമീപിച്ച് അരുളി ചെയ്തു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനങ്ങളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (മത്തായി 28: 18, 19)

യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതിന് മുമ്പായി ശിഷ്യന്മാരോട് പറഞ്ഞ അവസാന വാക്യമാണ് ഇത്. ഇന്നത്തെ സഭയിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് സകല ജനങ്ങളേയും യേശുവിന്റെ ശിഷ്യരാക്കുക, അവരെ മാമോദീസാ മുക്കി സഭയിൽ ചേർക്കുക, ദൈവവചനം പഠിപ്പിക്കുക, അതുവഴി ദൈവരാജ്യം വളരണം. കേരള കത്തോലിക്കാ സഭകളെല്ലാം ഇതിനായിട്ട് പരിശ്രമിക്കുന്നു. എന്നാൽ കോട്ടയം രൂപത രക്തശുദ്ധിയുടെ പേര് പറഞ്ഞ് ഒരു മനുഷ്യനേയും രൂപതയിൽ ചേർക്കുകയുമില്ല. രൂപതയിൽ ഉള്ളവരെ തന്നെ

മറ്റു രൂപതകളിൽ നിന്ന് വിവാഹം കഴിച്ചുവെന്ന പേരിൽ പുറത്താക്കുകയും ചെയ്യുന്നു. കോട്ടയം രൂപതയ്ക്ക് ദൈവവചനം ബാധകമല്ലോ?

"ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാണ്." (ഗലാത്യർ 3: 27. 28)

ഒരു പ്രാവശ്യം ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയായ നമ്മളെല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്ന് വചനം പഠിപ്പിക്കുന്നു. പിന്നീട് തെക്കുംഭാഗനെന്നോ, വടക്കും ഭാഗനെന്നോ, നമ്പൂതിരിയെന്നോ വ്യത്യാസമില്ല. വർണ്ണ വിവേചനം പാടില്ല. എല്ലാവരേയും തന്റെ സഹോദരീ സഹോദരന്മാരായി കാണണം. അല്ലാത്തവർ ക്രിസ്ത്യാനിയല്ല. അതുകൊണ്ടല്ലേ മൂലക്കാട്ട് പിതാവും സമുദായനേതാക്കളും റോമിൽ പരാതിയുമായി പോയപ്പോൾ കർദ്ദിനാൾ തിരുസംഘം ആദ്യം നിങ്ങൾ ക്രിസ്ത്യാനിയായിട്ടു വരുവാൻ ആവശ്യപ്പെട്ടത്. കോട്ടയം രൂപതക്കാർ ദൈവവചനം അനുസരിക്കുന്നില്ല എന്നതിന്റെ പ്രധാന തെളിവ് ഇതുതന്നെയാണല്ലോ? ഒരു ജാതിക്കുവേണ്ടി ഒരു രൂപത ലോകത്തെങ്ങും അനുവദിച്ചിട്ടില്ല. സ്വന്തം സഹോദരനെ അന്യായമായി ഇടവകയിൽ നിന്നും പുറത്താക്കിയതിനെ ചോദ്യം ചെയ്തതിന് അവനെ തിരിച്ചെടുക്കാതിരിക്കാൻ കോടികൾ മുടക്കി കേസുനടത്തുന്നതാണോ ദൈവനീതി. 100 ആടുകളിൽ ഒരാടിനെ കാണാതായപ്പോൾ 99 നേയും ഉപേക്ഷിച്ച് ഒരാടിനെ അന്വേഷിച്ച് കണ്ടെത്തിയ യേശുക്രിസ്തുവിന്റെ സഭയിലാണ് ഈ അനീതി സംഭവിക്കുന്നത്. യേശുക്രിസ്തുവിനാണോ ക്നായി തൊമ്മനാണോ ഇവർ ഒന്നാം സ്ഥാനം കൊടുക്കുന്നത്. ഈ രൂപതയിലെ ദേവാലയങ്ങളിൽ അർപ്പിക്കുന്ന ബലിയിൽ യേശു സാന്നിധ്യം എങ്ങനെ ഉണ്ടാകും. ദൈവം സ്നേഹമാകുന്നു എന്ന് പഠിപ്പിച്ച യേശുക്രിസ്തുവിന്റെ പിൻഗാമികളാകാൻ ഇവർക്ക് യോഗ്യതയില്ല.

സഭയുടെ അടിസ്ഥാനപ്രമാണം 'സഭ അവളുടെ സ്വഭാവത്താലേ പ്രേഷിതയാവുക' എന്നതാണ്. മറ്റുള്ളവരെ സ്വീകരിക്കാതെ പ്രേഷിത പ്രവർത്തനം നിരോധിച്ച ഈ രൂപത എങ്ങനെ സഭയുടെ ഭാഗമായി തുടരുന്നു. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. എന്റെ വചനം നിരാകരിക്കുന്നവൻ എന്നെ തന്നെയാണ് നിരാകരിക്കുന്നത്" എന്ന ക്രിസ്തുവിന്റെ വചനം എന്തേ ഇവർ മനസ്സിലാക്കാത്തത്.

ക്രിസ്തുവിൽ ധീരതയോടെ

**സി.എം. സിറിയക്, ചിറയിൽ**
മള്ളൂശ്ശേരി, കോട്ടയം



# Will God Curse His people?





**BIJU UTHUP**
Chairman, GKCRC 2019

Our God is a God of Love and compassion. Does he Curse his people in modern times?

Yes he will, if we defy him openly in public, in his own house of worship. When lay people criticise a Knanaya priest or a Knanaya Bishop they are told that a curse will fall on them and their family if they do so. This was effectively used as a weapon by the church to keep the lay people under control and never allowed them to criticize the church or say anything bad about the Knanaya bishops. Anyone who criticized was isolated from society and persecuted in the past. Now what does the Bible say about God's curse? Two such quotes out of many Bible references are given below. Genesis 3:17

Then to Adam He said, "Because you have listened to the voice of your wife, and have eaten from the tree about which I commanded you, saying, 'You shall not eat from it'; Cursed is the ground because of you; In toil you will eat of it All the days of your life. Malachi 2:2

"If you do not listen, and if you do not take it to heart to give honor to My name," says the LORD of hosts, "then I will send the curse upon you and I will curse your blessings; and indeed, I have cursed them already, because you are not taking it to heart.


From the above two of the many references in the Bible on God's curse we see that disobediance to God and listening to forces other than God will result in his Curses.

Today the Knanaya community who puts fear on lay people for criticising priests and Bishops and state that a curse will fall on families who file civil court cases against priests and Bishops. They forget that they too are judged in the same way they judge others. We ask these Knanaya people and priest who propagate this among the Knanaya people what are they doing when they openly defy congregation of Oriental Churches recent directives to them? What are they doing when they plan to burn publicly Bishop Mulhal report and Cardinal Sandri's letter to Bishop Mar Moolakatte? Do they think they are immune to curses from God because they are Knanaites and need not obey God or the messages given through his Church?

KCNS Now when the Knanaya community as a whole decides to disobey God's directives given to the community through Bishop Mar Mathew Moolakatte through a written directive from Vatican will God not curse the community? Certainly he will. He does not like Knanaya community defying the Holy Spirit and obeying and listening to the evil Kna-Spirit and take a pledge not to obey the directives given by Cardinal Leardano Sandri in his own houses of worship. If Jesus were to visit the Kottayam diocese Churches and witness the pledges that the Knanaya community takes in all Kottayam Diocese churches on Sunday after mass, he will tear down these churches just like how he threw the tables of the merchants in the Temple of Jerusalem.

Knanaya Catholic Naveekarna Samithy (KCNS) is a prophetic movement created by God to tell the Knanaya people to repent and turn back to God by giving up the practice of expelling their own brothers from his house of worship. Many feel that God's curses are already being cast on the Knanaya people today but they are blind to see these curses taking place. Just like the Egyption Pharoh who was stubborn and blind, so are Archbishop Mar Moolakatte and his people so stubborn and blind not willing to listen to God's directives to love and accept their own and *"to be Christians"*. KCNS will pray to God that this curse that he is planning on the Knanaya community will not be severe as that he gave to the Egyptian people during the time of Moses.

KCNS will continue to pray and bargain like Abraham did with the Lord our God to spare his curse from being cast on the Knanaya people if there are at least 50 families of Kottayam diocese who do not believe in practice of endogamy. If 50 families of Kottayam diocese come out and pledge to obey the directives of Cardinal Sandri publicly in their respective churches, KCNS believes that this may prevent God's curse from being cast on the Knanaya community. When KCNS prayed as a family in a prayer centre (that cannot be named), God answered our prayers within three days with above directive from Vatican. This itself is testimony that went viral in social media even though the testimony was not published by the prayer centre. As the prayers were answered many under the spell of satanic Kna-Spirit, threatened us for this testimony, as Satan did not like our prayers. This is a clear indication that God is with KCNS and will continue to use us to prophesy for him and to be a witness and testify for Him. Open your eyes those who are blind and see the work of God amongst your midst. Isaiah 43/8-10.



# PRIESTS AND THE KNANAYA COMMUNITY "ETHNIC CLEANSING" BY KNANAYA PRIESTS"



**MATHEW THERADY**
Indianapolis, USA



I will be presenting some untold stories today. If anyone feels that what I am saying is wrong, please send me a note, so that I can make some corrections, if needed.

As you all may know now, I am an expelled knanaya person, from the knanaya community and from the Catholic Church, controlled by knanaya priests. My only sin was that at the end of a prolonged search for a wife, I could not find a suitable bride compatible to the norms of my "community". A girl from another catholic community agreed to marry me. My community wanted me to forget MY norms and follow THEIR norms when selecting a wife for ME. I believe that I did nothing wrong against the Church, God or against the will of my parents. There is a good chance that you also may be in my situation or will be in one soon, if you are an unmarried knanaya person.

I believed that my children will not have the blood purity as per the definition in the knanaya manifesto. For my wedding, as per their demand, I decided to quit the community and the church. There is no way you can argue against it, because the moment you argue with a "priest", they will curse you and you will go to the bottom of a pit, where there is only fire and no way you can come back. That is what I was told. We do not look for the wordings in the required expulsion notice, since, a person who is standing near the gallows and to be hanged till death, in a few minutes, need not worry about their future health. But now I hear that authorities are giving it a new twist, saying that everyone expelled have never been harassed, all agreed to quit the community and the Catholic Church, willingly, for the choice of their spouse. Really?

The community members still believe in this false narrative of "blood purity", even though they know that it is not the truth. It is their selfish motive to keep the knanaya blood pure. But now it is proven that bloodline was already corrupted.

The prominent words in the knanaya definition are Janmam and Karmam (ജന്മവും കർമ്മവും), which are utopian in perception. They are misusing the word 'Karma', which they borrowed from Hindu mythology. For Knanaya people, a good karma is marrying someone from the same community only, nothing else, even if they cannot find a suitable spouse from the same community. I mean a "self-marriage sacrifice". The word karma has a deeper and wider meaning. Either they are misusing this word for their advantage or they are ignorant about the meaning of this word.

Parents may punish or discipline their children, but never "reject "them. The most painful act one can experience is a "rejection". I am bearing that burden for the last 37 years, from the church I

belonged and a community I grew up with. I blame it all on the fake disciples of Jesus, and the followers of Pope, the priests. My spiritual leaders, family, friends and my co-parishioners did not say a world against my expulsion. Why? They are all deeply influenced by the LIES propagated, for generations, by the knanaya priests. Priests from other communities and the catholic higher ups are equally partners in this crime. They did not utter a word but used this opportunity to make money and grow their bottom line. Priest always pray like: "God please don't abandon me". But I cannot say that to them. No, I cannot expect any mercy from them by default.

I am sure that the knanaya people, my brothers and sisters, may not be comfortable with my reasoning, in the fight against this barbarian act of expulsion by their priests. But they are like "touch me not plants". (തൊട്ടാവാടി). The moment this issue strikes near their hearts, their 'Knanaya Sprit' will suffer a sudden death. So I don't consider them as a threat, but the priests are. They don't have a heart to be touched, apart from their own greed. I remember the episode 384 of the TV serial Marimayam.

In my heart, I believe that priests are the culprits. They created this monster against the will of people and God. They are injecting this venom of hatred through endogamy, through seminars and social media postings, in to the minds of young people. These priests are against what they studied and supposed to be practicing. If you are a true disciple of Jesus, you cannot do this. Many of you became just like Jesus said "the white washed tombs". Greed for wealth, partiality to the core, gluttony and attacking our children and women have become your passion. The knanaya people are your victims though your sugar coated cunning message packets. You used the bible of the loving God, as a deadly weapon to make ignorant people to fear and obey you. Most of your misinterpretations of the words helped you in your sinister intentions. What a betrayal?

Now, I shall tell you a story. When I and my family came to USA, we had to process our green cards here in USA. By mistake or by malice, our papers were not correctly processed. We got a deportation notice from immigration office, to leave this county within 14 days. We did not have even money to take our return tickets to India. You can imagine the pain, we were going through. But through the help of an Italian attorney, our papers were straightened and we got the justice in this foreign land.

But my parish priest deported me from the church and the community, in the name of "ethnic cleansing". The ethnic cleansing of our community continued from Makil to Pandarassery and through their accomplices, the priests. Still they are roaring with the help of some of my wrongly indoctrinated brothers and sisters. In those moments, I always remember what Jesus prayed; "father these people are acting out of their ignorance, please forgive them".

Now By definition, Ethnic cleansing is the "the mass expulsion or killing of members of an unwanted ethnic or religious group in a society". Now, you all know the history of ethnic cleaning. Hitler, Congo civil wars, Tamil insurgency in Sri Lanka etc., were some of the recent examples.

Knanaya priests are doing the same thing. The only difference is that they cannot kill us since we have the protection from our government. Otherwise they would have killed us too, absolutely. Now only two entities can save us from this ethnic cleansing. Our government or Pope; Pope cannot clean up the mess created by his own clergy, what he will do to save us from this endogamy problem? He can blame Satan and issue toothless orders, nothing else. Our only refuge is the Government. The court and the government should not be filled with people, who lick the feet of the clergy for their support and votes and forget their duties of protecting, the citizens of the nation.

Or else, we the like mind people of knanaya community and the expelled population have to revolt against the clergy's ruthless high-handedness. We protected the church and the clergy in 1960's from communist attacks. But today, we may have to join the same communists to protect us from this "ethnic cleansing" by our own priests. They are so powerful, even communists will fear to touch them now.

Let us fold our hands to God of Israel, to save us from this horrible "ETHNIC CLEANSING".

**Mathew Therady**

# മാർ ആലഞ്ചേരിയും കാലത്തിന്റെ കാവ്യ നീതിയും




സിറിയക് പാറത്തറ




എറണാകുളം അങ്കമാലി അതിരൂപതയിൽ ഇപ്പോൾ ഉടലെടുത്തിരിക്കുന്ന വൈദീകകലാപവും അന്തഃഛിദ്രവും കാണുമ്പോൾ "അവനവൻ ചെയ്യും കർമ്മഫലം അവനവൻ തന്നെ അനുഭവിക്കും" എന്ന ആപ്തവാക്യമാണ് ഓർമ്മ വരുന്നത്. സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷനായ മാർ ആലഞ്ചേരി മുമ്പാരും അനുഭവിക്കാത്ത പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. യേശുക്രിസ്തു പഠിപ്പിച്ച വിശ്വാസസത്യങ്ങളും സഭയുടെ മാർഗ്ഗനിർദ്ദേശങ്ങളും മുറുകെ പിടിക്കുന്നതിനു പകരം ഒരു രാഷ്ട്രീയക്കാരന്റെ കൗശലത്തോടെ സഭയെ നയിച്ചാലുണ്ടാകുന്ന മൂല്യച്യ്യുതിയുടെ ഫലം സ്വയം അനുഭവിക്കേണ്ടി വന്നതിൽ അനുതപിക്കുകയല്ലാതെ എന്തു ചെയ്യാൻ? കേരളത്തിന് വെളിയിലുള്ള ക്നാനായ പള്ളികളിൽ എൻഡോഗമിയുടെ അടിസ്ഥാനത്തിൽ അംഗത്വം പാടില്ല എന്നുള്ള റോമിന്റെ നിർദ്ദേശം കാറ്റിൽ പറത്തി മാർ മൂലക്കാടനുമായി ഒത്തുകളിച്ച് പുറത്തു നിന്നും വിവാഹം കഴിക്കുന്നവരെ പുറത്താക്കി മുന്നോട്ടുപോകാൻ വേണ്ട എല്ലാ ഒത്താശയും ചെയ്തിട്ടു എറണാകുളം - അങ്കമാലി രൂപതയിൽ മാത്രം പൗരസ്ത്യ തിരുസംഘത്തിന്റെ നിർദ്ദേശമാണ് താൻ നടപ്പിലാക്കുന്നത് എന്ന് പറയുന്നത് വിരോധാഭാസമല്ലേ?

ചിക്കാഗോ രൂപതയുടെ രൂപീകരണം മുതൽ റോമിന്റെ നിർദ്ദേശപ്രകാരം പുറത്തു നിന്നും കെട്ടുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും ക്നാനായ പള്ളികളിൽ അംഗത്വം നൽകി തുടർന്നു പോകുവാൻ അനുവദിക്കണമെന്ന നിലപാട് എടുത്തിരുന്ന മാർ അങ്ങാടിയത്തിനെ, മാർ മൂലക്കാടനും മാർ ആലഞ്ചേരിയും ചേർന്ന്, പുറത്തുനിന്നും കെട്ടുന്നവരുടെ ഭാര്യയും മക്കളും പുറത്തുതന്നെ നിൽക്കട്ടെ എന്ന നിലപാടെടുപ്പിച്ചപ്പോൾ ഇവരുടെ ധാർമ്മികതയും അച്ചടക്കവുമൊക്കെ എവിടെപ്പോയി? ഇല്ലാത്ത സിനഡിന്റെ അംഗീകാരമുണ്ടെന്നു പറഞ്ഞു റോമിലേക്കയച്ച നിർദ്ദേശം പൗരസ്ത്യ തിരുസംഘം ചവറ്റുകുട്ടയിലിട്ടപ്പോഴും റോമിന്റെ നിർദ്ദേശം അവഗണിച്ചു മുന്നോട്ടു കൊണ്ടുപോകാൻ കൂട്ടുനിന്ന മാർ ആലഞ്ചേരി ഇപ്പോൾ എങ്ങനെയാണ് അച്ചന്മാരുടെ പ്രതിഷേധം അച്ചടക്കലംഘനമാണെന്ന് പറഞ്ഞു നടക്കുന്നത്? സ്ഥിരം സിനഡ് അംഗമായ മാർ മൂലക്കാടൻ പ്രത്യുപകാരമായി ആലഞ്ചേരിക്ക് കൂട്ടുനിൽക്കുമ്പോഴും പ്രശ്നം രമ്യമായി പരിഹരിക്കാനുദ്യമിക്കുന്നുണ്ടെന്ന് കേൾക്കുന്നു. ക്നാനായക്കാരല്ലാത്ത വൈദികരെയും സന്യസ്തരെയും രൂപതയിൽ ചേർക്കാത്ത കോട്ടയം രൂപത, സ്വവംശത്തിൽപെട്ട ക്നാനായക്കാരെ രക്തശുദ്ധിയുടെ പേരിൽ പുറന്തള്ളുന്ന കോട്ടയം രൂപത, അവരുടെ വിവാഹവും മറ്റു കൂദാശകളും നടത്തിക്കൊടുക്കാതെ പടിയടച്ചു പിണ്ഡം വയ്ക്കുന്ന കോട്ടയം രൂപത, പുറത്താക്കിയിട്ടും പുറത്താക്കിയതല്ല സ്വയം പുറത്തുപോയതാണെന്ന് കള്ളസത്യവാങ്മൂലം കൊടുക്കുന്ന കോട്ടയം രൂപത, വംശശുദ്ധിയിൽ ഊറ്റം കൊള്ളുന്ന കോട്ടയം രൂപത, അന്യരൂപതയിൽ നിന്നും വരുന്ന മെത്രാന്മാർ തങ്ങളുടെ സ്വത്തുക്കൾ കുട്ടിച്ചോറാക്കുന്നു എന്ന് പരിഭവിക്കുന്ന വൈദീകരോട് എന്തു വേദമാണ് ഓതാനുള്ളത്? സഭാനിർദ്ദേശങ്ങൾ കാറ്റിൽ പറത്തിയ മൂലക്കാടനും ആലഞ്ചേരിയും ഓർക്കുക - നിങ്ങളുടെ അനുസരണക്കേട് നിങ്ങളെത്തന്നെ വേട്ടയാടുന്നു. മാർപാപ്പായുടെ നിർദ്ദേശം ദുർവ്യാഖ്യാനം ചെയ്തു ക്രൈസ്തവ മൂല്യങ്ങൾ കാറ്റിൽ പറത്തി ഇല്ലാത്ത വംശശുദ്ധിക്ക് വളം വെച്ചുകൊടുക്കുന്ന നിങ്ങൾ ദൈവം സന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും- തീർച്ച!!!

# PROPHETIC CALL FOR PREACHING THE UNCOMPROMISING WORD OF GOD TO THE KNANAYA COMMUNITY






**BIJU UTHUP**
Chairman, GKCRC 2019

("The harvest is plentiful, but the laborers are few." (Luke 10:2))

The Lord our God wishes to communicate this message to Knanaya Community of Kottayam Diocese, who defies his teachings and his directives send through the congregation of Oriental Churches in Vatican. This is being communicated by Knanaya Reform Movement (KRM) through inspiration of the Holy Spirit.

*"My dear children, there is an urgent need for preaching the uncompromising word of God to the Knanaya community. You are a defiant people and you defy my teachings and me. You persecute your own brothers who marry partners that I choose for them. You reject and persecute the children who are baptised and made clean by my grace and blessings. You expel them from my church and deny them marriages sacraments and baptism to their children. You spent the money collected from the faithful to expel my children from my church by filing cases against them in civil courts. I have been watching your arrogance and persecution of the innocent with your man made laws on endogamy. I have been silent for so long and can no longer be silent for I have heard the cries of the wounded Knanaya children whom you persecute.*

*It was I who inspired the Holy Father to listen to the cries of all the wounded families all over the world. The Holy Father organised the Vatican Family Synod and sent out questionnaire to my church all over the world. I instructed all the Bishops and archbishops all over the world to open their ears and listen to the sufferings of the wounded families all over the world. Yet not one Bishop or Archbishop in Kerala ever listened to the cries of the wounded families in Kerala in spite of several attempts by these wounded families to wake up the Bishops and Clergy in Kerala. The pleas and petitions of these wounded families were never given an attention by the clergy or Bishops, as the wounded were small in numbers. But I have heard the cries and petitions of these wounded Knanaya families in Kerala and the rest of the world. I therefore declared the year of Mercy through the Holy Father to give an opportunity for the wounded families to directly offer their sufferings and pain to me.*

*Jubilee Year of Mercy Declared by Holy Father to listen to the wounded families During the year of Mercy the wounded families from all over the world posted their answers to questionnaire send by the Vatican Family Synod. My Cardinals and the servant of servants in Vatican listened to all the wounds and sufferings of all the families. They also listened to their proposed solutions to overcome the problem and their sufferings. One of the problems that came to notice of Vatican was the cry of the wounded Knanaya families all over the world for being expelled from my church due to blood purity and marriage to spouses that I*

*chose for them who do not belonging to Knanaya community.*

*It was I who inspired the Vatican family Synod and Holy Father to appoint a oneman commission to investigate the evil acts of persecution of the Knanaya clergy of Kottayam diocese. For more than two years the Bishop appointed by the Holy See met all sections of Knanaya community including ordinary wounded families, priests, bishops and leaders of the Knanaya community and listened to all their point of views from their side. Bishop Michael Mulhal after studying all the points of views and suggestions for overcoming the situation prepared a report and submitted it to the Holy See.*

*One-man Commission listening to the cries of the wounded families at Mt. St. Thomas Kakkanad in 2016 on behalf of the Holy See. Now that the report on Knanaya community has been prepared and submitted to Vatican it is time for me to take action on the Knanaya community. I have ended my silence and have already begun to act through Vatican. I have inspired Cardinal Leardano Sandri to send the letter to Your Archbishop and Archbishop Angadiath in USA. In that letter I gave directives to the Knanaya community to follow so as to receive my blessings. I even inspired Cardinal Sandri to tell your Bishop and your community to be a Christian first and listen to the teachings given to them in the scriptures. This directive is my first directive given for the Knanaya community to follow and obey just like how I gave the directives to the Egyptian Pharaoh through Moses.*

*Whenever the Jewish people worshiped other Gods and disobeyed me I have destroyed them directly or indirectly In the past I have always been with my chosen Jewish people and have always been with and directing them through the prophets that I have appointed from amongst them. I have always been with them and protected them over other communities for they were my people. But many times they have taken me for granted and become proud because I loved them over other communities. Let me remind the Knanaya community that I loved the Jewish community not because they were of pure bloodline, but I loved them because they obeyed me and listened to my voice through my appointed prophets and religious men who were in constant communion with me. You were once upon in communion with me and listened to me and to my directions for the community. Today the Knanaya community is not any more in union with me and do not listen to me anymore and I am not at all pleased with the community.*

*When Moses went up to Mount Sinai to meet me and I gave my ten commandments, the Jewish people rebelled against me and built an Idol to worship instead of worshiping me and rejected me. I was so angry full of rage and wanted to destroy my people who were dancing in front of the golden calf that they built. If it were not for the intervention of Moses, I would have destroyed them for rejecting and disobeying me and worshiping their idol instead of me. Today it is a similar situation with you Knanaya people. You have rejected my teachings and me. Instead of welcoming my children from all dioceses you worship the "Kna" spirit as your idol that you have created. You listen to the "Kna" spirit instead of me and expel all those who do not listen to the "Kna" spirit for practicing endogamy, from your community and your church. You want to reverse the findings of Bishop Mulhal report submitted to the Holy See to be favorable to your community. You refuse to obey the directives of Cardinal Leardano Sandri through whom I gave my directives to your community. The hardliners of the community want to burn this directive in public and your Bishop openly disclosed not to obey my directives. You and your Bishops along with your selected members go all the way to Vatican stating that you will not obey my directives. Yet again I advised your bishop and delegation to be Christians first before you can make any other proposals to me.*

*If it were not for the prayers of some of your own people whom you are trying to expel through civil courts, I would have destroyed your community, as I would have the Jewish people who disobeyed me in Sinai desert. I no longer will be with you and speak to you for you do not listen to me. I shall convey my displeasure about your community through the people you have expelled from your community and is currently trying to expel through the courts. I shall speak through them to correct your ways and prophesy about your community through them. Do you think you can expel them through a court verdict when I myself defend them in the Indian courts? No you will never be able defeat them in court to expel them for it was I who created them to be my witnesses in court so that the whole Nation will know that I am the Lord your God whom you disown. For your disobedience to the directives*

*given by Cardinal Sandri, your Bishop will be drawn to court by them and will give false witness regarding me and I shall deliver my final judgment about you in courts.*

*"Be silent Knanaya people of the distant coast land, get ready to present your case in court, you will have your chance to speak, let us come together and decide who is right. (Isaiah 41/1)". I will be watching weather your Bishop will testify for me or against me in court. I will watch weather your Bishop will lie or tell the truth in court about my teachings and me, like your predecessor Bishop denied my teachings in court. I will watch if your Bishop will listen to the Knanaya people influenced by the "Kna" spirit and will testify in court that it is an insult to the Knanaya community to bless the marriage of Knanaya members to non-Knanaya spouses that I choose for them. I will watch if your*

*Bishop will testify that the all teachings in the Bible are not divine laws as your predecessor Bishop testified in court. There is no more chance to escape or delay for testifying in court, as I will not permit this. It has to take place as I have prophesied it would happen through my prophets in the Old Testament. I have already selected the advocates to cross-examine your Bishop. So get ready to present your case in court. Isaiah 41/1.*

*I love the Knanaya people whom you have expelled and trying to expel even now through the Indian civil courts. They listen to me unlike you. I love them for that. It is their prayers that I listen to as it comes from their heart. They do not have anything against your community who are under the spell of "Kna" spirit. They want to set your community free from the "kna" spirit and to reject the "kna" spirit so that they will be baptized in the Holy Spirit. It is because of the prayers of those whom you rejected and expelled that I have decided not to cast my curse on your community. I have decided to give your community another chance.*

*The Knanaya members whom your community expelled and those who are not under the "Kna" spell in your community will join hands to form a new community obedient to me. They will organize a global Knanaya harvest to gather all Knanaya people all over the world who are not under the bondage of "kna" spirit.*

*For this I will need preachers who will preach the uncompromising word of God to set them free from bondage to the "Kna" spirit. The Holy See in Vatican will provide these preachers with blessing to boldly proclaim the directives of Cardinal Sandri and to teach the Knanaya community on how to be a true Christian. The expelled Knanaya people and those Knanaya members not under "Kna" bondage will come together with the sole purpose of setting the Knanaya people free from bondage to "Kna" spirit, so as to abide in me listening to my teachings of accepting all. Vatican will help to organise special retreats to this community for healing the wounds inflicted by your community by expelling them. At the same time I will also forgive and heal all those priests, Bishops and lay people who will repent for their sin of having expelled & been responsible for expelling your Knanaya brothers. The preachers and healers chosen by me will be given an opportunity to study the Bishop Mulhals's report. They will also be given special approval by Vatican to preach against the practice of endogamy quoting my teaching in the bible against the practice of endogamy and expulsion from community and church membership.*

Prophetic Judgement against the Knanaya community will be passed in High Court and Supreme Court in India as Prophesied in Isaiah 43/8-10

*All these will happen after I proclaim my verdict through the Indian Civil courts as I have prophesied in Isaiah 43/8-10. You have to decide if you want my judgment from High Court or from Supreme Court. You no longer have any choice to withdraw from civil courts till I decree my final verdict about your community. So be ready to prepare the way for my preachers to harvest Knanya people from your community whom you have kept under the "Kna" Bondage using your man made personal jurisdiction law. Set these people free from "Kna" bondage to be baptized in the Holy Spirit. After baptism of the Holy spirit by these preachers you and your Bishop will welcome all your brothers that you have expelled from your community along with their children to be members of my Church. I will pass a decree in the Indian Civil courts before all that will happen.*


A Prophesy for Changing Times

Inspired by the Holy Spirit

# പാർശ്വവൽക്കരണം സഭാ വിരുദ്ധമാണ്



**സി.കെ. പുന്നൻ**
ചിറയിൽ




ക്നാനായേതര വിവാഹം കഴിക്കുന്നവരുടെ മേൽ വിദ്വേഷം നിറച്ച് അവരെ പാർശ്വവൽക്കരിക്കുന്നത് കോട്ടയം രൂപതയ്ക്ക് ഭൂഷണമല്ല. വിശ്വാസത്തിലധിഷ്ഠിതമായ സഭയിൽ നിന്നും വിശ്വാസികളെ വിവാഹത്തിന്റെ പേരിൽ പുറത്താക്കുന്നത് കാടത്തമാണ്.

സമാനചിന്താഗതിക്കാരായ കുടുംബങ്ങളുടെ കൂട്ടായ്മയാണ് സമുദായം. സമുദായങ്ങൾ ആചാരങ്ങളിൽ അധിഷ്ഠിതമാണ്. അങ്ങനെയൊരു സമുദായമാണ് ക്നാനായ സമുദായം. ഈ സമുദായം ആരെയും പുറത്താക്കുന്നില്ല. കാരണം നമ്മുടെ കുടുംബങ്ങളിൽ നിന്ന് ആരും പാർശ്വവൽക്കരിക്കപ്പെടുന്നില്ല. കുടുംബത്തിലെ അവകാശത്തിലും തീൻമേശയിലെ സ്ഥാനത്തിനും ഇതുവരെ ഭംഗം വന്നിട്ടില്ല.

ഇവിടെ പാർശ്വവൽക്കരിക്കപ്പെടുന്നത് കത്തോലിക്കാ സഭയുടെ ഭാഗമായ കോട്ടയം രൂപതയിൽ നിന്നാണ്. ഇത് വിശ്വാസവിരുദ്ധവും സഭാ പഠനങ്ങൾക്ക് എതിരുമാണ്. ഇന്ന് ഈ രൂപത ക്രിസ്ത്യാനിക്കും, വിശിഷ്യാ കത്തോലിക്കാ സഭയ്ക്കും അപമാനമാണ്.

സ്വന്തം സഹോദരീസഹോദരന്മാരെ, മക്കളെ, വിവാഹത്തിന്റെ പേരിൽ പുറത്താക്കുന്ന അധ:മ വികാരത്തിൽ നിന്ന് രൂപതാ നേതൃത്വം മാറണമെന്ന് വിശ്വാസി സമൂഹം ഒന്നടങ്കം പ്രഖ്യാപിക്കണം. എങ്കിൽ മാത്രമേ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകിയ ക്രിസ്തുവിന്റെ അനുയായികളാകാൻ സാധിക്കൂ. അല്ലാതെ വെറുതെ കർത്താവേ, കർത്താവേ എന്നു നിലവിളിച്ച് പ്രാർത്ഥിച്ചതുകൊണ്ട് എന്തു പ്രയോജനം?

യേശു പറയുന്നു: ഞാൻ വചനമാകുന്നു, എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും, എന്റെ വചനം നിരാകരിക്കുന്നവർ എന്നെ തന്നെയാണ് നിരാകരിക്കുന്നത്. യേശുവിനെ നിരാകരിച്ചുകൊണ്ട്, യേശുനാമത്തിൽ കപടബലിയർപ്പിക്കുന്ന കോട്ടയം രൂപതയേയും ഇടവകകളേയും ദൈവജനം തിരിച്ചറിയണം.

നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്ന ദൈവകല്പന ഈ രൂപതയിലുള്ളവർക്കു മാത്രമായി ചുരുക്കിയിരിക്കുന്നു. അതിന്റെ ഭവിഷ്യത്ത് നമ്മുടെ കുടുംബങ്ങളിൽ പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു. പരസ്പരം വാളെടുക്കുന്ന സഹോദരീസഹോദരന്മാരും, മക്കളും, മാതാപിതാക്കളും കുടുംബങ്ങളുടെ ശാപമായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അന്വർത്ഥമാകുന്നു. ഞങ്ങൾ നിങ്ങളെ പഠിപ്പിച്ച സുവിശേഷത്തിന് വിരുദ്ധമായി ഞങ്ങൾ തന്നെയോ, സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ തന്നെയോ പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. ഈ രൂപത ക്നായ് തൊമ്മനെ പ്രതിഷ്ഠിച്ച്, ക്രിസ്തുവിനെ തഴഞ്ഞ്, വിഭാഗീയതയും വിദ്വേഷവും പ്രചരിപ്പിക്കുന്നു.

ഈ രൂപതയിൽ നിന്ന് നിഷ്ക്കരുണം പുറത്താക്കപ്പെട്ട ചിലർക്ക് പോലും ക്നാനായ എന്നു കേട്ടാൽ വലിയ ആവേശമാണ്. കളളക്കഥകൾ മെനഞ്ഞുണ്ടാക്കിയ ഐതിഹ്യമാണ് ക്നാനായം. ഇവർ കോട്ടയം രൂപതയെ ക്നാനായ സഭയെന്നും, ക്നാനായ കത്തോലിക്കാ പാരീഷ് കൗൺസിലിൽ അംഗത്വം വേണമെന്നും, മുറവിളി കൂട്ടുമ്പോൾ, അവരുടെ ദയനീയാവസ്ഥയെ ഓർത്ത് പരിതപിക്കാനേ കഴിയൂ. കോട്ടയം രൂപതയും, ക്നാനയവും കടലും കടലാടിയും പോലെ മാത്രം.

കത്തോലിക്കാ സഭയിൽ കോട്ടയം രൂപത മാത്രമേ ഉള്ളൂ. ക്നാനായം എന്ന വിശേഷണം ഇല്ല. ഈ രൂപത

യേയും, ഇവകകളെയും ക്നാനായം എന്ന വിശേഷണം ചേർത്ത് വികലമാക്കിയത് മാർ കുന്നശ്ശേരി മെത്രാന്റെ കുബുദ്ധിയാണ്. താൻ മെത്രാനായപ്പോൾ, തനിക്കെതിരെ ഒരു വിഭാഗം വൈദികർ തിരിഞ്ഞ്, ഇദ്ദേഹം തെക്കുംഭാഗരുടെ മെത്രാനാകാൻ അയോഗ്യനാണെന്നും അവർ അംഗീകരിക്കുകയില്ലെന്നും പ്രഖ്യാപിച്ചു. നയജ്ഞനായ മാർ തറയിൽ മെത്രാൻ അവരെ പിന്തിരിപ്പിച്ചു. തുടർന്ന് മാർ കുന്നശ്ശേരി സഭയെ തഴഞ്ഞ് സമുദായ പ്രീണനം നടത്തി, സമുദായത്തിന്റെ മുത്തായി സ്വയം അവരോധിച്ചു!!

മാർ. മത്തായി മാക്കീലിനോട് ഇവിടെ ചിലർ ചോദിച്ചു, ക്നാനായക്കാർക്ക് എന്തുകൊണ്ട് രൂപത ആവശ്യപ്പെട്ടില്ല എന്ന്. അതിന് അദ്ദേഹം പറഞ്ഞ മറുപടി, രൂപത ക്നാനായക്കാർക്കെന്നു പറഞ്ഞാൽ അത് ജാതീയമായിപ്പോകും നമുക്ക് രൂപത ലഭിക്കുകയില്ല. അതുകൊണ്ടാണ് തെക്കുംഭാഗർക്ക് എന്നു പറഞ്ഞത്. തെക്കും വടക്കും എന്ന രണ്ടു ദിക്കുകളായി മാത്രമേ 10-ാം പീയൂസ് മാർപ്പാപ്പ കരുതിയുള്ളൂ. അദ്ദേഹം ഇത് ജാതിയ രൂപതയായി തന്നു എന്ന് പ്രചരിപ്പിക്കുന്നത്, ആ വിശുദ്ധനോട് കാണിക്കുന്ന ക്രൂരതയാണ്. ഇന്നത്തെപ്പോലെ യാത്രാവാർത്താ വിനിമയ സൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് മാർ. മാക്കിലും, സംഘവും പറഞ്ഞ കള്ളക്കഥകൾ മാർപ്പാപ്പയ്ക്ക് വിശ്വസിക്കേണ്ടി വന്നു. വളരെ ദുഃഖത്തോടെയാണ് അദ്ദേഹം ഈ രൂപത നൽകിയതെന്ന് പറയപ്പെടുന്നു. രൂപതാ സ്ഥാപന ബൂളായിൽ അദ്ദേഹം പറഞ്ഞത്, വിശ്വാസികളുടെ ആത്മീയ ഗുണവർദ്ധനവിനും, ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനുമായി കോട്ടയം കേന്ദ്രമാക്കി തെക്കുംഭാഗർക്ക് ഒരു രൂപത നൽകുന്നു എന്നു മാത്രം. (കാണുക കോട്ടയം രൂപതയുടെ 75-ാം ജൂബിലി സ്മരണിക). ആത്മീയ ഗുണവർദ്ധനവ് ഉണ്ടാകുമ്പോൾ ഭിന്നാഭിപ്രായങ്ങൾ കെട്ടടങ്ങുമെന്ന് ആ വിശുദ്ധൻ പ്രത്യാശിച്ചു. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ഈ രൂപത ആത്മീയതയെ ഉന്മൂലനം ചെയ്ത്, പൈശാചികതയെ താലോലിക്കുന്നു.

ഈ സ്ഥാപന ബൂള ഇന്ന് വിപുലീകരിച്ച് പേജുകൾ നിറച്ചുകൊണ്ടിരിക്കുന്നു. മാർ. കുന്നശ്ശേരി റോമിലേക്കയച്ച വൈദികർ അവിടെ ലെറ്റർപാഡ് സംഘടിപ്പിച്ച് തയ്യാറാക്കിയതായിരിക്കാം. സൂര്യചന്ദ്രന്മാർ ഉള്ളിടത്തോളം എന്ന വാക്ക് ഗോവാ സർക്കാരും പോർട്ടുഗീസുകാരും നടത്തിയ ഉടമ്പടിയിൽ പറഞ്ഞതാണ്. പോർട്ടുഗീസുകാർ ഇന്ന് ഗോവയുടെ അധിപരാണോ? സൂര്യചന്ദ്രന്മാർ ഇല്ലാതായോ?

മാർ. ആലഞ്ചേരി മൂലേക്കാട്ട് ഫോർമുല:- കോട്ടയം രൂപതയ്ക്ക് വെളിയിൽ നിന്ന് വിവാഹം കഴിക്കുന്ന ക്നാനായക്കാരന് അവന്റെ ഇടവകയിൽ തുടരാം. ഭാര്യയും മക്കളും അവരുടെ രൂപതയിൽ പോകണം. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ എന്ന ദൈവകല്പന എത്ര വലിയ ലാഘവത്തോടെയാണ് ഇവർ തള്ളിക്കളഞ്ഞത്? ആശാരി ചെക്കന്റെ വാക്കുകൾക്ക് എന്തിന് വില കല്പിക്കണം? ചെങ്കോലും, കിരീടവും ധരിച്ച് രാജകീയ പ്രൗഢിയിൽ കഴിയുന്ന ഇവർക്ക് ഈ പീറചെക്കന്റെ വാക്കുകൾ പുച്ഛമാണ്. കോട്ടയം രൂപതയുടെ ഓരോ നടപടി ക്രമങ്ങളിലും ഇതു വ്യക്തമാണല്ലോ? പക്ഷേ ഈ ആശാരിചെക്കന്റെ നാമത്തിൽ കപട ബലിയർപ്പിച്ച്, ജനങ്ങളെ ആകർഷിച്ച് വരുതിയിൽ നിർത്താനും, ഇവരുടെ രാജകീയ പ്രൗഢി നിലനിർത്താനും ഇവർക്കുള്ള കഴിവ് അപാരം തന്നെ!!

ക്നാനായക്കാരൻ എവിടുന്ന് വിവാഹം കഴിച്ചാലും അവന്റെ ഭാര്യയും ക്നാനായക്കാരത്തിയാകും. ഇവിടെയും വചനം സാക്ഷ്യമാണ്. യേശു പറഞ്ഞു: നിങ്ങൾ ഇനിമേൽ രണ്ടല്ല ഒരു ശരീരമായിത്തീരുന്നു. ഒരു ശരീരമായി തീർന്നവരോട് ആർക്ക് പറയാൻ സാധിക്കും, അവൾ വടക്കും ഭാഗത്തിയാണ്, ലത്തീൻകാരിത്തിയാണ് എന്നും മറ്റും, കോട്ടയം രൂപതക്കാർക്കല്ലാതെ?

കോട്ടയം രൂപതയുടെ അക്രൈസ്തവമായ നിലപാടിനെതിരെ അന്വേഷിക്കാൻ ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ച കനേഡിയൻ ബിഷപ്പ് മാർ. മുൾഹാൾ തന്റെ തൂലിക ഈ അനീതിക്കെതിരെ പ്രയോഗിച്ചപ്പോൾ, ജറുസലേം ദേവാലയത്തിൽ നടമാടിയിരുന്ന കള്ളകമ്മാട്ടങ്ങൾക്കെതിരെ ചാട്ടവാർ വീശിയ ക്രിസ്തുവിന്റെ മുഖമാണ് ഓർമ്മ വരുന്നത്.

മാർ. മുൾഹാളിന്റെ റിപ്പോർട്ട് തിരുത്തണമെന്നാവശ്യപ്പെട്ട് ഓറിയന്റൽ കോൺഗ്രിഗേഷനെ സമീപിച്ച രൂപതാ നേതൃത്വത്തോടും, ചില അനുചരന്മാരോടും കർദ്ദിനാൾ മാർ. സാന്ദ്രി പ്രഖ്യാപിച്ചത്, നിങ്ങൾ ആദ്യം പോയി ക്രിസ്ത്യാനികളായി വരാൻ. ഇതിൽപ്പരം അപമാനം എന്തുണ്ട്? അതേ, കോട്ടയം രൂപതക്കാർ ക്രിസ്ത്യാനികളാകണം.

ഈ രൂപതയുടെ അനീതിക്കെതിരെ, ദൈവനിന്ദക്കെതിരെ, പാർശ്വവൽക്കരണത്തിനെതിരെ, ശക്തമായി പ്രവർത്തിക്കുക. ദൈവജനത്തിനിടയിൽ അവബോധമുണ്ടാക്കുക. പോപ്പിനെയും മറ്റും നേരിട്ടറിയിക്കാൻ കഴിവും പ്രാപ്തിയുമുള്ളവർ നമുക്കുണ്ട് എന്നത് ചാരിതാർത്ഥ്യജനകമാണ്. അവരെ പ്രോത്സാഹിപ്പിക്കുക. നിരാശരാകാതെ പ്രവർത്തിക്കുക, പ്രാർത്ഥിക്കുക. വിജയം നമ്മുടെ പക്ഷത്താണ്.

ക്രിസ്തുവിൽ ധീരതയോടെ,

**സി.കെ. പുന്നൻ ചിറയിൽ**

01 ആഗസ്റ്റ് 2019

അതിരമ്പുഴ, കോട്ടയം-686562

# ക്നാനായ മൗലികവാദവും ക്രിസ്തീയ വിശ്വാസവും



ചാക്കോ കളരിക്കൽ



ക്നാനായക്കാർ എന്ന് ഇന്ന് പൊതുവിൽ അറിയപ്പെടുന്ന തെക്കുഭാഗക്കാർ എന്നും ക്രിസ്തീയ വിശ്വാസികളായിരുന്നു. അവർ മദ്ധ്യപൂർവ്വദേശത്തുനിന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് കുടിയേറിയ ക്രിസ്ത്യാനികളാണ്. പേർഷ്യൻ വ്യാപാരിയായ ക്നായി തൊമ്മന്റെ കൂടെ ഒരു സംഘം അർമേനിയക്കാർ കൊടുങ്ങല്ലൂരെത്തി താമസമാക്കിയെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. മാർത്തോമ്മാ അപ്പോസ്തോലന്റെ കേരള പ്രവേശന കഥപോലെ തെക്കുംഭാഗക്കാരുടെ കേരള പ്രവേശനവും ചരിത്രപരമായി തെളിയിക്കപ്പെട്ടിട്ടില്ല. ഐതീഹ്യങ്ങളിലും ഊഹാപോഹങ്ങളിലും കെട്ടിപ്പടുത്ത ചരിത്രകഥകൾ ആകാനും സാധ്യതകൾ ഏറെയാണ്. എങ്കിലും മാർത്തോമ്മായുടെ വരവും ക്നായിതൊമ്മൻ കുടിയേറ്റവും മലങ്കരയിലെ നസ്രാണി ക്രിസ്ത്യാനികളുടെ പ്രബലതരമായ വിശ്വാസത്തിന്റെ ഭാഗമാണ്.

ക്നായി തൊമ്മന്റെ ആഗമനത്തോടെ നസ്രാണികളിലുണ്ടായ വിഭജനം ചരിത്രകാരന്മാരുടെ പഠനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കേരളത്തിലെത്തിയ ഒരു വിഭാഗം തെക്കുംഭാഗർ വർഗ്ഗസങ്കരത്തിന് ഇടംകൊടുക്കാതെ നിലനിന്നിരുന്നെന്നും അവരുടെ പിൻഗാമികളാണ് തങ്ങളെന്ന് അഭിമാനപൂർവ്വം കരുതുന്ന ക്രിസ്ത്യാനികളുമുണ്ട്. ഒരു കേരളസ്ത്രീയിൽ ജനിച്ച ജാരസന്തതികളാണ് മാർത്തോമ്മാ നസ്രാണി ക്രിസ്ത്യാനികളെന്ന് തെക്കുംഭാഗക്കാർ പറയുമ്പോൾ, ആ സ്ത്രീയിൽ ജനിച്ചവർ തെക്കുംഭാഗക്കാരാണെന്നും അവർ അവകാശപ്പെടുന്ന വർഗ്ഗശുദ്ധി അവർക്കില്ലെന്നും വടക്കുംഭാഗക്കാരും വാദിക്കുന്നു. നിർഭാഗ്യകരമായ ഈ വാദം ഇപ്പോഴും തുടരുന്നു. ഇന്ന് സീറോമലബാർ കത്തോലിക്കാ സഭയിലും യാക്കോബായ സഭയിലും തെക്കും ഭാഗക്കാർക്ക് പ്രത്യേകം പള്ളികളും മെത്രാന്മാരുമുണ്ട്. തെക്കും ഭാഗർ, വടക്കും ഭാഗർ എന്ന തിരിവ് ഔദ്യോഗികമായി അംഗീകരിച്ചു എന്ന് ചുരുക്കം. നാട്ടുമെത്രാനുവേണ്ടിയുള്ള നൂറ്റാണ്ടുകൾ നീണ്ട കോലാഹലങ്ങൾക്കൊടുവിൽ 1877 ൽ സീറോ മലബാർ സഭയ്ക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു. കോട്ടയം വികാരിയാത്തിന്റെ മെത്രാനായി ഈശോസഭാംഗമായ ലവീഞ്ഞിനെ റോമിൽ നിന്നും നിയമിച്ചു. ലവീഞ്ഞ് മെത്രാൻ തന്റെ വികാരി ജനറാളായി നിധീരിക്കൽ മാണി കത്തനാരെ നിയമിച്ചപ്പോൾ തെക്കുംഭാഗക്കാരുടെ പള്ളിയിൽ നിധീരിക്കൽ കത്തനാരെ പ്രവേശിപ്പിക്കുകയില്ലായെന്ന് മാക്കീൽ മത്തായി കത്തനാർ രേഖാമൂലം മാർ ലവീഞ്ഞിന് എഴുതിക്കൊടുത്തു. പ്രശ്നങ്ങൾ ഒഴിവാക്കാൻ വേണ്ടി മാക്കീൽ അച്ചനെ തെക്കുംഭാഗക്കാർക്കുവേണ്ടി വികാരി ജനറാളായി ലവീഞ്ഞ് മെത്രാൻ നിയമിക്കുകയും ചെയ്തു. വിഭാഗീയതയുടെ വിത്ത് അവിടെ പാകിയെന്ന് വ്യക്തം.

പിന്നീട് 1896 ൽ ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ എന്നീ വികാരിയാത്തുകൾ സ്ഥാപിച്ച് നാട്ടു മെത്രാന്മാരെ തെരഞ്ഞെടുത്തപ്പോൾ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ മെത്രാനായി മാക്കീൽ മത്തായി കത്തനാർ നിയമിതനായി. 15 വർഷം അദ്ദേഹം അവിടം ഭരിച്ചു. 1911 ൽ വിശ്വാസികളുടെ ആത്മീയ വർദ്ധനവിനും ഭിന്നാ

ഭിപ്രായക്കാരുടെ സമാധാനത്തിനുമായി (സ്ഥാപനോദ്ദേശ്യം പത്താം പിയൂസ് പാപ്പായുടെ രൂപതാസ്ഥാപനാബൂളയിൽ നിന്ന്) തെക്കും ഭാഗക്കാർക്കുവേണ്ടി കോട്ടയം രൂപത സ്ഥാപിതമാകുകയും മാക്കീൽ മെത്രാൻ കോട്ടയത്തേക്ക് അദ്ദേഹത്തിന്റെ ആസ്ഥാനം മാറ്റുകയും ചെയ്തു. തെക്ക് – വടക്ക് വിഭാഗീയതയ്ക്ക് ചുക്കാൻ പിടിച്ച മാർ മാക്കിൽ പോലും ഇന്ന് ഉരുവായിരിക്കുന്ന ശുദ്ധരക്ത തീവ്രവാദത്തെയും ക്രൈസ്തവ അരൂപിയെ അവഗണിക്കുന്ന അനിയന്ത്രിത വിഭാഗീയതെയും അന്ന് സ്വപ്നം കണ്ടിരിക്കയില്ല.

സഭ ഒരിടത്തും ഒരു ജാതിയ സമുദായമായിരുന്നിട്ടില്ല. സഭ ഒരു വിശ്വാസ സമൂഹമാണ്. കോട്ടയം രൂപത കത്തോലിക്കാ സഭയിലെ ഒരു രൂപതയാണ്. അത് ക്നാനായ സമുദായ കൂട്ടായ്മയല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭ ആധുനിക ലോകത്തിൽ എന്ന ഡിക്രിയിലെ 58-ാമത്തെ ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്നത് കാണുക. എക്കാലവും എല്ലായിടത്തുമുള്ള എല്ലാ ജനതകൾക്കുമായി അയയ്ക്കപ്പെട്ടിരിക്കുന്ന സഭ ഏതെങ്കിലും വംശത്തോടോ, രാഷ്ട്രത്തോടോ, ഏതെങ്കിലും പ്രത്യേക ജീവിത രീതിയോടോ, ആചാരാധിഷ്ഠിതമായ ജീവിത സമ്പ്രദായത്തോടോ അത് പ്രാചീനമോ ആധുനികമോ ആയിക്കൊള്ളട്ടെ. അതിനോടുമാത്രമായോ അതിനെ വിട്ടുപിരിയാൻ പാടില്ലാത്ത വിധമോ ബന്ധിതമല്ല. കൗൺസിൽ സംസാരിക്കുന്നത് സഭയെപ്പറ്റിയാണ്. സമുദായം കൗൺസിലിന്റെ വിഷയമല്ല. കോട്ടയം രൂപതയുടെ മെത്രാൻ രൂപതാംഗങ്ങളുടെ അജപാലകനാണ്. അദ്ദേഹത്തിന് ക്നാനായ സമുദായത്തിന്റെ നേതാവ് പദവിയില്ല. കൂടാതെ ക്നാനായ രൂപത എന്നൊരു രൂപതയുമില്ല. കാലങ്ങൾക്കും ജാതികൾക്കും അതീതമായി വർത്തിക്കുന്ന ഒന്നാണ് സഭ. വിശ്വാസ സമൂഹമായ സഭ ഒരു സമുദായമല്ല. സമുദായത്തിൽ അനേകം ആചാരങ്ങൾ കാണും. ഉദാഹരണത്തിന് നടവിളി, മാർഗംകളി, മൈലാഞ്ചിയിടീൽ, സ്വജാതിയിൽ നിന്നും ഇണയെ തെരഞ്ഞെടുക്കുക. എന്നാൽ മേൽപ്പറഞ്ഞ ആചാരങ്ങളൊന്നുമല്ല വിശ്വാസസമൂഹമായ സഭയെ സൃഷ്ടിക്കുന്നത്. സമുദായത്തിൽ വലിയ പാരമ്പര്യങ്ങളൊന്നുമില്ലാതെ ആചരിച്ചിരുന്ന ഒന്നായിരുന്നു സ്വവംശവിവാഹം. എന്നാൽ തെക്കുംഭാഗർക്കുവേണ്ടി കോട്ടയം രൂപത സ്ഥാപിതമായപ്പോൾ മുതൽ സ്വവംശ വിവാഹനിഷ്ഠ ലംഘിക്കുന്നവരെ രൂപതയിൽ നിന്നും പുറത്താക്കുന്ന പതിവ് ആരംഭിച്ചതായി കാണാം. കുടുംബകൂട്ടായ്മയുടെ രണ്ട് മാനങ്ങളാണ് സമുദായവും ഇടവകയും. സമുദായാംഗത്വം ജന്മാവകാശവും ഇടവകാംഗത്വം മതസംവിധാനവുമാണ്. ഒന്ന് ജന്മം വഴിയും മറ്റേത് മാമോദീസാ വഴിയുമാണ് സാധിതമാകുന്നത്. സമുദായത്തിലെ ഒരംഗം സമുദായത്തിന്റെ വെളിയിൽ നിന്നും വിവാഹം കഴിച്ചതിന്റെ പേരിൽ ആ അംഗത്തെ കുടുംബത്തിൽ നിന്നും പുറത്താക്കുന്നില്ല. സമുദായം ആ വ്യക്തിയെ പൊതുക്കാര്യങ്ങളിൽ നിന്നും മാറ്റി നിർത്തുന്നു. തെക്കുംഭാഗർക്കായി രൂപതയായപ്പോൾ 'മാറ്റിനിർത്തൽ പരിപാടി' രൂപത ഏറ്റെടുക്കുകയും രൂപതയിൽ നിന്നുള്ള പുറത്താക്കൽ ഔദ്യോഗികമാക്കുകയും ചെയ്തു. യുവതലമുറ സമുദായം വിട്ട് വിവാഹിതരാകുകയും അതുവഴി സമുദായത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്യുന്നത് സമുദായത്തിന്റെ നിലനില്പിന് ഭീഷണിയാണ്. അപ്പോൾ സമുദായം വിവാഹനിഷ്ഠയ്ക്ക് പുതിയ മാനങ്ങൾ അന്വേഷിക്കേണ്ട ഈ അവസരത്തിൽ തികച്ചും അക്രൈസ്തവമായ പള്ളി പുറത്താക്കൽ കാലഘട്ടത്തിന്റെ എതിർ സാക്ഷ്യമാണ്. എൻഡാഗമിക്കുവേണ്ടി വാദിക്കുകയും എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന അമേരിക്കൻ പ്രവാസികളുടെ മക്കൾ സമുദായം വിട്ട് വിവാഹിതരാകുന്നത് സർവ്വസാധാരണമാണ്. അത് സംഭവിക്കുന്നത് മാതാപിതാക്കളുടെ കുറ്റംകൊണ്ടല്ല. സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ടാണ്. പുതിയ തലമുറയുടെ മനോഭാവങ്ങളും ആവശ്യങ്ങളും അറിഞ്ഞ് കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സമുദായം തയ്യാറാകണം.

എൻഡാഗമി നിർബന്ധിമായി ആചരിച്ചിരുന്ന നൂറുകണക്കിന് സമുദായങ്ങൾ, ജാതികൾ, വംശങ്ങൾ എല്ലാം ഇന്ന് പുതിയ മാനങ്ങൾ തേടി പോകുമ്പോൾ അമേരിക്കയിലേക്ക് കുടിയേറിയ ക്നാനായ സഹോദരങ്ങളിൽ വർഗ്ഗീയതയും വിഭാഗീയതയും വർദ്ധിച്ച് ഭ്രാന്ത് പിടിച്ചവരായി തീവ്രവാദത്തിൽ എത്തിപ്പെട്ടു നിൽക്കുന്നത് കാണുമ്പോൾ സഹതപിക്കാനേ മറ്റുള്ളവർക്ക് നിർവാഹമുള്ളൂ.

സഭ അടിച്ചേൽപ്പിക്കുന്ന വിവാഹനിഷ്ഠ അക്രൈസ്തവമായ പാരമ്പര്യത്തിലധിഷ്ഠിതമാണെന്ന് സാമാന്യബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാവുന്ന ലളിതമായ വിഷയമാണ്. പക്ഷേ, തീവ്രവാദം തലയ്ക്ക് പിടിച്ച സഭാനേതൃത്വം സ്വവംശവിവാഹനിഷ്ഠ സഭാംഗത്തിന്റെ അടിസ്ഥാനസിലയാണെന്ന് വാദിക്കുമ്പോൾ അത് കുടുംബബന്ധങ്ങളെ തകർക്കുന്ന ക്രിസ്തീയ വിശ്വാസത്തിന് എതിർസാക്ഷ്യമാണെന്ന് സാധാരണ വിശ്വാസി എങ്ങനെ കരുതും? ആചാരത്തിന്റെയോ പാരമ്പര്യത്തിന്റെയോ ദീർഘവീക്ഷണക്കുറവിന്റെയോ പേരിൽ കുടുംബബന്ധങ്ങളെ തകർക്കുന്ന യാതൊന്നും ന്യായീകരിക്കാവുന്ന ഒന്നല്ല. ക്നാനായത്തമോ തനിമയോ സ്വവംശ വിവാഹമോ, ശുദ്ധരക്തമോ എന്നതിലുപരി ഒരു ക്രിസ്ത്യാനി വിശ്വാസത്തിനാണ് മുൻഗണന നൽകേണ്ടത്. അത് സ്വന്തം നിത്യരക്ഷയുടെ വിഷയം കൂടിയാണ്.

2013 ൽ ഷിക്കാഗോയിൽ വെച്ച് 'ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക'യുടെ ഒരു ഏകദിന സെമിനാറിൽ  ഞാൻ ക്ഷണിക്കപ്പെട്ട ഒരു പ്രബന്ധാവതാരകനായിരുന്നു. ആ സമ്മേളനത്തിനു ശേഷം ഞാൻ അമേരിക്കൻ ക്നാനായ പ്രവാസികളുടെ എൻഡോഗമി അതിപഥ്യത്തെപ്പറ്റി ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. കടന്നൽക്കൂട്ടിൽ കല്ലെറിഞ്ഞതുപോലെയായി ആ സംഭവം. അന്നുവരെ മിത്രങ്ങളായിരുന്ന അനേകം തെക്കുംഭാഗർ എനിക്ക് ശത്രുക്കളായി.

സ്വജാതിയിൽ നിന്ന് ഇണയെ തെരഞ്ഞെടുക്കുന്നതിലൂടെ സമുദായത്തിൽ വംശീയശുദ്ധി നിലനിർത്തുന്നതിലല്ല പൊതുവിൽ എതിർപ്പ്, മറിച്ച് സമുദായത്തിൽ നിന്നും മാറി വിവാഹം ചെയ്തവരെ പള്ളിക്ക് പുറത്താക്കുന്ന നടപടിയോടും ആ കുടുംബത്തിന് അർഹതയുള്ള പള്ളി അംഗത്വവും കൂദാശകളും ലഭ്യമാക്കാതിരിക്കുന്ന സഭാധികാര നടപടിയോടുമാണ്.

ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ 2012 ഡിസംബർ 20 ലെ കത്തിൽ രൂപതയിലെ ഇടവകകളും മിഷനുകളും എൻഡോഗമസ് അല്ലെന്ന് പറയുകയും 2014 സെപ്റ്റംബർ 19 ലെ കത്തിൽ ക്നാനായിൽ ജനിച്ചയാൾക്ക് പള്ളി അംഗത്വം നൽകുമെന്നും വിവാഹപങ്കാളിയും കുട്ടികളും മറ്റും സീറോമലബാർ പള്ളികളിൽ അംഗത്വമെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഒരു കുടുംബത്തെ ഈവിധം വെട്ടിമുറിക്കുന്നത് കണ്ടാൽ ഇത് കത്തോലിക്കാ സഭയാണോയെന്ന് ചോദിച്ചുപോകും. മെത്രാന്മാരും വിശ്വാസികളും ഇത്രയ്ക്ക് അധഃപതിക്കാമോ. പരിഛേദനവാദികളുടെ വാദം അന്ന് പത്രോസും അപ്പോസ്തോലരും നിരാകരിച്ചില്ലായിരുന്നെങ്കിൽ ഇന്ന് സീറോമലബാർ സഭ തന്നെ ഉണ്ടാകുമായിരുന്നില്ല. ഫ്രാൻസിസ് പാപ്പായുടെ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പോസ്തോലിക തിരുവെഴുത്തിലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ: സുവിശേഷത്തിന്റെ ഹൃദയവുമായി നേരിട്ട് ബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങൾ അവയ്ക്ക് എത്ര ആഴമേറിയ ചരിത്രപാരമ്പര്യമുണ്ടായാലും പുനഃപരിശോധിക്കാൻ സഭ തയ്യാറാകണം.



# ചർച്ച് ആക്ട്



**ജോസ് കല്ലിടിക്കിൽ**
വൈസ്പ്രസിഡന്റ്, KCRMNA



എറണാകുളം - അങ്കമാലി അതിരൂപത ഭൂമി വിവാദത്തെത്തുടർന്ന് കേരള സമൂഹത്തിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട 'ചർച്ച് ആക്ട്' അഥവാ 'ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' നിയമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത സംസ്ഥാന ഭരണകൂടം അതു വഴി അവരുടെ നവോത്ഥാന അവകാശവാദങ്ങളുടെ പൊള്ളത്തരമാണ് വെളിപ്പെടുത്തുന്നത്. കേരളത്തിന്റെ അഭിമാന സ്തംഭങ്ങളിൽ ഒന്നായ അന്തരിച്ച മുൻ സുപ്രീംകോടതി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഭരണപരിഷ്ക്കാര കമ്മീഷൻ 2009 ൽ അന്നത്തെ വി.എസ്. അച്യുതാനന്ദൻ സർക്കാരിന് കൈമാറിയിട്ടുള്ളതാണ് ഈ ബിൽ. ബിൽ കൈപ്പറ്റിയ അന്നത്തെ നിയമവകുപ്പ് മന്ത്രി എം. വിജയകുമാർ ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കി നിയമമായി നടപ്പിൽ വരുത്തുവാൻ സത്വരപനടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും തന്റെ പാർട്ടി സെക്രട്ടറിയുടെ ഒരു വിവാദപരാമർശത്തെത്തുടർന്നുണ്ടായ കത്തോലിക്കാ മതമേലദ്ധ്യക്ഷന്മാരുടെ പ്രതിക്ഷേധം ശമിപ്പിക്കുവാൻ അദ്ദേഹത്തിന് ഈ ബിൽ ഫയലുകൾക്കിടയിൽ പൂഴ്ത്തേണ്ടി വന്നു.

ചർച്ച് ആക്ട് ബിൽ നിയമമായി നടപ്പിൽ വരുത്തുന്നതിന് വിഘാതമായി നിൽക്കുന്ന പ്രധാനഘടകം ക്രിസ്ത്യൻ മതമേലദ്ധ്യക്ഷന്മാർ, വിശിഷ്യാ കത്തോലിക്കാ വൈദികരും മെത്രാന്മാരും ബില്ലിനെതിരെ സ്വീകരിച്ചിട്ടുള്ള നിഷേധാത്മക നിലപാടും പ്രചരിപ്പിക്കുന്ന അസത്യങ്ങളുമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളായി തങ്ങളുടെ പള്ളികളുടെയും പള്ളിവക സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും മേൽ അനുഭവിച്ചിരുന്ന അവകാശങ്ങളും നിയന്ത്രണവും അനധികൃതമായി പിടിച്ചെടുത്ത പുരോഹിതരെ അവ നഷ്ടപ്പെടുമോയെന്ന ഭീതി അലട്ടുന്നുണ്ട്. ചർച്ച് ആക്ട് നിലവിൽ വന്നാൽ അതിന്റെ ഗുണഭോക്താക്കളാകുന്ന അത്മായരിൽ ബഹുഭൂരിപക്ഷത്തിനും ബില്ലിലെ വ്യവസ്തകളെക്കുറിച്ചോ വിശദാംശങ്ങളെക്കുറിച്ചോ വ്യക്തമായ ധാരണകളുമില്ല. കെ.സി.ആർ.എം. ഉൾപ്പെടെയുള്ള സഭാ നവീകരണപ്രസ്ഥാനങ്ങൾ നിരന്തരം മുറിവിളി കൂട്ടിയിട്ടും, അഡ്വ: ഇന്ദുലേഖ കഴിഞ്ഞ സംസ്ഥാന തെരഞ്ഞെടുപ്പിൽ ഈ വിഷയത്തിന്റെ പ്രചരണത്തിനായി സുറിയാനി ക്രിസ്ത്യാനികളുടെ കോട്ടകൂടിയായ പൂഞ്ഞാറിൽ നിന്ന് ജനവിധി തേടിയിട്ടും ഓൾ കേരള ചർച്ച് ആക്ട് കൗൺസിൽ (എ.കെ.സി.എ.എ.സി.), മലങ്കര ആക്ഷൻ കൗൺസിൽ ഫോർ ചർച്ച് ഇംപ്ലിമെന്റേഷൻ (എം.എ.സി.എ.ബി.ഐ.) എന്നീ പ്രസ്ഥാനങ്ങൾ ഈ വിഷയത്തിന് മാത്രമായി രൂപീകരിച്ച് പ്രവർത്തിച്ചിട്ടും ബില്ലിന് അനുകൂലമായി ശക്തമായൊരു ജനവികാരം സ്വരൂപിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ചർച്ച് ആക്ടിന് അനുകൂലമായി പൊതുവികാരം ശക്തമാക്കുകയെന്നതാണ് ഈ സമ്മേളനത്തിന്റെയും ഇവിടെ നടക്കുന്ന ചർച്ചകളുടെയും മുഖ്യ ഉദ്ദേശ്യം.

ചർച്ച് ആക്ട് ബില്ലിന്റെ വിശദാംശങ്ങളിലേക്കും അനിവാര്യതയിലേക്കും ന്യായ-അന്യായ വാദഗതികളിലേക്കും കടക്കുന്നതിന് മുമ്പ് ഇത്തരത്തിലൊരാശയം ഉടലെടുക്കുന്നതിനെക്കുറിച്ചും ബില്ലിനായി രൂപാന്തരപ്പെടുന്നതിനെക്കുറിച്ചും ഒരന്വേഷണം അനുചിതമാകും. ഇന്ത്യൻ ഭരണഘടനയുടെ 26 (സി) വകുപ്പ് എല്ലാ മതവിഭാഗങ്ങൾക്കും, സ്വത്തുക്കൾ സമ്പാദിക്കുവാനും ഭരി

ക്കുവാനും അവകാശമുണ്ടെന്നും അപ്രകാരം ഭരിക്കേണ്ടത് നിയമപ്രകാരം ആയിരിക്കണമെന്നും ആയതിന് വേണ്ടിയ നിയമനിർമ്മാണം നടത്തിക്കൊടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരം നിലവിൽ വന്നിട്ടുള്ളതാണ് 'ഹിന്ദു റിലീജിയസ് ആക്ട്', മുസ്ലിം മതസ്ഥർക്കായി 'വഖഫ് ബോർഡ് ആക്ട്', സിക്ക് മതവിശ്വാസികൾക്കായി 'ഗുരുദ്വാര പ്രബന്ദക് കമ്മിറ്റി ആക്ട്' എന്നിവ. എന്നാൽ ഭൗതിക സ്വത്തുക്കളുടെ ബൃഹുത്തായൊരു ശേഖരം കൈവശപ്പെടുത്തിയിട്ടുള്ള ക്രൈസ്തവരുടെ സ്വത്തുവകകൾ ജനാധിപത്യപരമായി ഭരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയ നിയമനിർമ്മാണം നടത്തുവാൻ ഇന്നോളം അധികാരത്തിൽ വന്നിട്ടുള്ള സർക്കാരുകൾ ഗൗരവമായി കരുതിയിട്ടില്ല. ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുവരെ കേരളത്തിലെ പള്ളികളുടെയും പള്ളിവക സ്വത്തുക്കളുടെയും ഭരണം നടത്തിയിരുന്നത് മാർത്തോമ്മായുടെ പാരമ്പര്യത്തിലധിഷ്ഠിതമായ പള്ളിയോഗസമ്പ്രദായപ്രകാരമായിരുന്നു. പള്ളികളുടെ ആസ്തിയോടൊപ്പം അവയോട് അനുബന്ധിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ സ്വാധീനവും സമ്പത്തും വർദ്ധിച്ചപ്പോൾ വൈദികരും സഭാമേലദ്ധ്യക്ഷന്മാരും അവയുടെ മേൽ അധികാരം സ്ഥാപിച്ചെടുക്കുവാനുള്ള പഴുതുകൾ കണ്ടെത്തുവാൻ തുടങ്ങി. അതിനായി അവർ കണ്ടെത്തിയ മാർഗ്ഗമാണ് പൗരോഹിത്യത്തിന് മേൽക്കോയ്മ കല്പിക്കുന്ന പാശ്ചാത്യസഭാ സംവിധാനം ഇവിടെയും ഏർപ്പെടുത്തുകയെന്നത്. ഇപ്രകാരം 1992 ൽ അക്കാലമത്രയും പാശ്ചാത്യസഭാഭരണസംവിധാനത്തിൽ നിന്നും വിഭിന്നമായി നിലനിന്നിരുന്ന സീറോ മലബാർ സഭയിലും റോമൻ സഭകളുടെ കാനോൻ നിയമങ്ങൾ ബാധകമാക്കി. തൽഫലമായി നമ്മുടെ പള്ളികളുടെയും സഭാസ്ഥാപനങ്ങൾ, സ്വത്തുക്കൾ എന്നിവയുടെയും മേലുള്ള പൂർണ്ണ അധികാരം രൂപതാദ്ധ്യക്ഷനിലും, നിയന്ത്രണം വൈദികരിലും സ്ഥാപിക്കപ്പെട്ടു. അവയുടെയെല്ലാം യഥാർത്ഥ ഉടമകളായ വിശ്വാസികൾ വെറും ഉപദേശകർ മാത്രമായി തരംതാഴ്ത്തപ്പെടുകയും ചെയ്തു.

കേരളത്തിലെ പുരാതന ദേവാലയങ്ങൾ ഏറെയും നിലവിലെ രൂപതാസംവിധാനം ആവിർഭവിക്കുന്നതിന് മുമ്പേ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. രൂപതയുടെയോ രൂപതാദ്ധ്യക്ഷന്റെയോ കാരുണ്യമായി ലഭിച്ചിട്ടുള്ള ദേവാലയങ്ങൾ ഒന്നുപോലും ഉണ്ടാകില്ല. അവയെല്ലാം സ്ഥാപിക്കപ്പെട്ടത് നമ്മുടെ പൂർവ്വികരുടെ ക്ലേശത്തിന്റെയും ത്യാഗത്തിന്റെയും ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായാണ്. അവരുടെയൊക്കെ വിയർപ്പിന്റെയും രക്തത്തിന്റെയും കണ്ണീരിന്റെയും ഗന്ധം അവയുടെ ചുവരുകളിൽ ഇപ്പോഴും തങ്ങി നിൽക്കുന്നുമുണ്ടാകും. ചരിത്രം ഉറങ്ങുന്ന നമ്മുടെ പുരാതന ദേവാലയങ്ങൾ, അവയോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ, കോളേജുകൾ, ആതുരാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവയുടെയെല്ലാം ഉടമസ്ഥത ഇന്ന് പൂർണ്ണമായും രൂപതാദ്ധ്യക്ഷനിലും നിയന്ത്രണം വൈദികരിലുമായി ഭവിക്കപ്പെട്ടു. ഇടവകാംഗങ്ങൾക്ക് അവകാശപ്പെട്ട ഇത്തരം സ്ഥാപനങ്ങളിലെ അഡ്മിഷനുകളും നിയമനങ്ങളും പലപ്പോഴും അവർക്ക് നിഷേധിക്കപ്പെടുന്നു. സ്വാധീനത്തിന്റെയും ഘനമേറിയ കോഴയുടെയും പിൻബലത്തിൽ അനർഹർ അവയെല്ലാം തട്ടിയെടുക്കുന്നു. കടുത്ത ഇത്തരം അനീതിക്കെതിരെ മൗനമായി കേഴുകയല്ലാതെ പ്രതികരിക്കുവാൻ അശക്തരാണ് നമ്മുടെ വിശ്വാസസമൂഹങ്ങൾ ഇപ്പോൾ.

സീറോമലബാർ സഭയുടെ ഈ ദുരവസ്ഥയ്ക്കും വിശ്വാസസമൂഹത്തിന്റെ നിസ്സഹായവസ്ഥയ്ക്കുമുള്ള പ്രതിവിധി തേടിയുള്ള ജോസഫ് പുലിക്കുന്നേലിന്റെ അന്വേഷണങ്ങളാണ് ചർച്ച് ആക്ട് ബില്ലിലേക്ക് വഴി തെളിച്ചത്. കേരള കത്തോലിക്കാ നവീകരണ പ്രസ്ഥാനങ്ങളുടെ പ്രചോദനവും മാർഗ്ഗദർശിയും കൂടിയായ അദ്ദേഹം ദീർഘകാലം ഓശാന മാസികയിലൂടെ പ്രസിദ്ധീകരിച്ച ചിന്തോദ്ദീപകങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും വഴിയാണ് കേരള കത്തോലിക്കരുടെയിടയിൽ നവോത്ഥാന - നവീകരണ ആശയങ്ങൾ പ്രബലപ്പെട്ടതും പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതും.

രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യദേശത്തുള്ള സഭകൾക്ക് അവരുടെ പൂർവ്വിക പാരമ്പര്യങ്ങൾ പുനഃസ്ഥാപിക്കുവാൻ അവകാശവും കടമയുമുണ്ടെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ അത്തരത്തിലുള്ള നിയമനിർമ്മാണത്തിനുള്ള സാധ്യത തേടിയ അദ്ദേഹം ഇൻഡ്യൻ ഭരണഘടനയുടെ 26 (സി) വകുപ്പിലൂടെ പ്രസ്തുത ലക്ഷ്യം കൈവരിക്കാമെന്ന് തിരിച്ചറിഞ്ഞു.

പള്ളി സ്വത്തിന്റെ ഭരണം ഇടവക പൊതുയോഗങ്ങളിൽ പുനഃസ്ഥാപിക്കുവാനുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥനകൾ സഭാ നേതൃത്വം പാടേ അവഗണിച്ചു. ഈ സാഹചര്യത്തിൽ വിഷയം പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ അദ്ദേഹം തീരുമാനിച്ചു. അപ്രകാരം അദ്ദേഹം കോട്ടയത്ത് വിളിച്ചു ചേർത്ത ഒരു നിർണ്ണായക യോഗത്തിൽ ഡോ. എം.വി. പൈലി, സുപ്രീം കോടതി റിട്ടയേർഡ് ജസ്റ്റിസ് കെ.ടി. തോമസ്, മുൻ മന്ത്രി ബി. വെല്ലിംഗ്ടൺ മുതലായ നിരവധി പ്രമുഖ വ്യക്തികൾക്കൊപ്പം സഭാ നവീകരണപ്രസ്ഥാനങ്ങളായ കാത്തലിക് ലേമെൻസ് അസോസിയേഷൻ, കേരള കാത്തലിക് റിഫോം മൂവ്മെന്റ്, കേരള കാത്തലിക് ഫെഡ

റേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു. ജോസഫ് പുലിക്കുന്നേലിന്റെ തന്നെ നേതൃത്വത്തിൽ ഇതേ ലക്ഷ്യത്തിനായി 2006 ഒക്ടോബറിൽ കോട്ടയത്ത് വീണ്ടും ചേർന്ന യോഗത്തിൽ പള്ളി ഭരണങ്ങൾക്കുള്ള ഒരു കരട് രൂപരേഖ ക്രോഡീകരിക്കുവാൻ തീരുമാനിച്ചു.

കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന കാത്തലിക് ലേമെൻസ് അസോസിയേഷനാണ് ഇത്തരത്തിലൊരു നിയമ നിർമ്മാണം വലിയ ഒരു ദൗത്യമായി ഏറ്റെടുത്ത് പ്രവർത്തനം ഊർജ്ജിതമാക്കിയത്. നിരന്തരം അവർ കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾക്ക് നൽകിയ നിവേദനങ്ങളുടെ ഫലമായി 2006 ൽ അധികാരത്തിൽ വന്ന അച്യുതാനന്ദൻ ഗവൺമെന്റ് അന്നത്തെ ഭരണപരിഷ്ക്കാര കമ്മീഷൻ അദ്ധ്യക്ഷനായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരോട് ഇതിനായി ഒരു കരട് നിയമം തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. മൂന്ന് വർഷത്തോളം കമ്മീഷൻ നടത്തിയ സമഗ്രമായ പഠനത്തിനും ബന്ധപ്പെട്ട കക്ഷികളായ സഭാധികാരികൾ, ബൈബിൾ പണ്ഡിതർ, അത്മായ സംഘടനകൾ, വിശ്വാസികൾ, സാമൂഹ്യ-സാംസ്കാരിക നിയമരംഗങ്ങളിലെ പ്രമുഖ വ്യക്തികൾ എന്നിവരെല്ലാമായുള്ള സുദീർഘമായ ചർച്ചകൾക്കും ശേഷം കമ്മീഷൻ 'ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' എന്ന നിയമത്തിന് രൂപം നൽകി അന്നത്തെ നിയമ മന്ത്രി ശ്രീ. എം. വിജയകുമാറന് കൈ മാറി. ബില്ലിന്റെ അനിവാര്യതയെക്കുറിച്ച് പൂർണ്ണ ബോധ്യവും വ്യവസ്ഥകളോട് യോജിപ്പും ഉണ്ടായിട്ടും ബിൽ നിയമമാക്കി നടപ്പാക്കുവാൻ ഇടതും വലതും സർക്കാരുകൾ പുലർത്തുന്ന അനാസ്ഥ മതങ്ങളോടും മതസംഘടനകളോടും ഒരേറ്റുമുട്ടൽ ഭയന്നിട്ടാകാം.

പള്ളികളും പള്ളികളോടു ബന്ധപ്പെട്ടിട്ടുള്ള വസ്തുവകകളും അതിന്റെ യഥാർത്ഥ ഉടമകളായ ഇടവക ജനതയിൽ ഏല്പിക്കുകയെന്നതാണ് ചർച്ച് ആക്ട് നിയമ നിർമ്മാണം വഴി ലക്ഷ്യമിടുന്നത്. ജസ്റ്റിസ് കൃഷ്ണയ്യർ സമർപ്പിച്ച ബില്ലിന്റെ ആമുഖത്തിൽ ഇപ്രകാരം പറയുന്നു: 'കേരള ക്രൈസ്തവ സഭകളുടെ ആസ്ഥികൾ പൂർവ്വകാലം മുതൽ തന്നെ ട്രസ്റ്റുകൾ പോലെയാണ് കൈകാര്യം ചെയ്തു വരുന്നത്. എങ്കിലും അവ ഇന്നു വരെ അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല എന്നത് പല വിധത്തിലുള്ള സങ്കീർണ്ണതകൾക്കും കാരണമായി തീർന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വിവിധ സഭകളുടെ ലൗകിക ആസ്തികളുടെ ഭരണത്തിൽ ജനാധിപത്യ ചട്ടക്കൂട് കൊണ്ടുവരുന്നത് വഴി ലൗകിക സ്വത്തുക്കളുടെ ഭരണം ബൈബിൾ അധിഷ്ഠിതമായ ശരിയായ ക്രൈസ്തവ രൂപ മാതൃകയിൽ കൊണ്ടുവരപ്പെടുന്നതിന് ഈ ബിൽ ലക്ഷ്യമിടുന്നു.'

ജസ്റ്റിസ് കൃഷ്ണയ്യർ സമർപ്പിച്ച ബില്ലിൽ കേരളത്തിലെ മുഴുവൻ ക്രൈസ്തവ സഭകളുടെയും സമ്പത്തിന്റെയും സ്ഥാപനങ്ങളുടെയും ഭരണത്തിനായി ത്രിതല ട്രസ്റ്റ് സംവിധാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇടവക / യൂണിറ്റ്തല ട്രസ്റ്റ്, രൂപത/റെവന്യൂ ജില്ലാതല ട്രസ്റ്റ്, സഭ / സംസ്ഥാനതല ട്രസ്റ്റ് എന്നിവയാണവ. ഇടവക പൊതുയോഗങ്ങളിൽ നിന്നാണ് ഈ മൂന്ന് തലത്തിലേക്കുള്ള ട്രസ്റ്റുകളിലേക്കും ട്രസ്റ്റികളേയും കണക്കുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഓഡിറ്റേഴ്സിനെയും തെരഞ്ഞെടുക്കുന്നത്. ഇടവകാംഗത്വമുള്ള പ്രായപൂർത്തിയായ എല്ലാ വ്യക്തികൾക്കും ട്രസ്റ്റിൽ അംഗത്വമുള്ളതും ജനാധിപത്യപരമായി ട്രസ്റ്റികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ വോട്ടവകാശം ഉള്ളതുമാണ്. ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധിച്ച കണക്കുകൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുവാൻ അവ ചാർട്ടേഡ് അക്കൗണ്ടന്റുമാർ വഴി സർട്ടിഫൈഡ് ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവയുടെയെല്ലാം പ്രവർത്തനം തികച്ചും സ്വതന്ത്രവും സംസ്ഥാന സർക്കാരിന് യാതൊരുവിധ നിയന്ത്രണവും കൂടാതെയുമാണ്. സംസ്ഥാന സർക്കാരിനുള്ള ഏക പങ്ക് സംസ്ഥാനതലത്തിൽ ഗവൺമെന്റ് സെക്രട്ടറിയുടെ റാങ്കിലുള്ള ഒരു ചർച്ച് കമ്മീഷണറെ നിയമിക്കുകയെന്നതും പ്രസ്തുത കമ്മീഷൻ മുമ്പാകെ ത്രിതല ട്രസ്റ്റുകൾ അവയുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുകയെന്ന വ്യവസ്ഥയുമാണ്.

രൂപതാദ്ധ്യക്ഷന്മാരും വൈദികരും സഭയേക്കാളുപരി സഭാ നേതൃത്വത്തിന്റെ താല്പര്യസംരക്ഷണത്തിനായി നിലകൊള്ളുന്ന ഔദ്യോഗിക അത്മായ സംഘടനകളും ചർച്ച് ആക്ട് ബില്ലിനെതിരെ സ്വീകരിച്ചിട്ടുള്ള കടുത്ത നിലപാടിനും അവരുടെ ആശങ്കകൾക്കും അടിസ്ഥാനമുണ്ടോയെന്ന് ഒന്ന് പരിശോധിക്കാം.


വിശ്വാസസമൂഹത്തിന് അവരുടെ ക്രൈസ്തവ വിശ്വാസം സംരക്ഷിക്കുവാനും ആചരിക്കുവാനും പരിപോഷിപ്പിക്കുവാനും ഉതകുന്ന വ്യവസ്ഥകൾ ബില്ലിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കാത്തവർ, നിരീശ്വരവാദികൾ, കുറ്റക്കാരെന്ന് വിധിക്കപ്പെട്ട ക്രിമിനലുകൾ എന്നിവർക്ക് ട്രസ്റ്റ് കമ്മിറ്റികളിൽ ഇടം നൽകരുതെന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മാനസിക രോഗികൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, അധാർമ്മിക ജീവിതം നയിക്കുന്നവർ എന്നിവരേയും ട്രസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മതപരമായ വിശ്വാസ, ആചാര, അനുഷ്ഠാന, ദൈവശാസ്ത്ര, പ്രബോധന വിഷയങ്ങളിൽ ഇടപെടില്ലെന്ന് കരട് ബില്ലിൽ ഉറപ്പാക്കിയിട്ടുമുണ്ട്.

ആദരണീയമായ സ്ഥാനവും പരിഗണനയുമാണ് സഭാ മേലദ്ധ്യക്ഷന്മാർക്കും രൂപതാദ്ധ്യക്ഷർക്കും പുരോഹിതർക്കും ചർച്ച് ആക്ട് ബില്ലിൽ നൽകിയിട്ടുള്ളത്. ട്രസ്റ്റ്, അസംബ്ലി മീറ്റിംഗുകളിൽ അദ്ധ്യക്ഷം വഹിക്കാനും നിയന്ത്രിക്കുവാനുമുള്ള ചുമതലയും അവകാശവും ഇടവക തലത്തിൽ വികാരി അച്ചനും രൂപതാ തലത്തിൽ മെത്രാനും സഭാതലത്തിൽ മേജർ ആർച്ച് ബിഷപ്പിനും സമാനപദ്ധതി അലങ്കരിക്കുന്ന സഭാ മേലദ്ധ്യക്ഷന്മാരിലുമാണ് നിഷിപ്തമായിട്ടുള്ളത്. മതപരമായ ആചരണങ്ങൾക്കും ശുശ്രൂഷകൾക്കും വേണ്ടിയ എല്ലാവിധ സൗകര്യങ്ങളും ഒത്താശകളും പുരോഹിതർക്ക് നൽകണമെന്ന് ട്രസ്റ്റികളെ ബിൽ ചുമതലപ്പെടുത്തുന്നു. വൈദികരുടെ താമസത്തിനായി ആധുനിക സൗകര്യങ്ങൾ ഉള്ള പാർപ്പിടം നൽകണമെന്നും വർദ്ധിച്ചുവരുന്ന ജീവിത ചെലവുകൾക്ക് അനുസൃതമായി ജീവിക്കുവാനുള്ള വേതനവും അലവൻസുകളും അവർക്ക് നൽകണമെന്നും ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജന്മദേശമെങ്കിലും ഒരു വിദേശരാജ്യത്ത് നടപ്പാക്കപ്പെടാവുന്ന ഒരു നിയമവ്യവസ്ഥിതി അമേരിക്കപോലെ വിദേശരാജ്യങ്ങളിൽ വസിക്കുന്ന പ്രവാസി മലയാളി ക്രിസ്ത്യൻ സമൂഹത്തെ എങ്ങനെ ബാധിക്കും എന്ന ന്യായമായൊരു സംശയം പലർക്കുമുണ്ടാകാം. നാട്ടിലെ ആരാധനാലയങ്ങളുടെ പുനർനിർമ്മാണത്തിനും ദേവാലയങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്ന ആഘോഷങ്ങൾക്കും പുതിയ പദ്ധതികൾക്കും വേണ്ടിയ ഭാരിച്ച തുകയുടെ സിംഹഭാഗവും പ്രവാസി സമൂഹത്തിന്റെ സ്വമേധയായും സമ്മർദ്ദങ്ങൾക്ക് വഴങ്ങിയും നൽകുന്ന സംഭാവനകളാണ്. അവ കൈകാര്യം ചെയ്യുന്നത് സുതാര്യമായിട്ടാകണമെന്ന് ഉറപ്പു വരുത്തുക നമ്മുടെകൂടെ അവകാശവും കടമയുമാണ്. പ്രവാസി മലയാളികൾ എത്തുന്നിടത്തെല്ലാം വിശ്വാസസംരക്ഷണത്തിന്റെ മറവിൽ വിവിധ സഭകൾ ഇവിടെയും ഇതരദേശങ്ങളിലും നട്ടുപിടിപ്പിയ്ക്കുവാനും അരാധനാക്രമവും പാരമ്പര്യങ്ങളും കയറ്റുമതി ചെയ്യുന്നതുമായ പ്രവണത നിലനിൽക്കുന്നുണ്ട്. വിവിധ കേരളസഭകൾ ഇവിടെ പ്രവർത്തിക്കുന്നത് നാട്ടിൽ നിന്നുള്ള സഭാനേതൃത്വത്തിന്റെ നിയന്ത്രണത്തിലും അവിടെ നിലനിൽക്കുന്ന സഭാ ഭരണസംവിധാനത്തിന് അനുസൃതവുമാണ്. സുതാര്യമായൊരു ഭരണവ്യവസ്ഥയുടെയും നടത്തിപ്പിന്റെയും അഭാവത്തിൽ കുട്ടികളുടെ ഭാവിയെ കരുതി നാം നൽകുന്ന സംഭാവനകൾ വകമാറ്റി നാട്ടിലേക്ക് കടത്തപ്പെടുവാനുള്ള സാധ്യതയും തള്ളിക്കളയുവാനാകില്ല. വിശ്രമം കൂടാതെ രണ്ട് ജോലി ചെയ്യുന്നവരുടെയും രണ്ടറ്റം കൂട്ടിമുട്ടിയ്ക്കാൻ ക്ലേശിക്കുന്നവരുടെയും കൂടി സംഭാവനകളാണ് അവയെന്ന് ഓർമ്മിക്കുകയും വേണം.

അഗാധമായ നിയമപാണ്ഡിത്യത്തിനപ്പുറം ഇൻഡ്യൻ സുപ്രീം കോടതി അലങ്കരിച്ചതും എക്കാലവും ആദരിക്കപ്പെടുന്നതുമായ ആദരണീയ ന്യായാധിപന്മാരിൽ ഒന്നാണ് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ. അദ്ദേഹം ജാതി, മത, വർണ്ണ, വംശ ലിംഗഭേദമെന്യേ ജനതയെ തുല്യരായി കാണുവാനും ബഹുമാനിക്കുവാനും കഴിയുന്നൊരു മഹദ്‌വ്യക്തിത്വത്തിന്റെ ഉടമ കൂടിയായിരുന്നു. ആരേയും പകയോ, പ്രത്യേക പരിഗണനയോ കൂടാതെ അദ്ദേശം ശ്രദ്ധാപൂർവ്വവും സദുദ്ദേശപരവുമായി തയ്യാറാക്കിയതാണ് ചർച്ച് ആക്ട് ബിൽ. അദ്ദേഹത്തിന്റെ നാമംകൂടി ചേർത്ത് ഈ ബിൽ നടപ്പാക്കുന്നത് ആ പുണ്യാത്മാവിനോടുള്ള കേരളജനതയുടെ സമുചിതമായൊരു ആദരവ് കൂടിയാകും. കേരള ക്രൈസ്തവരുടെ വിശ്വാസസംരക്ഷണത്തിനും വിശ്വാസസമൂഹത്തിന്റെ താല്പര്യങ്ങൾക്കും സഭയുടെ നിലനിൽപ്പിനും സൽപ്പേരിനും ചർച്ച് ആക്ട് ബിൽ എത്രയും വേഗം നിയമമായി പ്രാബല്യത്തിൽ വരേണ്ടത് അനിവാര്യമാണ്. അതിനായുള്ള സഭാനവീകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളോട് നമുക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാം.

*(കെ.സി.ആർ.എം.എൻ.ഏ. യുടെ ഓഗസ്റ്റ് 10 ശനിയാഴ്ച്ച ചിക്കാഗോയിൽ നടത്തപ്പെട്ട സമ്മേളനത്തിൽ വൈസ്പ്രസിഡന്റ് ജോസ് കല്ലിടിക്കിൽ അവതരിപ്പിച്ച പ്രബന്ധം)*



# 1ST GLOBAL KNANAYA CATHOLIC REFORM CONFERENCE 2019

*Executive Committee:*
**BIJU UTHUP, India, Chairman**
Mob: _+919900015532, *buthup@yahoo.com*

**GEORGE POOZHIKALA, Canada, Vice-chairman**
Mob: +15622413651, *gpoozhikala@gmail.com*

**T.O. JOSEPH, India, Vice-Chairman**

**ALEX KAVUMPURATH, USA, Secretary**
Mob: +15165039387, *aesthappan@yahoo.com*

**PRINCE PUNNOOSE, UK, Jt. Secretary**
Mob: +4478647004
*prince.punnose@gmail.com*

**LUKOSE MATHEW, India, Gen. Convenor**

*Finance Committee:*
**C. M. CYRIAC, India, Treasurer**

**LUKOSE PARET, USA**

**JOSEPH MULLAPPALLIL, USA**

*Media and Publicity:*
**MATHEW THERADY, U.S.A.**

**KIT GEORGE, India**

**SABU U.C, India**

**ANOOP SIMON, India**

**JOSE KALLIDUCKIL, USA**

*International Committee:*
**Adv. LUKOSE VADAKARA, India**

**SALES KALAYIL, USA**

**BIJU ALEXANDER, Australia**

**Mr. TOM KALAYIL, USA**

**Mr. JOSEPH PATHIYIL, USA**

**Mr. CYRIAC PARATHARA, USA**

**Dr. STEPHEN PAREL, India**


HOW WOULD YOU FEEL
WHEN YOU'RE EXPELLED
FROM YOUR COMMUNITY
LABELLED AS OUTCAST ?
STOP ENDOGAMY
BASED DISCRIMINATION.
BRING JUSTICE TO
KERALA KNANAYA CHURCHES.


IT IS EVIL
INHUMAN
AND
UNCHRISTIAN
IT IS RACIAL
DISCRIMINATION



**JOSE ALEXANDER (BIJU)**

Jose is a registered High School teacher in Australia, for the last9 years. Did PG diploma in education at the University of Adelaide (Australia)2011. Before that, a post-graduation from Loyola College, Madras. I worked for seven years in Kuwait before migrating to Australia. My wife Leena is Roman Catholic and I am from Arayangad parish in Kannur district of Kottayam diocese. I experienced discrimination from the knanaya community after coming to Australia. So I have a keen interest in ending these unethical practices in our community.

Both of my parents are originally from Thamarakkad Parish in Kottayam. Many of their relatives live there now. My house-name is Thekkenperumalil.



**JOHN MATHEW VAZHAPPALLIL** (KANA REPRESENTATIVE, NEWYORK)

I joined KANA because of the injustice from our church and community towards our children who married from outside. Although I married within the community, both my children married outside the community. My children were born, lived and nurtured in this community. All their friends are from the Knanaya community. Still, they are forced out of the community. Our parish priest told them that their families cannot be members of the church. It is hurtful to all of us and divisive in our families.

Why are we doing this to our children? Our priests and community leaders want to keep our so-called Jewish blood purity. But, are we 100% pure and endogamous? All evidence shows that we are a mixed community. Our Indian look and DNA test results showing 99 to 100% Indian DNA are evidence of a non-endogamous community. There are known cases of non-endogamous families who have membership in Knanaya parishes in Kerala.



**JOSEPH MULLAPPILLIL** (FOUNDER MEMBER OF KANA)

Joseph is one of the leaders of this resistance. He and his group have accomplished greate strides in our struggle and continue. Whatever communication we got from the Vatican is the hard work and dedication of him and his great group. Our resistance is based on these letters from the Vatican.

He completed his undergrad in St Thomas college Palai and Masters degree from Bombay in 1973. Worked as a teacher in St.Xaviors High School, Mumbai. He moved to Chicago in 1976,

He and his group started the reform movement in 1978. The Vatican condemned expulsion through endogamy, in Kottayam diocese.

He is a visionary and pledged to fight until justice prevails in Knanaya community.



**PRINCE PUNNOOSE** (FOUNDER MEMBER OF KRM)

Prince Punnoose, one of the founding members of Knanaya Reform, studied in a knanaya boarding school and college having good relationships with few priests, nuns from a very young age. Although Prince knew about the endogamy practice within the community he never felt quite right about the endogamy-based church expulsions (constructive expulsion in legal terms). Prince strongly believes church should be a place where everyone is welcomed, loved and taught of the teachings of Jesus.

Prince married his catholic (Non-knanaya) spouse and both his children baptized and happily lives in the UK. Although Prince is very happy to be out of a community who discriminates against other human beings based on their race, he has come across many families and children who are psychologically and emotionally affected by this discrimination. The only purpose for Prince to be part of the knanaya reform movement is to support those who are affected by this discriminatory practice and to educate our fellow members particularly youngsters by engaging in dialogues with them. **He believes** the **real knanaya mission be to make the world a better place for the generations to come. He believes our current Bishop and priests have a key role in reforming the church and want to support them in their efforts.**

Prince likes to be proud of his knanaya heritage and be part of a reformed knanaya catholic church that welcomes everyone with knanaya lineage, fit for the future and Christ being the center of everything they do.



**MATHEW THERADY** (MEMBER, KRM)

Therady is an arch supporter of the Knanaya Reform Movement. He believes that the definition of Knanya people based on blood purity or superiority is deception and this idea has taken a bunch of simple people for a ride.

He believes that the cornerstone of the community is a big lie, created by a bunch of leaders. That must change. He feels that his beloved community cheated him and denied his basic rights.

He supports the activities of KRM and The Global Knanya Reform Movement (GKRM) specifically.

He believes that the conference of Aug 31st, 2019 is the beginning of a renewed challenge to educate the community and counter the educated priests, with no contribution to the community, but rules with iron hands.

HE BELIVES THAT WE WILL PREVAIL AND REACH THE GOAL OF STOPPING THE EXPULSION FROM THE COMMUNITY AND STARTS ADOPTING THE ORPHANED CHILDREN OF GOD.

**Late O.M. UTHUP** (FOUNDER MEMBER)



O.M. Uthup (Koch) was born on 27th January 2018 as the first grand child of Oravanakalam Uthup and Chachi, child of Kunjootti and Mariamma. He had his primary education at S.H. School, kumarakom, Kottayam. As he was good at studies, he was sent to S.H. Mount, Kottayam for high school classes. His Excellency Mar Kuriakose Kunnassery, the first Arch Bishop of Kottayam was his classmate. Koch stayed in his maternal house. He passed the 6th form (Tenth Class) with first class. Inspite of the lack of resources, his studies continued in CMS College, Kottayam. Occassionally he had to walk all the way from Kumarakom to Kottayam. Later he joined SB College, Changanacherry for doing B.Sc. degree course in Mathematics. On graduation he got employed in Malankara Estate in Devalokam. Later worked as Village officer and then as a teacher. After a stint as a teacher in Shenkottai, Vandiperiyar and Chengannur, he did B.Ed. course in KE College Mannanam, Kottayam.

Uthup has a brother and five sisters. In 1956 he married Baby (Annamma) daughter of Chacko and Lilly Kodoth, Kuttoor, Thiruvalla. The betrothal and marriage were blessed at Little Flower church of the diocese of Kottayam at West Othara. Rev. Fr. Jacob Chakkacheril was the then Vicar. After years of teachin in Govt. High School, Kumarakom, he went abroad and continued the profession. He had a passion for the waters and water sports. He was a captain of a boat racing team.




Grace Offset, Makil Centre, Kottayam. Ph: +91 9349502207, 8281459017